2025 DECEMBER
VOL 24
ISSUE 12
PAGE 48
PRICE ₹50

# കയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## കൃതജ്ഞത

ക്രിസ്ത്യാനിയെ
സംബന്ധിച്ചുള്ള
ദൈവഹിതം.

(1 തെസലോനിക്കാ 5, 18)

JESUS YOUTH
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam





കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

# contents

08

10

13

15

17

20

22


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**
KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org

# letters

പള്ളിവാതുക്കൽ അച്ചനെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും വളർത്തച്ഛൻ എന്ന രീതിയിൽ ഈ ലേഖനം അച്ചനെക്കുറിച്ച് പറഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. വൈദികരുടെ സമർപ്പണ ജീവിതം യുവജനങ്ങൾക്ക് എങ്ങനെ ഉപകാരപ്രദമാകുന്നു എന്നതിന്റെ നല്ലൊരുദാഹരണമായി. ബോണി ചെല്ലാനം എഴുതിയ 'ദൈവമേ ഞങ്ങളെ ശല്യപ്പെടുത്തുക' എന്ന ലേഖനം ചെറുതെങ്കിലും നല്ല ആഴമുള്ള ഉൾക്കാഴ്ച നൽകി. കംഫർട്ട് സോണുകളിൽനിന്ന് പിടിവിട്ട് പുറത്തേക്കിറങ്ങുവാൻ പ്രേരണ നൽകുന്നു. ഈ ലേഖനത്തിന്റെ ചിത്രങ്ങളും ധ്യാനാത്മകമായ സന്ദേശം നൽകുന്നു. സുജമോൾ ജോസ് എഴുതിയ ഫാമിലി കഫേയിലെ ലേഖനം, അതിലെ ആളുകളുടെ അനുഭവം കേട്ടിട്ടുണ്ടെങ്കിലും ഇത്തരം ജീവിതാനുഭവങ്ങൾ ഇടയ്ക്കിടെ ഓർക്കുന്നതും ധ്യാനിക്കുന്നതും ജീവിതത്തിന് ഉപകരിക്കുന്നതാണെന്ന് മനസ്സിലായി. സഹനങ്ങൾ നമുക്ക് നൽകുന്ന ധൈര്യവും ബലവും പറഞ്ഞറിയിക്കാനാവാത്തതാണ്. അതോടൊപ്പം പഴമയും പുതുമയും സമന്വയിപ്പിക്കുന്നത് കലയാണ് എന്ന 'ഫ്രം ദി ഹാർട്ട്'-ലെ ലേഖനം നന്നായിരിക്കുന്നു. പഴമയും പുതുമയും ഒന്നിച്ചു പോകേണ്ടത് ഏതുകാലത്തും പ്രസക്തമായ ഒന്നാണ്. ലേഖനങ്ങളുടെ എഴുത്തുകാർക്കും മാസികയുടെ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

ടോണി ജോസഫ്, തുറവൂർ


26



28



30



32



40



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



The Nativity, oil on panel (before 1675 / 17th century) by Jacob Willemsz de Wet

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!"

ഈ ക്രിസ്മസിന് നിങ്ങളുടെ ഹൃദയത്തിലും ഭവനത്തിലും
ക്രിസ്തുവിന്റെ വെളിച്ചം പ്രകാശിക്കട്ടെ.

# JESUS YOUTH FULLTIMERS'
# **CHRIST JUBILEE**
(33RD BATCH)

# SILVER JUBILEE
(9TH BATCH)

# 2025



# ഫുൾടൈമേഴ്സിന്റെ കാവൽമാലാഖ

ജീസസ് യൂത്ത് ഫുൾടൈമേഴ്സ് പരിശീലന പരിപാടിയിലൂടെ ചെറുപ്പക്കാരെ ആത്മീയ ജീവിതത്തിലേക്കു മാത്രമല്ല, സമഗ്രമായ ജീവിതവളർച്ചയിലേക്കും പ്രതിബദ്ധതയോടെ കൈപിടിച്ചു വഴിനടത്തുന്ന ബേബിച്ചായൻ എന്ന ബേബി ചാക്കോയെ പരിചയപ്പെടുത്തുന്നു, ഡോ. ജിൻസി ഈ ലേഖനത്തിലൂടെ..



വളരെ പ്രസിദ്ധമായ 'കുത്തിനിർത്താവുന്ന തോർത്തിന്റെ' കഥപറഞ്ഞു ഒരു വൈകുന്നേരം ഇദ്ദേഹം ഫുൾടൈമേഴ്സിന്റെ മുന്നിലേയ്ക്ക് വരും, പിന്നീട് ഒരിക്കലും അവരുടെ ആരുടെയും മനസ്സിൽനിന്ന് ഇദ്ദേഹം പുറത്തേയ്ക്ക് പോയതായറിവില്ല. വീട്ടിലെ സൗകര്യങ്ങളിൽ നിന്നുമാറി കൂട്ടമായി താമസിക്കേണ്ടിവരുമ്പോൾ ശ്രദ്ധിക്കേണ്ടിവരുന്ന അടുക്കും ചിട്ടയും പേഴ്സണൽ ഹൈജീനും ഒക്കെ ഫലിതങ്ങളായാണ് ഇദ്ദേഹം അവതരിപ്പിക്കുന്നത്. ജീവിതഗന്ധിയായ അദ്ദേഹത്തിന്റെ ഈ ഉപമകളും കഥകളും ശ്രവിച്ചു പൊട്ടിച്ചിരികളും കൈയടികളും സദസ്സിൽ അലയടിക്കുന്നത് സാധാരണ സംഭവം മാത്രമാണ്. യൗവനാരംഭത്തിൽ സ്വയംപര്യാപ്തരായി മാറുന്ന വ്യക്തികൾക്ക്, എത്രത്തോളം പില്കാല വിജയസാധ്യതയുണ്ടെന്ന് അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ട് തന്റെ ശ്രദ്ധയിൽ വരുന്ന ഒരോ കാര്യവും വളരെ ലളിതമായ ഭാഷയിൽ അദ്ദേഹം നമ്മെ ബോധിപ്പിക്കും. മാറിനിന്നു നമ്മെ നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്ത് അദ്ദേഹത്തിന്റെ മസ്തിഷ്കത്തിലേയ്ക്ക് ഓരോരുത്തരെയും ആലേഖനം ചെയ്യും. മുറിവേൽപ്പിക്കാതെ തമാശരൂപേണ വിമർശിക്കുകയും തിരുത്തുകയും ചെയ്യും. ഒരോ ഫുൾടൈമറിനെയും വ്യക്തിപരമായി കേൾക്കുന്നതിനും അനുയാത്രചെയ്യുന്നതിനും പ്രത്യേക നൈപുണ്യമുള്ള ഈ വ്യക്തിയെ നമ്മൾ ബേബിച്ചായൻ എന്ന് വിളിക്കും.

ഒട്ടുമിക്കവരുടെയും കമ്മിറ്റ്മെന്റ് എടുക്കുന്ന ഇടങ്ങളിൽ ചെന്ന് അവരെ പ്രോത്സാഹിപ്പിക്കുകയും സമാശ്വസിപ്പിക്കയും പിന്തുണ അറിയിക്കുകയും ചെയ്യും. ഫോർമേഷൻ ടീമിന്റെ ഭാഗമായി ഒരു കുടുംബത്തെപോലെ ആശയവിനിമയം നടത്തുകയും ആഴമേറിയ ആത്മബന്ധം ഓരോരുത്തരുമായി സ്ഥാപിക്കുകയും ചെയ്തതിനാൽ അദ്ദേഹം എല്ലാവർക്കും എന്നും സ്വീകാര്യനാണ്. തന്റെ അറിവും അനുഭവജ്ഞാനവും വളർത്താൻ യുവജനങ്ങളുമായുള്ള സമ്പർക്കം സഹായിച്ചതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'ഫുൾടൈമർഷിപ്പ് കഴിഞ്ഞു ജോലിക്കോ ഉപരിപഠനത്തിനോ അവർ പോകുമ്പോൾ ബഹുമുഖ പ്രതിഭകളെപ്പോലെ അവർ പ്രശോഭിക്കുന്നതിനു കാരണം ജീവിത യാഥാർഥ്യങ്ങളുമായി അവർക്കുണ്ടാകുന്ന മുഖാമുഖ ദർശനങ്ങളാണ്. ദൈവവുമായി അഭേദ്യമായ ബന്ധമുള്ളതുകൊണ്ട് പുതിയ മേച്ചിൽപുറങ്ങളിൽ ദൈവത്തിനു വഴിയൊരുക്കാൻ മറ്റുള്ളവരെക്കാൾ മിടുക്ക് തനിക്കുണ്ടെന്ന തിരിച്ചറിവാണ് ലോകത്തിന്റെ ഏതുകോണിലും സുവിശേഷം പറയാൻ ഇവർക്ക് ഉണർവ് കിട്ടുന്നത്. അന്താരാഷ്ട്രതലത്തിലെ ജീസസ് യൂത്ത് പ്രവർത്തങ്ങളിൽ ഫുൾടൈമേഴ്സ് ആയിരുന്ന ഫോർ റണ്ണേഴ്സിന്റെ പങ്ക് ശ്ലാഘനീയമായ യാഥാർഥ്യമാണ്.

## ഏകാന്തതയില്ലാത്ത ഏകൻ

ഭാരമുള്ള ഒരു ബാഗ് എന്നെ ഏൽപിച്ചു ബേബിച്ചായൻ ചോദിച്ചു: "ഇതിവിടെ വയ്ക്കാമോ, എനിക്ക് കൊണ്ടുപോകാനുള്ള ബാഗുമായി സച്ചിനെ വഴിയിൽ വച്ച് കണ്ടുമുട്ടും, പിന്നീട് എപ്പോഴെങ്കിലും ഈ ബാഗ് തിരികെ എടുത്തുകൊണ്ടുപോയ്ക്കോളും." കഴിഞ്ഞ വർഷം എറണാകുളം സോണിലെ സച്ചിന്റെ പേഴ്സണൽ ലൈബ്രറിയിൽ നിന്ന് വായിക്കാനെടുത്ത പുസ്തകങ്ങളാണ് എന്നെ ഏൽപിച്ചിരിക്കുന്നത്. അടുത്ത ഒരു കൂട്ടം ബുക്കുകളുമായി അദ്ദേഹം തിരിച്ചുപോയി. ഒരു തികഞ്ഞ വായനാശീലക്കാരനാണ് ഇദ്ദേഹമെന്ന് അലങ്കാരമില്ലാതെ സ്ഥാപിക്കാൻ ഈ ഉദാഹരണം ഉപകരിക്കുമല്ലോ. പണ്ട് 1976ൽ ബോംബെയിൽ ജോലിചെയ്യുന്ന സമയത്ത് സഹോദരി ആലീസ് കുട്ടിയുടെ നിർദേശപ്രകാരം ഫാ. ഫിയോ മസ്കരനാസിനെ സന്ദർശിച്ചപ്പോൾ അദ്ദേഹം ഒരു റാലിയിലേയ്ക്ക് ക്ഷണിച്ചു. അവിടെയെത്തിയപ്പോൾ റാലി ഒരു പ്രോഗ്രാം പോലെ ആണെന്ന് മനസ്സിലായി. പുറകിലിരുന്ന് പ്രഭാഷണം ശ്രവിക്കുന്നതിനിടയിൽ അവിടെ നിരത്തിയിരുന്ന ബുക്കുകൾ കണ്ണിലുടക്കി. കൈയിലൊതുങ്ങിയ കുറച്ചു പുസ്തകങ്ങൾ വാങ്ങി വീട്ടിലേയ്ക്കു മടങ്ങി. സഹോദരി പ്രൊഫസർ സി.സി. ആലീസ്കുട്ടിയും സംഘവും തൃശൂർ സെന്റ് മേരീസ് കോളേജിൽ അദ്ദേഹത്തിന് മധ്യസ്ഥ പ്രാർഥന നടത്തുന്നസമയം. എല്ലാദിവസവും വിശുദ്ധ കുർബാനയ്ക്കു ദേവാലയത്തിൽ പോകുമ്പോൾ അൽപം നേരത്തെപോയി പള്ളയിൽ വെറുതെ ഇരിക്കും, ചിലപ്പോൾ ദിവാസ്വപ്നങ്ങൾ കാണും. ബേബിച്ചായൻ അന്ന് വാങ്ങിയ പുസ്തകങ്ങൾ എന്നും കൈയിലെടുക്കുമായിരുന്നു. ഒരു ദിവസം ആ കൂട്ടത്തിൽ നിന്നു ബൈബിളെടുത്തു പുതിയ നിയമം വായിക്കാൻതുടങ്ങി, മത്തായി 1, 2, 3.. ബൈബിളിലെ എഴുത്തിന്റെ രീതി, ഭാഷാപ്രയോഗം ഒക്കെ ഇഷ്ടപ്പെട്ടു. പയ്യെ പയ്യെ സുവിശേഷങ്ങൾ മുഴുവൻ വായിച്ചു. ബൈബിളിൽ എടുത്തുപറയുന്ന ശാരീരിക സൗഖ്യത്തിനെയും ദൈവിക കൃപകളെക്കുറിച്ചും ഫാ. ഫിയോ എഴുതിയ ലേഖനങ്ങൾ അദ്ദേഹത്തെ ഗാഢമായി ചിന്തിപ്പിച്ചു.

തന്റെ അറിവും അനുഭവജ്ഞാനവും വളർത്താൻ യുവജനങ്ങളുമായുള്ള സമ്പർക്കം സഹായിച്ചതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ജോലിസംബന്ധമായി പലയിടങ്ങളിൽ മാറി താമസിക്കുമ്പോൾ ഭക്ഷണകാര്യങ്ങൾ അദ്ദേഹത്തിന് അസ്വസ്ഥത ഉണ്ടാക്കുന്നതും ശാരീരികമായി ക്ഷീണം അനുഭവിക്കുന്നതും അദ്ദേഹത്തിനൊരു ബുദ്ധിമുട്ടും ആശങ്കയുമായിരുന്നു. മൂന്ന് വയസ്സ് പ്രായമുള്ളപ്പോൾ ശ്വാസനാളത്തിൽ ഭക്ഷണം കുടുങ്ങി സർജറി ചെയ്യേണ്ടിവന്നതിന്റെ ബാക്കിപത്രമായി ശാരീരിക ക്ലേശം ദിനംപ്രതി വർധിച്ചിരുന്നു. ശാരീരിക സൗഖ്യത്തിനായി പ്രാർഥിക്കുമ്പോൾ നമ്മെ വേദനിപ്പിച്ചവരോട് നിരുപാധികവും ഹൃദയപൂർവകവും ക്ഷമിക്കേണ്ടതുണ്ടെന്നു ഫാ. ഫിയോയുടെ ലേഖനത്തിൽ ഊന്നിപ്പറഞ്ഞതു അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ ചിന്തിച്ചു നോക്കിയപ്പോൾ തന്റെ പിതാവുമായുള്ള ബന്ധത്തെ ചുറ്റിപ്പറ്റി ചില ഓർമകൾ മനസ്സിൽ മായാതെ കിടക്കുന്നുണ്ടായിരുന്നു. 'എന്നെ സുഖപ്പെടുത്താൻ മറ്റൊരു മാർഗവുമില്ലെങ്കിൽ ഞാൻ എന്റെ പിതാവിനോട് ഹൃദയംകൊണ്ട് ക്ഷമിക്കുന്നു' എന്ന് ഏറ്റുപറഞ്ഞ മാത്രയിൽ അദ്ദേഹത്തിന്റെ ആന്തരിക സൗഖ്യം ആരംഭിച്ചു. തുടർന്ന്

അവിടത്തെ പള്ളിയിലെ ഇംഗ്ലീഷ് പ്രയർ മീറ്റിംഗിൽ പോയി പിന്നീടങ്ങോട്ട് യേശുക്രിസ്തുമായി സ്നേഹത്തിൽ ഐക്യപ്പെട്ടു. അഭൗമികമായ സമാധാനവും ശാന്തിയും അദ്ദേഹം ദൈവവുമായുള്ള ബന്ധത്തിൽ കണ്ടെത്തി. പുതുതായി ഇറങ്ങുന്ന എല്ലാ ആത്മീയപുസ്തകങ്ങളും ആ പള്ളിയിലെ കരിസ്മാറ്റിക് ലൈബ്രറിയിൽ ഉണ്ടായിരുന്നു. ഇംഗ്ലീഷ് പ്രയർ മീറ്റിംഗിൽ പോയിരുന്ന ആ രണ്ടുവർഷംകൊണ്ട് അവിടെയുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം ആർത്തിയോടെ വായിച്ചുതീർത്തു. ഇപ്പോഴും അനന്തമായ വായനയിലൂടെ ഏതു മരുഭൂമിയിലും ഏകാന്തതയില്ലാതെ ഈ മനുഷ്യൻ അതിജീവിക്കും.

## ഒരു തീർഥാടക ഹൃദയം

ബേബിച്ചായനെ സംബന്ധിച്ചിടത്തോളം ദൈവത്തിലേക്കുള്ള പ്രയാണം ഒരു തീർഥാടനമാണ്. അവിടന്നാണെന്റെ ആവേശം, അതിനാൽ എനിക്ക് മടുപ്പ് അനുഭവപ്പെടില്ല എന്നാണ് അദ്ദേഹം പറയുക. ദൈവവുമായി ഗാഢമായ ബന്ധത്തിലായ ഈ മനുഷ്യന്റെ പ്രചോദനം ദൈവമനുഷ്യ ബന്ധത്തിന്റെ മനോഹാരിത വ്യക്തമാക്കുന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകളാണ്. 'നിന്നിൽ വിശ്രമിക്കുന്നതുവരെ ഞാൻ അസ്വസ്ഥനാണ്.' ജോലിക്കുവേണ്ടി ആസാമിലേയ്ക്ക് സ്ഥലമാറ്റം കിട്ടിയപ്പോൾ എയർഫോഴ്സ് ക്യാമ്പസിലുള്ള പള്ളിയിൽ കുട്ടികളെ വേദപാഠം പഠിപ്പിക്കാൻ ആരംഭിച്ചു. തുടർന്ന് മാതാപിതാക്കൾക്കുവേണ്ടി പ്രാർഥനാ ഗ്രൂപ്പുകൾ ആദ്യം ഇംഗ്ലീഷിലും പിന്നീട് മലയാളത്തിലും തുടങ്ങി.

**ശാരീരിക സൗഖ്യത്തിനായി പ്രാർഥിക്കുമ്പോൾ നമ്മെ വേദനിപ്പിച്ചവരോട് നിരുപാധികവും ഹൃദയപൂർവകവും ക്ഷമിക്കേണ്ടതുണ്ടെന്നു ഫാ. ഫിയോയുടെ ലേഖനത്തിൽ ഊന്നിപ്പറഞ്ഞതു അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.**

'84ൽ ജോലിയിൽനിന്നു വിരമിച്ചു കേരളത്തിൽ മടങ്ങി വന്ന് '85ലെ കോൺഫറൻസിനു വേണ്ടി സഹായിച്ചു തുടങ്ങി. '86 മുതൽ '93 വരെ എമ്മാവൂസിൽ കേരള കരിസ്മാറ്റിക് ഓഫീസ് ഡയറക്ടർ. ബേബിച്ചായൻ വിളമ്പിയ കഞ്ഞിയും പയറും കഴിച്ച ഒരോരുത്തരും പറയും നവീകരണത്തിന്റെയും എമ്മാവൂസിന്റെയും വളർച്ചയ്ക്ക് അദ്ദേഹം വഹിച്ച പങ്ക്. അതിനിടയിൽ '92ൽ ഫുൾടൈമേഴ്സ് പ്രൊജക്റ്റ് ആരംഭിച്ചതു മുതൽ അതുമായി അദ്ദേഹം ഇടപഴകി തുടങ്ങി. ഫുൾടൈമെർഷിപ്പിന് ഇറങ്ങുന്ന ചെറുപ്പക്കാർ നിസ്സാരക്കാരല്ലെന്നും തീക്ഷ്ണമതികളായ ധീരരാണ് ഇവരെന്നും അദ്ദേഹം മനസ്സിലാക്കി. അവരെ കേൾക്കുന്ന ഓരോനിമിഷവും അദ്ദേഹത്തിന്റെ ഹൃദയം സ്നേഹത്താൽ ജ്വലിക്കുകയും അവരെയൊക്കെ ദൈവം തന്ന കുടുംബാംഗങ്ങളായി സ്വീകരിക്കുകയും ചെയ്തു. ഫുൾടൈമേഴ്സുമായി ഇടപെടുമ്പോൾ ഒരു പുതിയ പുസ്തകം വായിക്കുംപോലെ എന്റെ മനസ്സ് അറിവുകൊണ്ട് നിറഞ്ഞു എന്നാണദ്ദേഹം പറഞ്ഞത്.

ഈ നാളുകളിൽ നവീകരണ പ്രവർത്തനങ്ങളിൽ നിന്നു ഭാഗികമായി വിരമിച്ചു സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴും ജീസസ് യൂത്ത് പ്രവർത്തനങ്ങളിലും ഫുൾടൈമേഴ്സിനും വേണ്ടി അദ്ദേഹം ഇപ്പോഴും വിളിപ്പുറത്തുണ്ട്. ഒരു കൃഷിക്കാരനെപ്പോലെ തൂമ്പയെടുത്ത് പറമ്പിൽ കിളയ്ക്കാനും, കറന്റ് പോയാൽ ആ ലൈൻ നന്നാക്കാനും മോട്ടോർ കേടായാൽ റിപ്പയർ ചെയ്യണോ അതിനും തയാറായി എഴുപതുകഴിഞ്ഞ ഈ 'യുവാവ്" ചുറുചുറുക്കോടെ ഓടുന്നു. അക്ഷരാർഥത്തിൽ അദ്ദേഹം ഒരു ഫുൾടൈമർ ആണെന്ന് തോന്നും – എല്ലാവർഷവും കമ്മിറ്റ്മെന്റ് എടുക്കുന്ന ഫുൾടൈമെർ! ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും, അത് വലുതോ ചെറുതോ ആകട്ടെ അതെല്ലാം ഈ തീർഥാടനത്തിന്റെ ഭാഗമായി കരുതാൻ സാധിക്കുന്നതാണ് അദ്ദേഹത്തിന്റെ മഹത്ത്വം.

## പച്ചയായ മനുഷ്യൻ


ബേബിച്ചായൻ എന്തുകൊണ്ട് ഒരു വിവാഹം കഴിച്ചില്ല എന്ന് ചോദിച്ചാൽ അദ്ദേഹം പറയും, "എനിക്കിപ്പോഴും ചില കാര്യങ്ങളെക്കുറിച്ചു വ്യക്തത കിട്ടിയിട്ടില്ല. കൃത്യമായി ധാരണയില്ലാതെ ഞാനൊന്നും ചെയ്യാറില്ല." പക്ഷേ, ഞാൻ ഒറ്റയ്ക്കാണെന്നോ ആരുമില്ലെന്നോ എനിക്കൊരിക്കലും തോന്നിയിട്ടില്ല; എന്നെവിളിക്കുകയും സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നവരെ സമ്പാദിച്ചത് എന്റെ നവീകരണ ജീവിതത്തിൽ നിന്നാണ്. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നെപ്രതിയും സുവിശേഷത്തെപ്രതിയും ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ മാതാവിനെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്നവരിലാർക്കും ഇവിടെവച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കയില്ല" (മർക്കോസ് 10, 29).

മനുഷ്യബന്ധങ്ങളെക്കാളും സുഖസൗകര്യങ്ങളെക്കാളും ഉപരിയായ ആനന്ദം ദൈവത്തിൽ നിന്നേ ലഭിക്കുകയുള്ളു. എന്റെ ദൈവത്തെക്കാളുപരി എന്നെ സംതൃപ്തിപ്പെടുത്തിയ മറ്റാരുമില്ല. എന്നെപ്പറ്റി ശ്രദ്ധാലുവായ എന്റെ ദൈവം എല്ലാം നന്മക്കായി പരിണമിപ്പിക്കുന്നു. അതുപോലെ ഞാനും എന്റെ ദൈവത്തെയല്ലാതെ മറ്റൊന്നും ശ്രദ്ധിക്കാറില്ല. അദ്ദേഹത്തിന്റെ ഭാഷയിൽ, അറുപത് കഴിഞ്ഞാൽ എന്റെ ഓട്ടം പൂർത്തിയാക്കിയെന്ന് പൗലോസ് ശ്ലീഹായെപ്പോലെ നമുക്ക് നിർവൃതിയോടെ പറയാൻ കഴിയണം, അതല്ലെങ്കിൽ നമ്മളെന്തോ കൈവശം വച്ചിരിക്കുന്നപോലെയാകാം; അങ്ങനെയെങ്കിൽ ഭോഷാ നിന്റെ ആത്മാവിനെ ഇന്ന് ഞാൻ തിരികെയെടുത്താലോ എന്ന് ദൈവം നമ്മോട് ചോദിച്ചാൽ പണിപാളും. ഒരിക്കൽ ഡൊമിനിക്ക് സാവിയോ പന്തുകളിച്ചുകൊണ്ടിരിക്കുമ്പോൾ സുപ്പീരിയർ ചോദിച്ചുവത്രേ, നിനക്ക് മരിക്കാൻ 15 മിനിറ്റേ ബാക്കിയുള്ളുവെങ്കിൽ നീ എന്തായിരിക്കും ചെയ്യുക, ഞാൻ എന്റെ പന്തുകളി തുടരുമെന്നു വിശുദ്ധൻ ആത്മവിശ്വാസത്തോടെ തിരിച്ചു പറഞ്ഞതാണ് ഇദ്ദേഹത്തിന്റെ ആപ്തവാക്യം. എന്നും കിടക്കാൻ പോകുന്നതിനുമുമ്പ് കർത്താവിനോട് ഗുഡ്നൈറ്റ് പറയുമ്പോൾ ബേബിച്ചായൻ ഇതുകൂടി പറയാൻ മറക്കില്ല. ഗുഡ്മോർണിംഗ് ഒന്നുകിൽ ഇവിടന്നു പറയാം അല്ലെങ്കിൽ സ്വർഗത്തിൽ വച്ച്. മിസ്സർ ബേബി



**മനുഷ്യബന്ധങ്ങളെക്കാളും സുഖസൗകര്യങ്ങളെക്കാളും ഉപരിയായ ആനന്ദം ദൈവത്തിൽ നിന്നേ ലഭിക്കുകയുള്ളു. എന്റെ ദൈവത്തേക്കാളുപരി എന്നെ സംതൃപ്തിപ്പെടുത്തിയ മറ്റാരുമില്ല.**

---



ചാക്കോയെ സർവരുടേയും ബേബിച്ചായനാക്കുന്നതിന് കാരണവും ഈ ലാഘവസ്വഭാവമാണ്. ആർക്കും സമീപസ്ഥനായ ഈ പച്ചയായ മനുഷ്യൻ ഒരു തികഞ്ഞ ജ്ഞാനിയും കപടതയില്ലാത്ത ഹൃദയത്തിനുടമയുമാണ്. ചെയ്യാനുള്ളത് തീർച്ചയായും സമയത്തു തന്നെ ചെയ്തു നിശ്ശബ്ദമായി അദ്ദേഹം നടന്നു നീങ്ങുന്നു.

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്" കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

# സുഗന്ധമുള്ള ബന്ധങ്ങൾ

ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം നമ്മെ എത്രമാത്രം ബലപ്പെടുത്തുമെന്നും സൗഹൃദങ്ങൾ എങ്ങനെ ഊഷ്മളമാകുമെന്നും അനുഭവിച്ചുതന്നെ അറിയണം.

"അങ്ങയുടെ കാരുണ്യം ആകാശത്തോളവും അങ്ങയുടെ വിശ്വസ്തത മേഘങ്ങളോളവും വലുതാണ്" (സങ്കീ 57, 10). എന്റെ ജീവിതത്തിൽ ഈ വചനം വളരെ അർഥവത്താണ്. ഫുൾടൈമർഷിപ്പിൽ എനിക്കുണ്ടായിരുന്ന വിശ്വസ്തതയും തീക്ഷ്ണതയും കുറച്ചു വർഷങ്ങൾ കൂടി എന്റെ ജീസസ് യൂത്ത് ജീവിതത്തെ ആളിക്കത്തിച്ചെങ്കിലും പിന്നീട് പതുക്കെ പതുക്കെ അത് ഗണ്യമായി കുറയുകയും ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ അത് പലപ്പോഴും നഷ്ടമാവുകയും ചെയ്തു. പക്ഷേ, കർത്താവിന്റെ സ്നേഹവും കാരുണ്യവും വിശ്വസ്തതയും ഒരിക്കലും കുറയുകയില്ലല്ലോ. ഫുൾടൈമർഷിപ് എന്ന മധുവിധുകാലം കഴിഞ്ഞുള്ള എന്റെ ജീവിതത്തിലെ ചില നുറുങ്ങുകൾ ഇവിടെ പങ്കുവയ്ക്കുന്നു.

ഈ സംഭവം നടക്കുമ്പോൾ ഫുൾടൈമർഷിപ്പ് കാലം കഴിഞ്ഞ് ഏതാണ്ട് 22 വർഷങ്ങൾ പിന്നിട്ടു. എന്റെ മോൾക്ക് വളരെ ഗുരുതരമായ ഒരു രോഗമാണെന്ന് ഡോക്ടർമാർ സംശയം പ്രകടിപ്പിച്ചു. ആ സമയത്തു അവൾക്കു ഒരു സർജറി കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളു. എനിക്കിത് വലിയ സങ്കടത്തിന്റെ നാളുകളായിരുന്നു. ഞങ്ങൾക്കുവേണ്ടി ഒത്തിരിപ്പേർ പ്രത്യേകിച്ചു ജീസസ്‌യൂത്ത് സുഹൃത്തുക്കൾ പ്രാർഥിച്ചു. എന്നെ പിന്തുണ

ച്ചവരിൽ എന്റെ ഫുൾടൈമേഴ്സ് ബാച്ച് മുന്നിലുണ്ടായിരുന്നു. ഇതറിഞ്ഞപ്പോൾത്തന്നെ എന്റെ ബാച്ച് മേറ്റ്സ് കൂട്ടമായും ഒറ്റക്കും ജപമാല ചൊല്ലിയും ത്യാഗം ചെയ്തും പ്രാർഥിച്ചു. കൂടാതെ അവരുടെ ബന്ധുക്കളും സുഹൃത്തുക്കളുംവഴി എനിക്ക് പ്രാർഥന സഹായം നൽകിക്കൊണ്ടിരുന്നു. ഞങ്ങളുടെ ബാച്ചിലെ വൈദികരായ സുഹൃത്തുക്കൾ വിശുദ്ധ കുർബാന അർപ്പിച്ചു എന്റെ മോൾക്കുവേണ്ടി പ്രാർഥിച്ചു. വൈദികർ വിശുദ്ധ കുർബാനയിൽ പ്രാർഥിക്കുന്നുണ്ടെന്ന അറിവുതന്നെ എനിക്ക് ഒത്തിരി ആശ്വാസവും ധൈര്യവും നൽകി. കുറച്ചു ദിവസങ്ങൾക്കുള്ളിൽ രോഗനിർണയത്തിനായുള്ള മോളുടെ എല്ലാ പരിശോധനാഫലങ്ങളും നെഗറ്റീവ് ആണെന്ന് അറിയുകയും അവൾക്കു ഒരു തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും ഇല്ലെന്നു സ്ഥിരീകരിക്കുകയും ചെയ്തു. മാതാവിന്റെ മധ്യസ്ഥതയിൽ ഈശോ ഞങ്ങളുടെ ജീവിതത്തിൽ ചെയ്തു തന്ന വലിയ അത്ഭുതം ആയിരുന്നു അത്.

ഈ സന്തോഷവാർത്ത അറിഞ്ഞപ്പോൾ എന്റെ ചില ബാച്ച്മേറ്റ്സ് എന്നെ വിളിച്ചിട്ടു പറഞ്ഞത്, 'അവരുടെ നെഞ്ചിലെ ഒരു വലിയ ഭാരം ഇറങ്ങിപ്പോയെന്നാണ്.' ഇപ്പോൾ ഇത് എഴുതിക്കൊണ്ടിരിക്കുമ്പോഴും എന്റെ കണ്ണ് നിറഞ്ഞിട്ടുണ്ട്. 2001 മേയ് മാസത്തിലായിരുന്നു കമ്മിറ്റ്മെന്റ് പീരിയഡ് കഴിഞ്ഞിട്ടുള്ള ഞങ്ങളുടെ അവസാന ഒരുമിച്ചു കൂടൽ നടന്നത്. പിന്നീട് ഇപ്പോൾ 25 വർഷം ആകുമ്പോഴും ഞങ്ങൾ 52 പേരിൽ പകുതിയിലേറെപ്പേരെ ഞാൻ ആ ഒത്തുചേരലിനുശേഷം ഒരിക്കൽ പോലും കണ്ടിട്ടില്ല എന്നതാണ് സത്യം. എന്നിട്ടും എന്റെ നെഞ്ചിലെ ഭാരവും വേദനയും അവരുടേതാകാൻ 25 നിമിഷങ്ങൾ പോലും എടുത്തില്ല എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. എന്റെ വേറൊരു ബാച്ച്മേറ്റ് പറഞ്ഞത് അദ്ദേഹത്തിന്റെ ഭാര്യ പഠിപ്പിക്കുന്ന ഒന്നാം ക്ലാസ്സിലെ കുഞ്ഞുങ്ങൾ ഒരുമിച്ചു എഴുന്നേറ്റു നിന്നു അവരുടെ പഠന സമയത്തു എന്റെ മോൾക്കുവേണ്ടി പ്രാർഥിച്ചു എന്നാണ്. പറഞ്ഞാലും പറഞ്ഞാലും തീരാത്ത കഥകൾ എന്റെ ഫുൾടൈമേഴ്സ് ബാച്ച് മേറ്റ്സിനെക്കുറിച്ചു ഈയൊരു സംഭവത്തിൽ തന്നെ എനിക്ക് പറയാനുണ്ട്. ഈ നടന്ന കഥയുടെ ഗുണപാഠം ഞാൻ പറയാതെ തന്നെ വരികൾക്കിടയിലൂടെ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകുമല്ലോ.

ഒത്തിരി വർഷങ്ങൾക്കു മുമ്പുള്ള ഒരു സംഭവമാണിത്. ഫുൾടൈമർഷിപ്പ് കഴിഞ്ഞ് തിരിച്ചു വന്ന കാലം. ഉപരിപഠനത്തിനായി പോകാൻ വീട്ടിൽ കുറച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ആ സമയത്ത് എന്നെ കാണാൻ എന്റെ ഒരു ബാച്ച്മേറ്റ് വീട്ടിൽ വന്നു. സംസാരവും ഭക്ഷണവും തമാശകളും ഒക്കെയായി ഒരു പകൽ മുഴുവൻ ആ സുഹൃത്ത് എന്റെ വീട്ടിൽ ചെലവഴിച്ചു. പോകുന്നതിനു മുമ്പ് കൈയിലുള്ള സ്വർണ മോതിരം ഊരി തന്നിട്ട് 'നിന്റെ കാര്യങ്ങൾ നടക്കട്ടെ' എന്നു പറഞ്ഞു. അന്ന് ഞങ്ങൾ ബാച്ച്മേറ്റ്സ് ആരും സ്വന്തമായി ഒരു വരുമാന മാർഗം ഉള്ളവരായിരുന്നില്ല എന്നതാണ് മറ്റൊരു സത്യം. 24 വർഷങ്ങൾക്കിപ്പുറവും ഞാൻ അതിന്റെ വില തിരിച്ചു കൊടുത്തിട്ടില്ല. പകരം ഞാനും ആ സുഹൃത്തും പല പ്രാവശ്യം വഴക്കിട്ടിട്ടുണ്ട്, പിണങ്ങിയിട്ടുണ്ട്, പരിഭവങ്ങൾ പറഞ്ഞിട്ടുണ്ട്, പിന്നെയും സ്നേഹിച്ചിട്ടുണ്ട്. ഇത് എന്റെ ജീവിതത്തിലെ ഒരു ഒറ്റപ്പെട്ട സംഭവമല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ എന്റെ ചില ബാച്ച്മേറ്റ്സ് എന്നെ സഹായിച്ചിട്ടുണ്ട്. ആകാശത്തോളം ഉയരുന്ന കർത്താവിന്റെ കാരുണ്യവും ചേർത്തുപിടിക്കലുകളും എന്റെ ഫുൾടൈമർ സുഹൃത്തുക്കളിലൂടെ അറിയാനും അനുഭവിക്കാനും പലതവണ ഇടയായിട്ടുണ്ട്.

രോഗനിർണയത്തിനായുള്ള മോളുടെ എല്ലാ പരിശോധനാഫലങ്ങളും നെഗറ്റീവ് ആണെന്ന് അറിയുകയും അവൾക്കു ഒരു തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും ഇല്ലെന്നു സ്ഥിരീകരിക്കുകയും ചെയ്തു.

എന്റെ രണ്ടു ബാച്ച്മേറ്റ്സിനെ 24 വർഷങ്ങൾക്കുശേഷം കോഴിക്കോടു വച്ചും മറ്റു രണ്ടു പേരെ കാസർഗോഡു വച്ചും കഴിഞ്ഞവർഷം വീണ്ടും കാണാനിടയായി. ഒത്തിരി വർഷങ്ങൾക്കുശേഷം പരസ്പരം കണ്ടുമുട്ടിയപ്പോൾ നീണ്ട കാലയളവിന്റെ അപരിചിതത്വം ഞങ്ങളുടെ ഇടയിൽ ലവലേശം ഉണ്ടായിരുന്നില്ല. സ്നേഹവും സൗഹൃദവും സ്വാതന്ത്ര്യവും കൂടിയതേയുള്ളൂ. നീണ്ട വർഷങ്ങളിലെ ജീവിത പരിണാമ കഥകൾ ഒരു രാത്രി കൊണ്ട് എങ്ങനെ പറഞ്ഞു തീർക്കാനാവും? ആ സങ്കടം തീർക്കാൻ ഞങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിച്ചു. തട്ടുകടയിൽ നിന്ന് ചായ കുടിച്ചു. ഒരുമിച്ച് കുർബാനയ്ക്ക് പോയി. പിന്നെ കുറേ നേരം സൊറ പറഞ്ഞിരുന്നു.

ഫുൾടൈമർഷിപ്പ് കാലയളവിൽ മണിപ്പൂരിലെ മറാമിൽ ജാസ്മിനും ഞാനും ഒരുമിച്ചായിരുന്നു. ഈശോയുടെ സ്നേഹവും സാന്ത്വനവും പിന്നെ ഇല്ലായ്മകളും വല്ലായ്മകളും ഞങ്ങൾ സന്തോഷത്തോടെ പങ്കുവച്ചു. മനസ്സിലാക്കാനും അംഗീകരിക്കാനും ജാസ്മിൻ എന്നും മുന്നിലായിരുന്നു. കാലത്തിന്റെ സ്വാഭാവികമായ ഒഴുക്കിൽ കുടുംബവും ജോലിയും ഒക്കെയായി താമസം അതിർത്തികൾ കടന്നപ്പോൾ സമ്പർക്കങ്ങൾ കുറഞ്ഞു പോയിട്ടുണ്ട്. പക്ഷേ, 25 വർഷങ്ങൾ കഴിഞ്ഞ് തിരിഞ്ഞു നോക്കുമ്പോൾ സ്നേഹം കൂടിയിട്ടേയുള്ളൂ. ഭാരപ്പെടുത്താത്ത സൗഹൃദവുമായി മനസ്സിലാക്കാനും അംഗീകരിക്കാനും അന്നത്തെപ്പോലെ ജാസ്മിൻ തന്നെ ഇന്നും മുന്നിൽ. ഫുൾടൈമർഷിപ്പിൽ ഈശോ തന്ന മറ്റൊരു സമ്മാനം.

ഇതിൽ എഴുതിയിരിക്കുന്നതിനേക്കാൾ ഹൃദയം തൊടുന്ന അനുഭവങ്ങൾ എനിക്ക് ഇനിയുമുണ്ട്. ചില കാര്യങ്ങൾ അങ്ങനെയാണല്ലോ, പറഞ്ഞാലും പറഞ്ഞാലും തീരില്ല. മറ്റു ചിലത് പറയാനേ കഴിയില്ല. അത് ഹൃദയതാളുകളിൽ ഇങ്ങനെ പറ്റിപ്പിടിച്ചിരിക്കും. ജീവിതത്തിന്റെ സന്തോഷങ്ങളിലും സങ്കടങ്ങളിലും ആവശ്യങ്ങളിലും ഞങ്ങൾ ബാച്ച് മേറ്റ്സ് ഇപ്പോഴും പരസ്പരം കാണിക്കുന്ന സ്നേഹവും ഇടപെടലുകളും കണ്ടപ്പോൾ എന്റെ അനിയത്തി ഈ അടുത്തകാലത്ത് എന്നോട് പറഞ്ഞു, 'ഇപ്പോഴാണ് ഫുൾടൈമർ ആകാത്തതിന്റെ ഒരു നഷ്ടം തോന്നുന്നത്" എന്ന്. ഞങ്ങളിൽ ഒരാൾ കോവിഡ് കാലത്ത് പെട്ടെന്നുണ്ടായ ഒരു വാഹനാപകടത്തിൽ ഈശോയുടെ അടുത്തേക്ക് പോയി. ഞങ്ങളിൽ ഒട്ടുമിക്കവരും പരസ്പരം കാണാറേയില്ല. എപ്പോഴും പരസ്പരം വിശേഷങ്ങൾ അറിയാനും കഴിഞ്ഞിട്ടില്ല. പക്ഷേ, ഒന്നു സ്വരം കേട്ടാൽ, പരസ്പരം ഒന്ന് കണ്ടാൽ, സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ഒരു കടൽ തന്നെ ഹൃദയത്തിലേക്ക് ഇരച്ചു കയറുന്നത് ഞങ്ങൾ അനുഭവിക്കുന്നു. 25 വർഷങ്ങൾക്കുമുമ്പ് ഈശോയുടെ ഒരു കൊച്ചു മിഷണറി ആകാൻ ധീരമായ ഒരു കുഞ്ഞു ചുവടുവച്ചതിന് ഞങ്ങൾ ഇന്നും അനുഗ്രഹങ്ങൾ അതിന്റെ പലിശ സഹിതം സ്വീകരിക്കുന്നു. അത് തുടർന്നുകൊണ്ടേയിരിക്കും.


ഞങ്ങളുടെ ബാച്ചിലെ ഏറ്റവും വലിയ സ്നേഹിതനെക്കുറിച്ചും അവനോടുള്ള ഞങ്ങളുടെ അടങ്ങാത്ത സൗഹൃദത്തെ കുറിച്ചും പറയാതെ ഈ എഴുത്ത് അവസാനിപ്പിക്കാൻ ആവില്ലല്ലോ. വിശുദ്ധ കുർബാനയിൽ ഈശോയുമായുള്ള സൗഹൃദത്തിന്റെ മാധുര്യവും കയ്പ്പും ഞങ്ങളുടെ ഫുൾടൈമർഷിപ്പിലൂടെ ആഴപ്പെട്ടിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം വളരെ കുട്ടിക്കാലം മുതൽ തന്നെ അനുദിന ദിവ്യബലി എന്റെ ജീവിതത്തിന്റെ

ഭാഗമായിരുന്നു. ജീസസ് യൂത്ത് പരിശീലന വേദികൾ അനുദിന ദിവ്യകാരുണ്യം പിന്നെയും പ്രോത്സാഹിപ്പിച്ചു. ഫുൾടൈമർഷിപ്പ് കാലത്ത് 'മറാം കുള്ളൻ' എന്ന ഗ്രാമത്തിൽ ആയിരുന്നു ഞങ്ങൾ പ്രവർത്തിച്ചിരുന്നത്. അവിടെ അക്കാലത്ത് ഞായറാഴ്ചയിൽ മാത്രമേ കുർബാന ഉണ്ടായിരുന്നുള്ളൂ. നവംബർ മാസത്തിലാണ് ജാസ്മിനും ഞാനും കൂടെ ആലോചിക്കുന്നത് ഡിസംബർ മാസത്തെ നോമ്പ് കാലത്ത് നമുക്ക് എന്നും വിശുദ്ധ കുർബാനയിൽ പങ്കെടുത്താലോ എന്ന്. ഞങ്ങൾ ആലോചിക്കും മുമ്പേ ആ തീരുമാനത്തെ ഈശോ അനുഗ്രഹിച്ചിരുന്നു. തണുപ്പുള്ള ആ ഡിസംബർ മാസത്തിലെ ഒന്നാം തീയതി മുതൽ വലിയ മലകൾ ഇറങ്ങി മറാം സെന്ററിലെ ഡോൺബോസ്കോ വൈദികരുടെ ദേവാലയത്തിൽ ഞങ്ങൾ ദിവ്യബലിക്കായി വരാൻ തുടങ്ങി. വെളുപ്പിനെ മലയിറങ്ങുമ്പോൾ അവിടത്തെ തണുപ്പിന്റെ ആധിക്യത്തിൽ ചിലപ്പോഴൊക്കെ വിരലുകൾ വേദനിക്കാറുണ്ടായിരുന്നു. കുർബാന കഴിഞ്ഞ് തിരിച്ച് മല കയറുന്നതായിരുന്നു അതിലേറെ ബുദ്ധിമുട്ട്. ജീപ്പ് പോലും ദുർഘടമായി സഞ്ചരിക്കുന്ന ആ കാട്ടുപാതയിലൂടെ മണിക്കൂറുകൾ എടുത്താണ് തിരിച്ച് ഗ്രാമത്തിലെ ഞങ്ങളുടെ താമസ സ്ഥലത്ത് എത്തുന്നത്. പിന്നീട് കമ്മിറ്റ്മെന്റ് കാലയളവ് കഴിയുന്നതുവരെ അനുദിന ദിവ്യബലി തുടർന്നു എന്നാണ് എന്റെയോർമ. ഫുൾടൈമർഷിപ്പ് കഴിഞ്ഞിട്ടും എല്ലാ ദിവസവും

വെളുപ്പിനെ മലയിറങ്ങുമ്പോൾ അവിടത്തെ തണുപ്പിന്റെ ആധിക്യത്തിൽ ചിലപ്പോഴൊക്കെ വിരലുകൾ വേദനിക്കാറുണ്ടായിരുന്നു. കുർബാന കഴിഞ്ഞ് തിരിച്ച് മല കയറുന്നതായിരുന്നു അതിലേറെ ബുദ്ധിമുട്ട്.

ദിവ്യബലിക്ക് പോകുന്നത് ഞാൻ ജീവിതത്തിന്റെ ശീലമാക്കിയിരുന്നു .

പിന്നീട്, വിവാഹത്തിനുശേഷം പല സ്ഥലങ്ങളിൽ മാറിമാറി താമസിക്കേണ്ടി വന്നപ്പോഴും മറ്റു പല കാരണങ്ങളാലും അനുദിന ദിവ്യബലിയും ദിവ്യകാരുണ്യ സ്വീകരണവും നഷ്ടമായി. പക്ഷേ, എവിടെ താമസിച്ചാലും അവിടത്തെ ഇടവക ദേവാലയവും ദേവാലയത്തിലെ മാതാവിന്റെ രൂപവും എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം നൽകുന്ന ഇടങ്ങളായിരുന്നു. കാലം മാറുന്നതനുസരിച്ച് ആഴ്ചയിലുള്ള ദിവ്യബലിയുടെ എണ്ണം കൂടി വന്നു. പണ്ട് ഒറ്റയ്ക്ക് പോയിരുന്നത് ഇപ്പോൾ കഴിയുമ്പോൾ ഭർത്താവും കുഞ്ഞുങ്ങൾക്കും ഒപ്പമായി. ഞാനും 39-ാം വയസ്സിൽ കുറച്ചുകാലം 'അൾത്താര ബാലിക'യായി. അൾത്താരയിൽ നിന്ന് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ പറ്റിയത് വലിയ സന്തോഷമായിരുന്നു. ഇതിനിടയിൽ, എന്റെ മക്കൾ അൾത്താര സംഘത്തിലെ അംഗങ്ങളായി. അവർ പഠനത്തിലോ പഠനേതര കാര്യങ്ങളിലോ മികവ് തെളിയിക്കുന്നതിനേക്കാൾ എനിക്ക് സന്തോഷം അൾത്താര സഹായികളായി അവർ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതാണ്. അവരുടെ 'അന്നന്നു വേണ്ടുന്ന ആഹാരം' ഈശോ കൂട്ടിച്ചേർത്ത് കൊടുക്കുമെന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട്.



കോവിഡ് കാലങ്ങളിലെ അനുദിന ഓൺലൈൻ വിശുദ്ധ കുർബാന കുടുംബത്തോടൊപ്പം പങ്കെടുക്കുന്നത് എനിക്ക് സന്തോഷമായിരുന്നു. വിശുദ്ധ കുർബാന മധ്യേ അപ്പത്തിന്റെ രൂപത്തിൽ എന്റെ ഉള്ളിലേക്ക് വരുന്ന ഈശോയ്ക്ക് ഒരു രൂപം ഇല്ലാതെയും ഉള്ളിലേക്ക് വരാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു. കോവിഡ് കാലത്തിനു ശേഷം ദിവ്യബലിയിൽ പങ്കെടുക്കുന്ന ദിവസങ്ങളുടെ എണ്ണം കൂടി വരുകയും മാതാവിന്റെ ശക്തമായ ഇടപെടലിൽ ഇപ്പോൾ വീണ്ടും അനുദിന ദിവ്യബലി എന്റെ ജീവിതത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തിട്ടുണ്ട്. കുറച്ചു മാസങ്ങൾക്കു മുമ്പ് ഒരു ദീർഘദൂര യാത്ര പോയപ്പോൾ മൂന്നു ദിവസത്തോളം എനിക്ക് കുർബാനയിൽ പങ്കെടുക്കാൻ സാധിച്ചില്ല. യാത്ര കഴിഞ്ഞെത്തി കുറച്ചു ആഴ്ചകൾക്കുള്ളിൽ തന്നെ മൂന്ന് ദിവസം ഞാൻ ഒന്നിൽ കൂടുതൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു ആ ദിവസങ്ങളുടെ നഷ്ടം പരിഹരിച്ചു. ഇത് തികച്ചും എന്റെ വ്യക്തിപരമായ കാഴ്ചപ്പാടാണ്. മുൻപ് വിശുദ്ധ കുർബാന നഷ്ടപ്പെട്ടപ്പോൾ ഞാൻ ഇതേ രീതി പിന്തുടർന്നിട്ടുമില്ല. ചിലപ്പോൾ സന്തോഷത്തോടെയും മറ്റു ചിലപ്പോൾ സങ്കടപ്പെട്ടു കരഞ്ഞും അതുമല്ലെങ്കിൽ നിർവികാരതയോടെയും പല വിചാരത്തോടെയും ഞാൻ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാറുണ്ട്. പക്ഷേ, ദിവ്യബലി നഷ്ടപ്പെടുന്നത് വലിയ വേദനയാണ്. ഇപ്പോഴത്തെ ഏറ്റവും വലിയ സന്തോഷങ്ങളിലൊന്ന് കുടുംബത്തോടൊപ്പം ഇടവക ദേവാലയത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതാണ്. പിന്നെ അവിടത്തെ മാതാവിന്റെ ഗ്രോട്ടോയുടെ മുൻപിൽ നിൽക്കുന്നതും.

ഞാൻ പറയാൻ ശ്രമിച്ചത് ഞങ്ങളുടെ സൗഹൃദം ഞങ്ങൾക്ക് ഈശോയിൽനിന്നു കിട്ടിയതാണ്. ഒന്നും നോക്കാതെ കണ്ണും പൂട്ടി ഈശോ തന്ന സ്നേഹത്തിന്റെ ഒരു നുള്ള്, 25 വർഷങ്ങൾക്കിപ്പുറവും ഞങ്ങൾ ഇങ്ങനെ പരസ്പരം പങ്കുവയ്ക്കുന്നു.

***ലേഖിക, ഭർത്താവ് ജോളി സേവ്യറിനും രണ്ടു മക്കൾക്കുമൊപ്പം ഡൽഹിയിൽ താമസിക്കുന്നു.***

# ജീവിതം പഠിപ്പിച്ചത്

ഏതെങ്കിലും ഒരു വീടിന്റെ മുറ്റത്ത് മേശയ്ക്കു ചുറ്റുമിരുന്നു കുർബാന അർപ്പിക്കുന്ന അവരുടെ വിശ്വാസം എന്നെ ഇപ്പോഴും അതിശയിപ്പിക്കുന്നു.

കോഴിക്കോട് ജില്ലയിലെ കൂമ്പാറ ആണ് എന്റെ സ്വദേശം. ജീസസ് യൂത്തിനെക്കുറിച്ചു ഞാൻ ആദ്യമായി കേൾക്കുന്നത് പി.ഡി.സി. പഠിക്കുമ്പോഴായിരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഞങ്ങളുടെ കോളേജിനടുത്തുള്ള പള്ളിയിൽ പ്രയർ ഗ്രൂപ്പുണ്ടായിരുന്നു. ജീസസ് യൂത്തിലെ ചേച്ചിമാർ പ്രയർമീറ്റിംഗിലേയ്ക്ക് വിളിക്കുമ്പോൾ എനിക്ക് പോകാൻ മടിയുണ്ടായിരുന്നു. നിരന്തരം അവർ വിളിച്ചുകൊണ്ടിരുന്നപ്പോൾ ഞാനും പോയിത്തുടങ്ങി. പയ്യെപ്പയ്യെ അവർ മുഖേന ജീസസ് യൂത്ത് പ്രോഗ്രാമുകളും പങ്കെടുത്തു. ഓരോ പ്രോഗ്രാം കഴിയുമ്പോഴും ഈശോയോട് ഞാൻ കൂടുതൽ അടുത്തു വരുകയാണെന്ന് തോന്നി. സ്ഥിരമായി പ്രാർഥനാ ഗ്രൂപ്പിൽ പോകുന്ന ഒരാളായി മാറി എന്നു മാത്രമല്ല എന്റെ കൂട്ടുകാരെയും ഞാൻ കൊണ്ടുപോകാൻ തുടങ്ങി. ഡിഗ്രിയും ഞാൻ അവിടെത്തന്നെ പഠിച്ചതുകൊണ്ട് പ്രാർഥനാ ഗ്രൂപ്പിൽ പോകുന്നതും ഞാൻ തുടർന്നുപോന്നു. തമ്പുരാന്റെ പദ്ധതിക്കുവേണ്ടി അവിടന്നെന്നെ ഒരുക്കുകയായിരുന്നു. പഠനത്തിന്റെ അവസാനവർഷം ആയപ്പോഴേയ്ക്കും പ്രാർഥനാഗ്രൂപ്പിന്റെ ലീഡറായി എന്നെ തെരഞ്ഞെടുത്തു.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമാ 8, 28).

ഒരു ഫുൾടൈമർ ആകണമെന്ന എന്റെ ആഗ്രഹം ശക്തമാകുന്നത് ഈ കാലഘട്ടത്തിലാണ്. വീട്ടിൽനിന്ന് ആദ്യമൊന്നും അനുവാദം കിട്ടിയിരുന്നില്ലെങ്കിലും അവസാനം അവർ സമ്മതിച്ചു. എല്ലാത്തിനും പുറകോട്ടു വലിയുന്ന ഒരു രീതിയായിരുന്നു എന്റേത്. ഫുൾടൈമേഴ്സ് ട്രെയിനിങ് എന്നെ മാറ്റിമറിച്ചു. എനിക്കറിയാം എന്റെ തമ്പുരാൻ എന്നെ രൂപാന്തരപ്പെടുത്തുകയായിരുന്നു. നോർത്തിലേയ്ക്ക് മിഷണറിയായിപോകാനുള്ള എന്റെ ആഗ്രഹം വീട്ടുകാരുടെ സമ്മതക്കുറവ് മൂലം സാധിച്ചില്ല. ഇരിങ്ങാലക്കുട സോണിലേക്കാണ് ഞാൻ ഫുൾടൈമറായി പോയത്. ഒറ്റയ്ക്കാണെന്ന പേടി എനിക്കുണ്ടായിരുന്നു. എന്നാൽ, ഓരോ ദിവസം കഴിയുംതോറും ഈശോ കൂടെയുണ്ട് എന്ന വിശ്വാസത്തിലേയ്ക്ക് എനിക്കെത്താൻ സാധിച്ചു. ആ കാലഘട്ടത്തിൽ ഈശോയ്ക്ക് എന്നോടുള്ള കരുതൽ ഞാൻ തിരിച്ചറിഞ്ഞു.

ഇരിങ്ങാലക്കുടയിലെ ജീസസ് യൂത്ത് എനിക്കുതന്ന സപ്പോർട്ട് എടുത്തുപറയേണ്ട കാര്യമാണ്. പല സ്ഥലങ്ങളിലും പോകുമ്പോഴും വഴിയറിയാതെ വിഷമിച്ച സമയത്തു ദൈവദൂതന്മാരെപോലെ അവരിൽ പലരിലൂടെയും അവിടന്നെന്നെ വഴിനടത്തി. അപ്പോഴൊക്കെ ഒരു പിതാവിനെപ്പോലെ എന്നെ സംരക്ഷിക്കുന്ന ദൈവസ്നേഹമായിരുന്നു ഞാനനുഭവിച്ചത്.

ഫുൾടൈമർഷിപ്പിനുശേഷം പഞ്ചാബിൽ ഒരു സ്കൂൾ അധ്യാപികയായി ഞാൻ സേവനം ചെയ്തു. കർത്താവ് എന്റെ നിഗൂഢമായ ആഗ്രഹങ്ങൾ സാധിച്ചു തരുന്ന വലിയൊരത്ഭുതമായിരുന്നു ആ നാളുകളിൽ ഞാൻ കണ്ടത്. ഞായറാഴ്കളിൽ അച്ചന്റെയും സിസ്റ്റേഴ്സിന്റെയും കൂടെ ഗ്രാമങ്ങൾ സന്ദർശിക്കാൻ പോകുമായിരുന്നു. ഏതെങ്കിലും ഒരു വീടിന്റെ മുറ്റത്ത് മേശയ്ക്കു ചുറ്റുമിരുന്നു കുർബാന അർപ്പിക്കുന്ന അവരുടെ വിശ്വാസം എന്നെ ഇപ്പോഴും അതിശയിപ്പിക്കുന്നു. ഈ അനുഭവങ്ങളൊക്കെ എനിക്ക് വളരെയേറെ ആത്മനിർവൃതി നൽകുന്നതായിരുന്നു. എന്തുകൊണ്ടെന്നാൽ അന്യനാട്ടിൽ മിഷണറിയാകാനുള്ള എന്റെ സ്വപ്നമായിരുന്നു അവിടെ സാക്ഷാത്കരിക്കപ്പെട്ടത്. മറ്റ് ഒരുപാട് അനുഗ്രഹങ്ങളും ഈശോയിൽ നിന്ന് എനിക്ക് കിട്ടി. വചനപ്പെട്ടിയിൽ നിന്ന് എനിക്കാദ്യമായി കിട്ടിയ വചനമാണ് അപ്പോഴൊക്കെ ഞാനോർക്കുക "നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ഏശ 49, 16). അക്ഷരാർഥത്തിൽ അവിടന്നെന്നെ പ്രത്യേകം സ്നേഹിക്കുന്നത് അനുഭവിച്ചറിഞ്ഞു.

വിവാഹത്തിനുശേഷം ഞാനും ഭർത്താവും 2015 വരെ ഉത്തർപ്രദേശിലെ ഗോരക്പൂരിൽ അധ്യാപകരായി ജോലി ചെയ്തു. ഞങ്ങളും മൂന്ന് കുഞ്ഞുങ്ങളും അടങ്ങുന്നതാണ് എന്റെ കുടുംബം. ഒരോ പ്രഗ്നൻസി കാലഘട്ടത്തിലും എനിക്ക് ഓരോ തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. എന്റെ രണ്ടാമത്തെ മകൾ ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ എനിക്ക് ചിക്കൻപോക്സ് വന്നു. ഈ ഗർഭം അലസിപ്പിച്ചു കളയാൻ ഡോക്ടർമാർ നിർദേശിച്ചു. ഒരു ജീസസ് യൂത്തായ ഭർത്താവിന്റെ സപ്പോർട്ട് ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ ശക്തമായ നിലപാടെടുത്തു. അദ്ദേഹം കാസർകോട് ജില്ലയിലെ ചിറ്റാരിക്കൽ സ്വദേശിയാണ്. ഇന്ന് ഞങ്ങളുടെ മിടുക്കിക്കുട്ടി എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഇതുപോലെ എന്റെ ജീവിതത്തിലെ ഓരോ അനുഗ്രഹങ്ങളും എടുത്തുപറയാൻ എനിക്കാഗ്രമുണ്ട്. 2015ൽ നാട്ടിലേയ്ക്ക് തിരിച്ചു പോകണമെന്ന് ഞങ്ങൾ നേരത്തെ മുതൽ ആഗ്രഹിക്കുകയും പ്രാർഥിച്ചൊരുങ്ങുകയും ചെയ്തിരുന്നു. കാരണം നാട്ടിലൊരു സ്ഥിരമായി ജോലി ഞങ്ങളുടെ സ്വപ്നമായിരുന്നു. നാട്ടിലെത്തി അഞ്ചു വർഷത്തിനുള്ളിൽ അത് സാധിച്ചു തരുമെന്ന സന്ദേശം കർത്താവ് തന്നിരുന്നു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ കർത്താവ് അഞ്ചാം വർഷത്തിലെ ആദ്യ മാസത്തിൽത്തന്നെ എന്റെ ഭർത്താവിന് നാട്ടിലെ ഗൺമെൻറ് സ്കൂളിൽ അധ്യാപകനായി ജോലി നൽകി അനുഗ്രഹിച്ചു. എനിക്കും നാട്ടിൽ ജോലി ലഭിച്ചു. തുടർന്ന് ജോലിക്കായി ഞങ്ങൾ മലപ്പുറത്തേക്ക് വന്നു താമസമായി. ഇന്ന് സന്തോഷമായി അവിടത്തോടൊപ്പം പ്രതിസന്ധികൾ തരണം ചെയ്തു മുന്നോട്ട് പോകുന്നു .

ഞങ്ങൾ രണ്ടുപേരും ജീസസ്‌യൂത്ത് ആയതുകൊണ്ട് പ്രോഗ്രാമുകൾക്കൊക്കെ കുഞ്ഞുങ്ങളെയും പങ്കെടുപ്പിക്കുമായിരുന്നു. പ്ലസ്ടുവിനു പഠിക്കുന്ന മകൻ ഡിഗ്രി കഴിയുമ്പോൾ ഫുൾടൈമർ ആകണമെന്ന ആഗ്രഹം പറയുമ്പോൾ എനിക്ക് സന്തോഷം തോന്നാറുണ്ട്. എന്നും വിശ്വാസത്തിലൂന്നി എന്നെയും കുടുബത്തെയും കാത്തുകൊള്ളണമെന്നു പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ ഞാൻ ഈശോയോട് പ്രാർഥിക്കാറുണ്ട്. ഞാൻ അവിടത്തേയ്ക്കുവേണ്ടി ചെയ്ത ഓരോ കുഞ്ഞു കാര്യങ്ങൾക്കു പോലും അവിടന്ന് എനിക്ക് വലിയ പ്രതിഫലം തരുന്നു. കർത്താവിനുവേണ്ടി എന്തെങ്കിലും കൊടുക്കാൻ നമ്മൾ മടി വിചാരിക്കേണ്ടതില്ലയെന്നാണ് എന്റെ ജീവിതം എന്നെ പഠിപ്പിച്ചത്. ദൈവത്തിന് സ്തുതി.

***ലേഖിക ഭർത്താവിനോടും മൂന്ന് മക്കൾക്കുമൊപ്പം കാസർകോട് താമസിക്കുന്നു.***



# ഒരു വർഷം മാറ്റിവച്ചപ്പോൾ..

ചോളപ്പാടങ്ങൾ നിറഞ്ഞ ഗ്രാമം. വാഹന സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ആൾ വാസമില്ലാത്ത കാടുകളായിരുന്നു കൂടുതൽ ഭാഗവും.

വളരെ മനോഹരമായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന ഞങ്ങളുടെ ജീവിതത്തിലേക്ക് കോവിഡ് മഹാമാരിയുടെ രൂപത്തിൽ വില്ലനെത്തുന്നു. ആദ്യം എനിക്കായിരുന്നു കോവിഡ് സ്ഥിരീകരിച്ചത്. അതുകഴിഞ്ഞപ്പോൾ എന്റെ ഹസ്ബന്റിനും പിടിപെട്ടു. ആ സമയത്ത് ഹോസ്പിറ്റലിൽ പോയാലും ഡോക്ടേഴ്സ് കാര്യമായ ചെക്കപ്പുകൾ ഒന്നും ചെയ്യുമായിരുന്നില്ലല്ലോ. ഡോക്ടേഴ്സിനെ കണ്ടു മരുന്ന് വാങ്ങി വീട്ടിലേക്ക് മടങ്ങി. പിന്നീട് വീട്ടിലുള്ള എല്ലാവർക്കും (മൂന്നു മക്കൾക്കും അമ്മച്ചിക്കും) കോവിഡ് പിടിപെട്ടു. ഏകദേശം ഒരാഴ്ച കഴിഞ്ഞിട്ടും ഹസ്ബന്റിന്റെ അസുഖം മാറിയില്ല. ഉറക്കമില്ലാത്ത രാത്രികൾ, ഭയങ്കരമായ ശരീരവേദന, വീണ്ടും ഹോസ്പിറ്റലിലേക്ക്, പിന്നീട് അഡ്മിറ്റായി, ഞങ്ങൾ എല്ലാവരും വീട്ടിൽ ക്വാറന്റീനിൽ, അസുഖം മൂർച്ഛിച്ചു അദ്ദേഹത്തെ ഐസിയുവിലേക്ക് മാറ്റി. ന്യൂമോണിയയായി. 80% ന്യൂമോണിയ ശ്വാസകോശത്തിൽ ബാധിച്ചു കഴിഞ്ഞു എന്ന് ഡോക്ടർ പറഞ്ഞു. വീട്ടിൽ എല്ലാവരും കരച്ചിലായി. വളരെ വലിയ തോതിൽ ഓക്സിജൻ സപ്പോർട്ട് നൽകേണ്ടിവന്നു. എന്തും സംഭവിക്കാം എന്ന അവസ്ഥ. ആ സമയം എന്റെ കുടുംബാംഗങ്ങൾക്കൊപ്പം എന്റെ ജീസസ് യൂത്ത് സുഹൃത്തുക്കളാണ് പ്രാർഥനയിലൂടെ എനിക്ക് ധൈര്യം നൽകിയത്. പ്രത്യേകിച്ച് എന്റെ ബാച്ച് മേറ്റ്സ്! എല്ലാവരും ജപമാല ചൊല്ലിയും വിശുദ്ധ കുർബാനയിൽ സമർപ്പിച്ചു പ്രാർഥിച്ചുമൊക്കെ ഞങ്ങൾക്ക് സപ്പോർട്ട് നൽകി. വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കാൻ കഴിയുന്നതിലും വലുതായിരുന്നു ആ സപ്പോർട്ട്. ഹോസ്പിറ്റലിൽ ആയിരുന്നു ഒരു മാസക്കാലത്തോളം. ഉള്ളിൽ ഭയമോ ആശങ്കകളോ തോന്നിയിരുന്നില്ല എന്ന് പിന്നീട് ഭർത്താവ് പറഞ്ഞു. എല്ലാവരുടെയും പ്രാർഥന ഒന്നുകൊണ്ടുമാത്രമാണ് അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചുവന്നത്. ദൈവകരുണയിൽ കൂടുതൽ ആശ്രയിക്കാനും ഭക്തിപൂർവം കരുണക്കൊന്ത ചെല്ലാനുമുള്ള ബോധ്യം ഈ സംഭവത്തോടെ എനിക്ക് കിട്ടി. "മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23, 4).

ചെറുതും വലുതുമായ പല പ്രതിസന്ധികളിലൂടെയും ജീവിതം മുന്നോട്ടു നീങ്ങുമ്പോൾ ദൈവത്തിന്റെ കരുതലും സ്നേഹവും കൂടുതൽ അനുഭവിക്കാൻ ദൈവം ഇടവരുത്തുന്നു. ഒരു വർഷം ഈശോയ്ക്കുവേണ്ടി

മാറ്റി വച്ചപ്പോൾ ഇതുവരെയുള്ള ജീവിതത്തിൽ ഒരുപാട് അനുഗ്രഹങ്ങൾ ഈശോ വർഷിക്കുന്നത് അനുഭവിക്കാൻ എനിക്ക് സാധിക്കുന്നു.

ഫുൾടൈമർഷിപ്പിന്റെ സമയത്ത് എന്റെ കമ്മിറ്റ്മെന്റ് പ്ലേസ് മധ്യപ്രദേശിലെ ഉജ്ജയിനായിരുന്നു. ആവിലിയ, ബുദ്ധിയ എന്നീ രണ്ട് ഗ്രാമപ്രദേശങ്ങളിലൂടെയും ഈശോയ്ക്ക് സാക്ഷിയാകുവാൻ ദൈവം എന്നെ തെരഞ്ഞെടുത്തപ്പോൾ എന്റെ മുറിഹിന്ദിയുമായി അവിടത്തെ മിഷൻ സ്കൂളിൽ കുറച്ചുകാലം കുട്ടികളെ പഠിപ്പിക്കാനും ഒഴിവുസമയങ്ങളിൽ അവരെ ചാപ്പലിൽ കൊണ്ടുപോയി ഈശോയെപ്പറ്റി പറഞ്ഞു കൊടുക്കാനും സാധിച്ചു. വൈകുന്നേരങ്ങളിൽ ഞാനും ആനീസ് സിസ്റ്ററും കൂടി ഭവന സന്ദർശത്തിനായി പോകുമായിരുന്നു. ചോളപ്പാടങ്ങൾ നിറഞ്ഞ ഗ്രാമം. വാഹന സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ആൾ വാസമില്ലാത്ത കാടുകളായിരുന്നു കൂടുതൽ ഭാഗവും. ആ കാട്ടിലൂടെ സിസ്റ്ററും ഞാനും കൂടി ജപമാല ചൊല്ലി ഓരോ ഭവനങ്ങളിലേക്കും പോകുമായിരുന്നു. ഒറ്റമുറി വീടുകളായിരുന്നു കൂടുതലും. ഒരു മുറിയിൽ ആളുകൾ താമസിക്കുന്നു, തൊട്ടടുത്ത മുറിയിൽ കന്നുകാലികൾ.

സൗകര്യങ്ങൾ കുറവായിരുന്നെങ്കിലും സ്നേഹിക്കാനുള്ള  മനസ്സുള്ളവരായിരുന്നു അവിടെ ഉണ്ടായിരുന്നത്. നമ്മൾ കടന്നു ചെല്ലുമ്പോൾ ഒത്തിരി സ്നേഹത്തോടെ സ്വീകരിക്കുകയും സംസാരിക്കുകയും ചെയ്യുമായിരുന്നു. ചായയൊക്കെ കുടിപ്പിച്ചിട്ടേ നമ്മളെ അവർ യാത്ര അയക്കുമായിരുന്നുള്ളൂ. ഗ്രാമത്തിലെ കുട്ടികളും നമ്മുടെ പുറകെ വരുമായിരുന്നു. സിസ്റ്റർ ഇല്ലാത്ത സമയങ്ങളിൽ ആ ഗ്രാമവാസിയായ ഒരു ചേച്ചിയുടെ കൂടെയാണ് ഞാൻ പോയിരുന്നത്. ഞാൻ അവരെ ഹിന്ദിയിൽ ജപമാല ചൊല്ലാൻ പഠിപ്പിച്ചതും പിന്നീട് ഒരുമിച്ച് ജപമാല ചൊല്ലിക്കൊണ്ട് നടന്നതും ഒക്കെ മായാത്ത ഓർമകളാണ്. അന്ന് ആ കാട്ടുപ്രദേശങ്ങളിലൂടെയും പിന്നീട് ടൗണിലേക്കു വന്നപ്പോൾ ഒറ്റയ്ക്ക് റിക്ഷയിൽ യാത്ര ചെയ്തപ്പോഴുമൊക്കെ ഭയമില്ലാതെ സഞ്ചരിക്കാൻ എനിക്കു സാധിച്ചു. ടൗണിൽ ഒരുപാട് ഹോസ്പിറ്റലുകളും ഒത്തിരി മലയാളി നഴ്സസുമുള്ള സ്ഥലമായിരുന്നു. ഓരോ ഹോസ്പിറ്റലിലും പ്രയർ ഗ്രൂപ്പ് സ്റ്റാർട്ട് ചെയ്യുവാനും അവരുടെ സങ്കടങ്ങൾ കേൾക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനുമൊക്കെ ദൈവം എന്നെ ഉപകരണമാക്കി. അവിടെ ബിഷപ്പായിരുന്ന സെബാസ്റ്റ്യൻ വടക്കേൽ പിതാവും, കുര്യൻ കൊച്ചട്ടൊന്നിൽ അച്ചനും മറ്റുള്ള എല്ലാ അച്ചന്മാരും സിസ്റ്റേഴ്സും ഒക്കെ നൽകിയ പിന്തുണയും സഹായവുമൊക്കെ നന്ദിയോടെ ഓർക്കുന്നു..



"നിന്റെ വഴികളിൽ നിന്നെ കാത്തു പാലിക്കാൻ അവിടന്ന് തന്റെ ദൂതന്മാരോട് കൽപിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും" (സങ്കീ 91, 11–12).

***ലേഖിക ഭർത്താവ് ഷിജു തോമസിനോടും മൂന്ന് മക്കൾക്കുമൊപ്പം താമസിക്കുന്നു.***

# എന്നോടു സംസാരിക്കുന്ന ദൈവം !

"പിഴുതെറിയാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും രാജ്യങ്ങളുടെയുംമേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു" (ജറെ 1, 10).

എന്റെ ജീവിതത്തിൽ വളരെ പ്രചോദനം നൽകിയ വചനമാണിത്. കർണാടകയിലെ സുള്ളിയയിൽ ഡിപ്ലോമയ്ക്കു പഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് ജീസസ് യൂത്ത് പ്രവർത്തനങ്ങളെ ഞാൻ അറിഞ്ഞു തുടങ്ങുന്നത്. കേരളത്തിനു വെളിയിലെ ആദ്യത്തെ പ്രയർമീറ്റിംഗ് കൂടിയായ സുള്ളിയയിലെ 'ആവേ മരിയ' പ്രയർ മീറ്റിംഗിൽ പങ്കെടുത്തപ്പോൾ, ജീസസ് യൂത്ത് മൂവ്മെന്റിന്റെ സവിശേഷത എനിക്ക് വ്യക്തമായി മനസ്സിലായി. കാരണം ഇന്ത്യയിൽ അക്കാലത്തും റാഗിംഗിന്റെ പേരിൽ അറിയപ്പെടുന്ന ഒരു ക്യാമ്പസിലായിരുന്നു ഞാൻ പഠിച്ചത്. ഈ പ്രയർ മീറ്റിങ് ഇന്നും അവിടെയുണ്ട്. ഡെന്റൽ ഡോക്ടർ ടോണി, ഡോ. അരുൺ സൈമൺ, സിറിയക്, ഏഴാം ബാച്ച് ഫുൾടൈമർ ജസ്റ്റിൻ എന്നിവരാണ് ഈ പ്രയർ മീറ്റിംഗിനെ നയിച്ചതും എനിക്ക് ജീസസ് യൂത്ത് മൂവ്മെന്റിനെ കൂടുതൽ ആഴത്തിൽ അനുഭവിക്കാനും മനസ്സിലാക്കാനും സഹായിച്ച ലീഡേഴ്സ്. ജസ്റ്റിനാണ് എന്നെ ജീസസ് യൂത്ത് പ്രോഗ്രാമുകളിലേക്കു നയിച്ചത്. സാധാരണ കുടുംബ പ്രാർഥനയും കൊന്തയും സ്തുതി കൊടുക്കലുമായി തുടർന്നുവന്ന എന്റെ വിശ്വാസ ജീവിതത്തെ മാറ്റിമറിച്ചത് തീക്ഷ്ണതയുള്ള ഈ ജീസസ് യൂത്തുകളുടെ ഇടപെടൽ തന്നെയാണ്. അവിടെവച്ച് പങ്കെടുത്ത ഒരു ധ്യാനത്തിൽ ദൈവം ഒരടുത്ത കൂട്ടുകാരനാണ് എന്നെനിക്കു തോന്നി. പരിശുദ്ധ അമ്മയുടെ സംരക്ഷണവും വാത്സല്യവും ഞാൻ അനുഭവിച്ചു തുടങ്ങി. തുടർന്ന് എന്റെ ജീസസ് യൂത്ത് ജീവിതവും ദൈവാനുഭവവും ആഴത്തിലായി. എന്റെ വ്യക്തിത്വത്തിലും കാര്യമായ വളർച്ചയുണ്ടായി.

> ജീസസ് യൂത്തിനുള്ളിലെ ഈ വ്യത്യാസം അവരിലെ ദൈവ സാന്നിധ്യം ആണെന്ന തിരിച്ചറിവ് എന്നെയും ആ കമ്മിറ്റ്മെന്റിലേയ്ക്ക് ആകർഷിച്ചു.

തുടർന്ന് ജസ്റ്റിന്റെ കൂടെ ഏഴാം ബാച്ച് ഫുൾടൈമേഴ്സും എമ്മാവൂസുമായി അടുത്തിടപഴകി. അവരുടെ ട്രെയിനിങ് ഞാൻ ശ്രദ്ധിച്ചു. കുറച്ച് യുവാക്കൾ ദൈവത്തോടുള്ള പ്രാർഥനയിൽ മുഴുകി, പാട്ടുപാടി, നൃത്തം ചെയ്ത് ദൈവത്തെ സ്തുതിക്കുകയും അവരുടെ ഹൃദയത്തിലെ അടുപ്പം പ്രകടിപ്പിക്കുന്ന വിധവും എനിക്ക് ഏറ്റവും

മനോഹരമായ അനുഭവമായി തോന്നി. ആ നിമിഷങ്ങളിൽ എന്റെ ഹൃദയത്തിലും ദൈവ വിശ്വാസത്തിന്റെ ശക്തമായ സ്വാധീനം അലതല്ലി. ഞാനതുവരെ കണ്ട യുവജങ്ങങ്ങൾ അങ്ങനെ അല്ലായിരുന്നു. ജീസസ് യൂത്തിനുള്ളിലെ ഈ വ്യത്യാസം അവരിലെ ദൈവ സാന്നിധ്യം ആണെന്ന തിരിച്ചറിവ് എന്നെയും ആ കമ്മിറ്റ്മെന്റിലേയ്ക്ക് ആകർഷിച്ചു. ഒരു വർഷം എനിക്കും കമ്മിറ്റ്മെന്റ് എടുക്കണമെന്നുണ്ടായിരുന്നു. ഞങ്ങളുടെ ക്യാമ്പസിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങളോട് ഞാൻ സഹകരിക്കുകയും അവിടെ ഒരു പോളിടെക്നിക് കോൺഫറൻസ് നടത്തുകയും ചെയ്തു. ആ സമയത്ത് ഒരു കാര്യം എനിക്ക് വ്യക്തമായി മനസ്സിലായി; ദൈവം അകലെ ഇരിക്കുന്നവനല്ല; നമ്മുടെ എല്ലാകാര്യങ്ങളും അടുത്തറിയുന്ന, ഇടപെടുന്ന ഒരു ഒരാളാണെന്ന്. ഈ തിരിച്ചറിവ് എനിക്ക് വലിയ ശക്തിയും ആത്മവിശ്വാസവും നൽകി. എനിക്ക് ഫുൾടൈമർ ആകണമെന്ന് പറഞ്ഞപ്പോൾ എന്റെ മാതാപിക്കൾക്കും സ്വാഭാവികമായ എതിർപ്പുകൾ തുടക്കത്തിൽ ഉണ്ടായിരുന്നുവെങ്കിലും എന്റെ തീരുമാനത്തെ അവർ അംഗീകരിച്ചു. അങ്ങനെ രണ്ടായിരത്തിൽ ഞാൻ ഫുൾടൈമർഷിപ്പ് ട്രെയ്നിങ്ങിൽ പങ്കെടുത്തു. വ്യക്തിത്വ വികസനത്തിന് ഉതകുന്ന എല്ലാത്തരം ട്രെയിനിങ്ങും ഞങ്ങൾക്കു കിട്ടി. ആളുകളോട് എങ്ങനെ സംസാരിക്കണം, ഒരു പ്രോഗ്രാമിന് എങ്ങനെ പ്രസംഗിക്കണം എന്ന പ്രാഥമിക പരിശീലനം എനിക്ക് കിട്ടിയത് പതിനായിരങ്ങളുള്ള സദസ്സിലായിരുന്നു. പത്താളുകളോട് സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന ഞാൻ സാക്ഷ്യം പറഞ്ഞ കൺവെൻഷനുകൾ എന്റെ വളർച്ച വളരെയേറെ മുന്നിലേക്കെത്തിച്ചു. തമ്പുരാൻ എന്നെ അവിടത്തെ യോഗ്യതയാൽ മകനെന്ന അവകാശത്തോടെ പടിപടിയായി വളർത്തി.

ദൈവം എന്നോട് സംസാരിച്ച ഒരു ദിനമുണ്ട്. എന്റെ കമ്മിറ്റ്മെന്റ് പ്ലെയ്സായ നെയ്യാറ്റിൻകരയിൽ വത്സനങ്കിളിന്റെ വീട്ടിലായിരുന്നു എന്റെ താമസം. പുലർച്ചെ അങ്കിൾ പ്രാർഥിക്കുമ്പോൾ എന്നെയും വിളിക്കും. ഒന്നാം നിലയിൽ, കൈവിരിച്ചുനിൽക്കുന്ന കർത്താവിന്റെ ഒരു രൂപത്തിനു മുൻപിലായിരുന്നു ഞങ്ങളുടെ ദൈനംദിന പ്രാർഥന. പത്തുപതിനഞ്ചുപേർ വരുന്ന ഒരു വൺഡേ പ്രോഗ്രാം ഈ സോണിൽ സ്ഥിരമായി നടക്കാറുണ്ടായിരുന്നു. ഒരിക്കൽ അവിടെ പ്രോഗ്രാം നടന്നുകൊണ്ടിരിക്കെ വികാരിയച്ചൻ എന്നോട് ചോദിച്ചു, "ജുബീ ഈ പതിനഞ്ചു പേർക്കുവേണ്ടിയാണോ കർത്താവീശോമിശിഹാ കുരിശിൽ മരിച്ചത്?" ഞാനും ചിന്തിച്ചു തുടങ്ങി ഇവർക്കുവേണ്ടി മാത്രമാണോ ഞാനും ഫുൾടൈമറായി ഇവിടെ വന്നത്. എന്റെ കണ്ണുകൾ തുറന്നു, ചുറ്റുവട്ടത്തുള്ള ഓരോ ഇടവകയിലും മടികൂടാതെ കയറി യൂത്തിനോട് സംസാരിച്ചു. ഞാനവിടന്നു പോരുമ്പോൾ ഏതാണ്ട് 450 പേര് പങ്കെടുക്കുന്ന പ്രോഗ്രാമായി അത് വളർന്നിരുന്നു. ഒരു സബ്സോണായിരുന്ന നെയ്യാറ്റിൻകരയെ ഒരു സോണാക്കി മാറ്റാനുള്ള ടീം അവിടെയുണ്ടായി. പിന്നീട് അവിടെനിന്നു ഫുൾടൈമേഴ്സുണ്ടാകാൻ ആ വൺഡേ പ്രോഗ്രാമുകൾ കാരണമായി. ദൈവിക ഇടപെടലുകളുടെ എണ്ണിയാൽ ഒടുങ്ങാത്ത അനുഭവങ്ങൾ എനിക്കവിടെനിന്നും ലഭിച്ചു.

ഒരിക്കൽ തിരുവനന്തപുരം സോണിന്റെ ക്യാമ്പസ് വിസിറ്റിനായി ഞാനും എന്റെ ബാച്ച് മേറ്റായ ഷിന്റെയും ഒരുമിച്ച് പുറപ്പെടാൻ ഒരുങ്ങിയിരിക്കെ, യാത്രയ്ക്കുമുമ്പ് പതിവുപോലെ സെന്റ് മേരിസ് പള്ളിയിൽ കുറച്ചു നേരം പ്രാർഥിക്കാൻ തീരുമാനിച്ചു. ആ പ്രാർഥനയ്ക്കിടയിൽ, അപ്രതീക്ഷിതമായി 'തിരികെ നെയ്യാറ്റിൻകരയിലേയ്ക്ക് പോകണം' എന്ന പ്രചോദനമുണ്ടായി. അത് അവഗണിക്കാൻ എനിക്ക് മനസ്സ് വന്നില്ല. കാരണമൊന്നുമില്ലാഞ്ഞിട്ടും ഞാൻ ഷിന്റെയോട് പറഞ്ഞ് ക്യാമ്പസ് വിസിറ്റ് മാറ്റിവച്ചു, നേരെ നെയ്യാറ്റിൻകരയിലേയ്ക്ക് മടങ്ങി. വീടെത്തിയപ്പോൾ വാതിൽ സാധാരണപോലെ അടച്ചിരിക്കുന്നു. വാതിൽ തുറന്ന് മുകളിലെ എന്റെ മുറിയിലേയ്ക്ക് കയറുമ്പോൾ, താഴത്തെ നിലയിൽ എനിക്ക് പരിചിതമല്ലാത്ത ഒരു ശബ്ദം കേട്ടു. താഴേക്ക് നോക്കിയപ്പോഴേക്കും വീട്ടിലെ എല്ലായിടത്തും വീട്ടുസാധനങ്ങൾ ചിതറിക്കിടക്കുന്ന കാഴ്ചയായിരുന്നു. ആരോ അതിലൂടെ ഓടിമറയുന്നതും ഞാൻ കണ്ടു. അന്ന് മൊബൈൽഫോണുകൾ ഇന്നത്തെ പോലെ എല്ലാവരുടെയും കൈയിൽ ഉണ്ടായിരുന്നില്ല. ഞാൻ ഉടൻ ഒരു ഓട്ടോ വിളിച്ച് ആന്റി ജോലി ചെയ്യുന്ന സ്കൂളിലെത്തി. വീട്ടിൽ കള്ളൻ കയറിയ വിവരം ആന്റിയോട് പറഞ്ഞു. "ജൂബി, രണ്ടു ദിവസങ്ങൾക്ക് മുമ്പ് ബാങ്കിൽ നിന്ന് എടുത്ത ആഭരണങ്ങൾ വീട്ടിലുണ്ട്." അതുകേട്ട് എന്റെ ഭയം ഇരട്ടിയായി. വീട്ടിൽ തിരിച്ചെത്തി അലമാര പരിശോധിച്ചപ്പോൾ, മുകളിലെ ചെപ്പിനുള്ളിൽ വച്ചിരുന്ന ഒരു കുഞ്ഞു മോതിരം നഷ്ടമായിരുന്നു. പക്ഷേ, അതിനു താഴെയുള്ള പ്രധാന ചെപ്പിലെ എല്ലാ ആഭരണങ്ങളും അതേപടി നിലനിൽക്കുന്നു. അപ്പോഴാണ് മനസ്സിലായത്, ഞാൻ വാതിൽ തുറക്കുമ്പോൾ വീട്ടിൽ കയറുന്ന ശബ്ദം കേട്ടു കള്ളൻ കൈയിൽ കിട്ടിയവുമായി ഓടി രക്ഷപെട്ടതായിരിന്നുവെന്ന്.

താഴത്തെ നിലയിൽ എനിക്ക് പരിചിതമല്ലാത്ത ഒരു ശബ്ദം കേട്ടു. താഴേക്ക് നോക്കിയപ്പോഴേക്കും വീട്ടിലെ എല്ലായിടത്തും വീട്ടുസാധനങ്ങൾ ചിതറിക്കിടക്കുന്ന കാഴ്ചയായിരുന്നു. ആരോ അതിലൂടെ ഓടിമറയുന്നതും ഞാൻ കണ്ടു.

എന്റെ മനസ്സിൽ ഈ അനുഭവം ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നു. ദൈവം എന്നെ കൃത്യസമയത്ത് ഉപയോഗിച്ചത്, അങ്കിളിന്റെ കുടുംബത്തെ സംരക്ഷിച്ചത്.. എല്ലാം.. നമ്മുടെ ദൈവം നമ്മെ അത്ഭുതകരമായി എങ്ങനെ സംരക്ഷിക്കുന്നു എന്നത് ഈ സംഭവത്തിലൂടെ വ്യക്തമാക്കിത്തന്നു. ഇതെനിക്ക് ദൈവത്തിൽ കൂടുതൽ വിശ്വസിക്കാൻ ശക്തമായ പ്രചോദനം നൽകി. ആ രാത്രിയിൽ അങ്കിൾ എന്റെ അടുത്തിരുന്ന് മൃദുവായി പറഞ്ഞു: "ജൂബി, നിന്നെ കാവൽക്കാരനായി ഇവിടെ കൊണ്ടുവന്നത് തമ്പുരാനാണ്." ആ വാക്കുകൾ ഇന്നും എന്റെ ഉള്ളിൽ മുഴങ്ങുന്നു. പിന്നീട് ഞാൻ പാറശാലയിലെ പ്രയർ ഗ്രൂപ്പിൽ പോയി ഈ അത്ഭുതം സാക്ഷ്യമായി പങ്കുവച്ചപ്പോൾ, അനേകം യുവജനങ്ങൾ ദൈവസ്നേഹത്തിലേക്ക് തിരിഞ്ഞതായി ഞാൻ കണ്ടു.

അക്കാലത്തു നെയ്യാറ്റിൻകരയിൽ നാലുദിവസത്തെ റിട്രീറ്റ് നടത്തുകയെന്നത് അസാധ്യമായ കാര്യമായിരുന്നു. അവിടെ പങ്കെടുത്തവരിൽ പലരും സാമ്പത്തികമായി വളരെ പിന്നോക്കമായ പശ്ചാത്തലത്തിൽ നിന്നുള്ളവരാണ്. ധ്യാനത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതും വലിയ വെല്ലുവിളിയായിരുന്നു. എന്നാൽ, ആ സമയത്ത് ജീസസ് യൂത്തിലൂടെ ദൈവം ഞങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തിക്കൊണ്ട്  വഴിനടത്തി. 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർഥനയും 'നന്മ നിറഞ്ഞ മറിയമേ' എന്ന ജപമാലയുമായാണ് ഞങ്ങൾ ഓരോ പരിശ്രമവും ആരംഭിച്ചത്. എന്നാൽ, പരമാവധി 125 പേർക്ക് മാത്രമേ ഇരിക്കാനാവുന്ന ഹാളിൽ, 147 യുവജനങ്ങൾ തിങ്ങി നിറഞ്ഞു നിന്നു. "ദൈവമേ, ഇനി ആളുകൾ വന്നാൽ എന്ത് ചെയ്യും?" എന്ന ആശങ്ക പോലും ഞങ്ങൾക്കുണ്ടായി. ധ്യാനത്തിനിടയിൽ, അവിടത്തെ ബിഷപ്പ് ഈ പരിപാടിയിൽ എത്തുമോ? എന്നൊരു സംശയം ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ, ദൈവം മറ്റൊരു അത്ഭുതം കാണിച്ചു. ഞങ്ങൾ ഫോൺ ചെയ്തപ്പോൾ, ഞങ്ങളുടെ ക്ഷണം കാത്തു നിൽക്കുന്ന ബിഷപ്പിനെയാണ് മറുവശത്ത് കണ്ടത്! ആ ആത്മസന്തോഷം, ആ ദൈവാനുഭവം, വാക്കുകളിൽ വിവരിക്കാനാവാത്തതായിരുന്നു. ധ്യാനത്തിന്റെ അവസാന ദിവസം ബിഷപ്പ് എത്തി എല്ലാവരെയും അനുഗ്രഹിച്ചു. ആ നിമിഷം, ദൈവത്തിന്റെ സാന്നിധ്യം എത്ര യാഥാർഥ്യമാണെന്ന് ഞങ്ങൾ വീണ്ടും തിരിച്ചറിഞ്ഞു.


ഒരുപക്ഷേ, ഫുൾടൈമർഷിപ്പിന് മുൻപ് എന്റെ ജീവിതത്തിന്റെ വേഗത പത്ത് കിലോമീറ്റർ ആയിരുന്നെങ്കിൽ, അതിനുശേഷം അത് നൂറ് നൂറ്റിരുപതായി മാറിയെന്നു പറയാം. കർത്താവിനുവേണ്ടി ഞാൻ മാറ്റിവച്ച ആ ഒരു വർഷം എനിക്ക് ആത്യന്തം പ്രയോജനകരമായതായിരുന്നു, അതിന് ഞാൻ തന്നെയാണ് ജീവസാക്ഷ്യം. വീട്ടിൽ നിന്നുള്ളവരിൽ പലരും പറഞ്ഞിരുന്നു: "ഒരു വർഷം നീ നഷ്ടപ്പെടുത്തുമ്പോൾ, നിന്റെ കൂട്ടുകാർ നിന്നെക്കാൾ മുന്നിലാകും; നിനക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകും." പ്രായോഗികമായി ചിന്തിച്ചാൽ അത് ശരിയായിരുന്നു. പക്ഷേ, ദൈവത്തോടുചേർന്ന് ആ ഒരു വർഷം ചെലവഴിച്ചപ്പോൾ അവിടന്നെന്നെ അത്ഭുതകരമായി വളർത്തി. ഒരു ഇന്റർവ്യൂവിൽ എങ്ങനെ പങ്കെടുക്കണം, ആത്മവിശ്വാസത്തോടെ എങ്ങനെ സംസാരിക്കണം, ക്ലാസ്സുകൾ എടുക്കുന്നത് എങ്ങനെ, പബ്ലിക് സ്പീക്കിങ്ങിൽ എങ്ങനെ നിലകൊള്ളണം, ഇതെല്ലാം വ്യക്തതയോടും കൃത്യതയോടും കൂടി പഠിക്കാൻ കഴിഞ്ഞത് ആ വർഷത്തിലാണ്. അവിടന്നെന്നെ പിന്നെയും പടിപടിയായി വളർത്തി. അവിടത്തെ കൈപിടിച്ച് ഞാൻ നോർത്ത് ഇന്ത്യയിലും, ദുബായിലും ജോലിചെയ്തു, പിന്നീട് ബാംഗളൂരിൽ സ്ഥിരതാമസമായി.

വിവാഹം കഴിഞ്ഞു, ഇന്ന് ഞാൻ രണ്ട് കുട്ടികളുടെ അച്ഛനാണ്; മൂത്തവൻ പ്ലസ് ടു പഠിക്കുന്നു, ഇളയവൾ ഏഴാം ക്ലാസ്സിൽ. അവരോടൊപ്പം ദൈവസ്നേഹത്തോടും സന്തോഷത്തോടും കൂടെ ജീവിക്കാനാകുന്നത് ദൈവകൃപയാലാണ്. ദൈവത്തെ മഹത്വപ്പെടുത്തി ഞാൻ പറയട്ടെ – ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന ഓരോ കാര്യവും അവിടന്ന് പതിന്മടങ്ങായി തിരിച്ചു തരും. ജീവിതത്തിൽ ബുദ്ധിമുട്ടുകളും പ്രതിസന്ധികളും വരുമ്പോൾ ഞാൻ ഈ വചനം ഓർക്കും: "ദൈവം നമ്മുടെ പക്ഷത്തായാൽ, ആരു നമുക്ക് എതിരുനിൽക്കും?" (റോമാ 8, 31). ഇത് തന്നെയാണ് ഞാൻ എന്റെ മക്കളെയും പഠിപ്പിക്കുന്നത് "ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു; അവിടന്ന് നമ്മെ സംരക്ഷിക്കും."

ഇന്ന്, ജീസസ് യൂത്തിന്റെ പ്രവർത്തനങ്ങളിൽ ഫുൾടൈമേഴ്സിനൊപ്പം പിന്നിൽ നിന്ന് സഹായിക്കാൻ സമയം കണ്ടെത്താറുണ്ട്. അതോടൊപ്പം, ജോലിസംബന്ധമായ ഉത്തരവാദിത്വങ്ങളും ദൈവകൃപയാൽ മനോഹരമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്നു.

***ജൂബി ജോണി കിൻഡ്രിൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ സീനിയർ ഐ.ടി. മാനേജരായി ജോലിചെയ്യുന്നു. ഭാര്യ ഷൈനാമോളോടും രണ്ടു മക്കളോടുമൊപ്പം തിരുവനന്തപുരത്തു താമസിക്കുന്നു.***





ഫ്രം ദി ഹാർട്ട് - ഡോ. എഡ്വേർഡ് എടേഴത്ത്



# ജീസസ് യൂത്ത് 85ന്റെ ആവശേവും വർണപ്പൊലിമയും

കഴിഞ്ഞയിടെ ഹൂസ്റ്റണിലെ വി. ആഞ്ചലാ മെറിച്ചി പള്ളിയങ്കണത്തിൽവച്ച് ജോസിയേയും ഭാര്യയേയും കാണാനിടയായി. കുറച്ചേറെ ജീസസ് യൂത്ത് സുഹൃത്തുക്കളും അവിടെ ഉണ്ടായിരുന്നു. നിമിഷങ്ങൾക്കുള്ളിൽ ഞങ്ങൾ പഴയ ഓർമകളെല്ലാം അയവിറക്കാൻ തുടങ്ങി. ജോസിയാണ് ജീസസ് യൂത്ത് '85നു മുന്നോടിയായി ക്രിസ്മസ് കാർഡ് തയ്യാറാക്കിയത്. സംസാരത്തിനിടെ ആ കാർഡിന്റെ ഒരു പകർപ്പ് ഫോണിൽ ഞാൻ കാണിച്ചു. എല്ലാവർക്കും അതിശയമായി.

ജോസിക്ക് ഏറെ ഓർമകൾ പങ്കുവയ്ക്കാൻ ഉണ്ടായിരുന്നു, വലിയ തിരക്കിന്റെ ഒപ്പം ദൈവാനുഗ്രഹ നിറവിന്റെ ആ സുന്ദര ദിനങ്ങൾ. മുന്നേറ്റത്തിന്റെ ആരംഭം മുതലുള്ള പല രേഖകളും ഞാൻ ഓൺലൈനായി സൂക്ഷിച്ചിട്ടുണ്ട് എന്നു കേട്ടപ്പോൾ ചിലർക്ക് ഒരാഗ്രഹം: "ജീസസ് യൂത്ത് തുടങ്ങിയ കാലത്തെ രേഖകൾ ഒന്ന് കാണാൻ പറ്റുമോ? നിങ്ങളൊക്കെ ചെയ്തതെല്ലാം അറിയാൻ പറ്റിയാൽ നന്നായിരുന്നു." ഞാൻ സന്തോഷത്തോടെ സമ്മതിച്ചു.

> കെഎസ്ടി. ദേശീയ ചെയർമാൻ ഫാ. ഫിയോയുടെ നിർദേശപ്രകാരം ആദ്യത്തെ വലിയ യുവജന സമ്മേളനം ആ ഡിസംബറിൽ നടന്നു.

അന്ന് ഞങ്ങൾ കുറച്ചുപേർ അനുവിന്റെ വീട്ടിൽ ഒത്തുചേർന്ന് എന്റെ ഡിജിറ്റൽ ശേഖരങ്ങൾ തുറന്ന്, ജീസസ് യൂത്ത് 85ന്റെ ഓർമകളിലൂടെ ഒരിക്കൽ കൂടെ യാത്രയായി. കുറേ ചോദ്യങ്ങൾ, പിന്നെ ഏറെ ആവേശവും സന്തോഷവും. പുതുതലമുറയ്ക്ക് മുന്നേറ്റ വേരുകളെകുറിച്ച് ഉൾക്കാഴ്ച പകർന്നതിനൊപ്പം ആ ദിനങ്ങൾ അനശ്വരമാക്കിയ കുറേ നല്ലവരെയും അവരുടെ വലിയ സംഭാവനകളും ഒന്നുകൂടെ ഓർക്കാനുള്ള നല്ലൊരവസരം കൂടെയായി ആ സായാഹ്നം.

## നാഴിക കല്ലുകൾ 1976 മുതൽ

ഞാൻ സൂക്ഷിക്കുന്ന അനേക രേഖകളിൽ ഒന്ന് 'ജെ.വൈ മൈൽ സ്റ്റോൺസ്" എന്ന പേരിൽ 1976 മുതൽ ജീസസ് യൂത്ത് മുന്നേറ്റവുമായി ബന്ധപ്പെട്ട് ഓരോ വർഷവും നടന്ന പ്രധാന സംഭവങ്ങളുടെയും അതുമായി ബന്ധപ്പെട്ട പ്രധാന ആളുകളുടെയും ഒരു ലിസ്റ്റ് ആണ്. അതിൽ തുടങ്ങി ഞങ്ങളുടെ അന്നത്തെ ചർച്ച. മുന്നേറ്റത്തിൽ വളരെ ചെറുതായി തുടങ്ങിയ പലതിന്റെയും വളർച്ച കാണിക്കുന്ന ഒരു രേഖാചിത്രത്തോടുകൂടെയായിരുന്നു അത്.

ആ വർഷം ജൂണിൽ കേരളത്തിൽ രണ്ടു ധ്യാനങ്ങൾ നടന്നു. പിന്നെ കൊച്ചിയിൽ സെന്റ് തെരേസാസ് ഗ്രൂപ്പ് എന്ന പേരിൽ ഒരു പ്രാർഥനാ സമൂഹത്തിനു തുടക്കവുമായി. ആ ഓണക്കാലത്ത് കളമശ്ശേരി സെന്റ് പോൾസ് കോളേജ് ഹോസ്റ്റലിൽ കുറച്ചു വൈദികരും കുറേ വിദ്യാർഥികളും ഒരു ധ്യാനത്തിൽ പങ്കെടുത്തു.

1976ലെ ആ തുടക്കം തുടർന്നുള്ള ഓരോ വർഷവും കേരളാതലത്തിൽ പല പടികളിലൂടെ തുടർന്നു, അതോടൊപ്പം സ്നേഹബന്ധങ്ങളുടെ ഒരു നല്ല ശൃംഖലയും. എന്റെ കസിൻ സ്റ്റെഫനി വഴിയാണ് ആ ജൂൺ മാസത്തിലെ ധ്യാനത്തിനിടെ ആലിസ്കുട്ടിയെ ഞാൻ കണ്ടുമുട്ടിയത്. തുടർന്ന് പല ഒത്തുചേരലുകളിലും മാർസലിനോ അച്ചന്റെ വലിയ പിന്തുണയുണ്ടായിരുന്നു. ആ യാത്ര പിന്നീട് വലിയൊരു മുന്നേറ്റ പ്രയാണമായി.

ഞങ്ങൾ പരിശോധിച്ച രേഖകളിൽ 1977ലെ ഒരു ഫോട്ടോ



ഉണ്ടായിരുന്നു. തലേ വർഷത്തെ കളമശ്ശേരി ധ്യാനത്തിന്റെ ഫോളോ–അപ് മീറ്റിംഗ്. അതിലെ യുവാക്കളുടെ വസ്ത്രധാരണ മാണ് ചിലർ ശ്രദ്ധിച്ചത് എന്തായാലും ആ ഫോട്ടോയിലെ ചില മുഖങ്ങൾ തുടർന്നുള്ള മുന്നേറ്റ യാത്രയിലെ പ്രധാനികളായി.

## ഏഴ് വർഷത്തെ ഒരുക്കം

അടുത്ത പ്രധാന കാൽവയ്പ് 1978ൽ. ആ ഫെബ്രുവരിയിൽ കേരളത്തിലെ നവീകരണ ശ്യംഖലയ്ക്ക് നേതൃത്വം രൂപീകൃതമായി, കെ.എസ്.ടി. ദേശീയ ചെയർമാൻ ഫാ. ഫിയോയുടെ നിർദേശ പ്രകാരം ആദ്യത്തെ വലിയ യുവജന സമ്മേളനം ആ ഡിസംബറിൽ നടന്നു. അതിന്റെ പിങ്ക് നിറത്തിലുള്ള ബ്രോഷറും ബാഡ്ജുകളും നോക്കിയായിരുന്നു തുടർ സംഭാഷണം. ഒരു ആദ്യ കേരളതല യുവജന സമിതി, പിന്നെ വിവിധ കേന്ദ്രങ്ങളിൽ യുവാക്കളെ ഒത്തു കൂട്ടി ചർച്ചായോഗങ്ങൾ, തുടർ ഒരുക്കങ്ങൾ. ഓണക്കാലത്ത് കൊച്ചിയിൽ അഞ്ച് വലിയ ഒരുക്ക ധ്യാനങ്ങൾ. വർഷാവസാനം 800 ഓളം പേർ തേവര എസ്എച്ച് കോളേജിൽ ഒത്തുകൂടി.

അടുത്ത പ്രധാനരേഖ 1981ലേതായിരുന്നു. മുന്നേറ്റ ദർശനത്തിന്റെ ആദ്യ കരടുരേഖ എന്നുപറയാം. കേരളത്തെ 14 സോണുകളായി തിരിച്ച് അവയ്ക്ക് നേതൃത്വം, കേരളതല സംവിധാനം, ശ്രദ്ധിക്കേണ്ട മേഖലകൾ വേണ്ട പരിശീലനങ്ങൾ ഒക്കെ ആ രേഖയിൽ ഉണ്ട്. "അതിലേക്ക് നയിച്ചത് എന്താണ്?" ആരോ ചോദിച്ചു. അടുത്ത വർഷം നടന്ന ഒരു വലിയ ദേശീയ കരിസ്മാറ്റിക്ക് കൺവെൻഷനും അതിന് സന്നദ്ധ പ്രവർത്തകരെ ഒരുക്കാൻ ഫാ. ജിനോ നൽകിയ നിർദേശങ്ങളും ഞാൻ വിവരിച്ചു. അച്ചന്റെ വാക്കുകളിൽ "നല്ല ഒരു യുവ ടീം, വ്യക്തമായ ദർശനം ലക്ഷ്യബോധമുള്ള പ്രവർത്തനം ഒക്കെ വേണം യുവാക്കൾ വേരുറച്ചു വളരാൻ." ആ ചിന്തയെ തുടർന്ന് നിരവധി ചർച്ചാ മീറ്റിംഗുകളിൽ ചിന്തകളും ആത്മ പ്രചോദനങ്ങളും പങ്കുവച്ച് പടിപടിയായി ആ ദർശന രേഖ തയ്യാ റായി. അത് കെ.എസ്.ടി.ക്ക് സമർപ്പിക്കുകയും ചെയ്തു.

## ഫസ്റ്റ് ലൈൻ ഗ്രൂപ്പ്

അടുത്തത് ഒരു പഴയ ഫോട്ടോ ഫസ്റ്റ് ലൈൻ ഗ്രൂപ്പിന്റെ. അവരാ യിരുന്നു "ജീസസ് യൂത്ത് 85" ന്റെ മുഖ്യശില്പികൾ. 1982ലെ രണ്ട് വലിയ നേതൃത്വ പരിശീലനങ്ങൾ, വിഷയം സ്വയാവബോധം. ജൂലൈയിലെ പരിപാടി ഒരുക്കിയ 18 പേർ എല്ലാ മാസവും കേരളത്തിന്റെ ഒരു മുൻനിര എന്നോണം ഒത്തുകൂടാൻ തുടങ്ങി, ഒരു ടീമിനേക്കാൾ ഒരു കുടുംബം പോലെ. ആ ലാളിത്യവും സ്നേ ഹവും തീക്ഷ്ണതയും സാവധാനം ഒരു മുന്നേറ്റസംസ്കാരമായി.

ആ സ്ഥിര–കൂട്ടായ്മ എല്ലാ സോണുകളിലും നിന്ന് ഒന്നിച്ചുവന്ന് തങ്ങൾ നേതൃത്വം നൽകിയ പ്രവർത്തനങ്ങൾ പങ്കുവച്ചു. ഒപ്പം കേരളത്തിൽ എമ്പാടും പക്വതയും കഴിവുമുള്ള നേതൃത്വം രൂപപ്പെ ടുത്താൻ സ്വയാവബോധത്തിൽ ഊന്നിയ നേതൃപരിശീലനത്തിനും ഫസ്റ്റ് ലൈൻ ശ്രദ്ധിച്ചു. വർഷങ്ങൾ നീണ്ട ആ കൂട്ടായ്മാ പ്രയാണ മാണ് 85ലെ വലിയ സമ്മേളനത്തിൽ എത്തിയത്.

## ഒരു പാപ്പ പകർന്ന ആവേശം

ആഗോള സഭയിലെ വലിയ വേലിയേറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാ നായത് ജീസസ് യൂത്തിന്റെ ഗതി നിർണയിക്കുന്നതിൽ സുപ്രധാന കാരണമായി. 1978ൽ, ഞങ്ങൾ ആദ്യ സമ്മേളനത്തിന് ഒരുങ്ങുന്ന തിനിടെ ഒരു പുതിയ പാപ്പ സ്ഥാനമേറ്റു. എന്നും യുവാക്കളുടെ ആവേശമായ ജോൺപോൾ രണ്ടാമൻ പാപ്പ. അദ്ദേഹത്തിന്റെ വാക്കുകളും ശൈലിയും ഒക്കെ ഞങ്ങളുടെ എല്ലാ ചിന്തകളുടെയും അടിത്തറയായിരുന്നു.

അദ്ദേഹം 1985 അന്താരാഷ്ട്ര യുവജന വർഷമായി പ്രഖ്യാപിച്ചത് വലിയൊരു വഴിത്തിരിവായി. അങ്ങനെ യുവാക്കൾ ലോകത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രമായി. യുവാക്കളുടെ ഭാവിയും, പ്രതീക്ഷയും വെല്ലുവിളികളും ഒക്കെ എല്ലാ വേദികളിലും ചർച്ചയായി. ഞങ്ങ ളുടെ ശ്യംഖലയും അതിൽ ആവേശപൂർവം പങ്കുകാരായി.

1985ൽ റോമിൽ നടന്ന അന്താരാഷ്ട്ര കരിസ്മാറ്റിക് യുവജന സമ്മേളനത്തിലെ ചില ഫോട്ടോകളും ഞാൻ കൂട്ടുകാരെ കാണിച്ചു. ഇന്ത്യയിൽ നിന്ന് ഒരു ചെറു സംഘം ആ സമ്മേളനത്തിൽ പങ്കെ ടുത്തു, കൂട്ടത്തിൽ ഞാനും. ഫാ. ഫിയോ നേതൃത്വം നൽകിയ റോമാ സംഗമത്തിൽ 75 രാജ്യങ്ങളിൽ നിന്നുള്ള യുവാക്കൾ ഒത്തുകൂടി. കുറേ നല്ല ഓർമകൾ – അന്നു ഞാൻ ഒരു പത്ര ത്തിന്റെ ഞായറാഴ്ച പതിപ്പിൽ എഴുതിയ ലേഖനവും അവരെ കാണിച്ചു, പ്രത്യേകിച്ച് കർദിനാൾ സുവനൻസും, ജോൺ പോൾ പാപ്പയും ഒക്കെ ഞങ്ങളുമായി സംവദിച്ചതിനെ പറ്റി. അവിടെ നിന്നു ലഭിച്ച ആശയങ്ങളും ആവേശവും ആ വർഷാവ സാനം നടന്ന ജീസസ് യൂത്ത് 85 കോൺഫറൻസിന്റെ രൂപകല്പ നയെയും ദിശയെയും ഏറെ സ്വാധീനിച്ചു.

## ഒരു പേരും പിന്നെ കുറേ സംഘങ്ങളും

പല പ്ലാനിങ് കുറിപ്പുകളായിരുന്നു അടുത്തത്. ചില ചിന്തകൾ, പേരുകൾ, രേഖാചിത്രങ്ങൾ ഒക്കെ നിറഞ്ഞ പേജുകൾ. 1985ലെ സമ്മേളനത്തിനായി ഫസ്റ്റ് ലൈൻ ഗ്രൂപ്പ് നാലു പേരുകൾ നിർദേശിച്ചു. ഒടുവിൽ, തൃശൂരിൽവച്ച് അതിലൊന്ന് തെരഞ്ഞെടുത്തു. ജീസസ് യൂത്ത് 85 ഒരു പേരും ദർശനവും ആയി. അതിനെ ഞങ്ങൾ മൂന്ന് മുഖ്യ ഊന്നലുകളായി തിരിച്ചു. ഇന്നത്തെ യുവ ലോകം, യേശുവിന്റെ സ്വപ്നം, യുവജന ദൗത്യം (Youth World 85, Jesus World 85, Jesus Youth 85). ഇന്നും അതുതന്നെയല്ലേ മുന്നേറ്റത്തിന്റെ അടിസ്ഥാനങ്ങൾ?

വെട്ടും തിരുത്തും ഒക്കെയുള്ള ആദ്യ പ്രോഗ്രാം ഡ്രാഫ്റ്റും ഞങ്ങളുടെ ചർച്ചാവിഷയമായി. ഒത്തുചേരലിന്റെ ലക്ഷ്യമായി ഞങ്ങൾ കണ്ടത് നല്ല സ്വയാവബോധത്തോടെ ആവേശം പകരുന്ന കൂട്ടായ്മയിൽ ദൗത്യ സ്വപ്നങ്ങൾ മെനയാൻ വേദിയൊരുക്കുക എന്നതായിരുന്നു. അതിനായി ഏറെ ക്രിയാത്മകതയോടെ സമ്മേളനത്തിന്റെ ഓരോ ഘടകവും ശ്രദ്ധാപൂർവം ഒരുക്കി. അതിലെ ഒരു സെഷൻ യേശുവിന്റെ വിവിധ മുഖങ്ങൾ ചിത്രീകരിച്ച ഒരു കടലാസ് ഉപയോഗിച്ച് ഗ്രൂപ്പ് ചർച്ച. അതിലൂടെ സ്വന്ത യേശു അനുഭവം പങ്കുവച്ച് മിഷണറി വിളി തിരിച്ചറിയാൻ നല്ലൊരവസരവും.

സമ്മേളന ലോഗോ, പിന്നീട് അത് മുന്നേറ്റത്തിന്റെ മുഖമായി. ജോസ് ജേക്കബ് ആയിരുന്നു അതിനു പുറകിൽ. സമ്മേളനത്തിന് ഒരുക്കമായി പുറത്തിറങ്ങിയ കുറേ ലഘുലേഖകളിൽ മിക്കതും എന്റെ ശേഖരത്തിൽ ഉണ്ട്. പല ആമുഖ അവതരണങ്ങളും നാല് വിഷയാവതരണ രേഖകളും. അതെല്ലാം ഒരുക്കിയതും ജോസ് തന്നെ. ആ യുവാക്കൾക്ക് അതെല്ലാം പുതിയ അറിവായിരുന്നു.

## ആരെല്ലാം പങ്കെടുത്തു?

കോൺഫറൻസിന്റെ രജിസ്ട്രേഷൻ ഫോം ഏറെ പുതുമയുള്ളതായിരുന്നു. "പങ്കെടുത്തവരുടെ തൊഴിൽ, താത്പര്യങ്ങൾ, കഴിവുകൾ ഒക്കെ കാണണമോ?" അതൊക്കെ കുറിച്ച ആ കടലാസും ചർച്ചയായി. അന്നത്തെ യുവ ലോകത്തിന്റെ ഒരു നല്ല ചിത്രം അവിടെ തെളിഞ്ഞു.

ഒരു ചെറിയ സാമ്പിളിന് ചില കണക്കുകൾ, 85ലെ കോൺഫറൻസിൽ പങ്കെടുത്തവരിൽ 216 കർഷകർ, 77 അധ്യാപകർ, 345 വിദ്യാർഥികൾ, 270 തൊഴിലാളികൾ, പിന്നെ നഴ്സുമാർ, ബിസിനസ്സുകാർ ഒക്കെയുണ്ടായിരുന്നു. അതനുസരിച്ചുള്ള ഒത്തുചേരലുകൾ സമ്മേളനത്തിന്റെ ഭാഗമായിരുന്നു. അവരുടെ കഴിവുകൾ സുവിശേഷവത്ക്കരണ താത്പര്യങ്ങൾ എന്നിവയും ചോദിച്ചിരുന്നു. അതനുസരിച്ച് നടത്തിയ ശില്പശാലകൾ പിന്നീട് വിവിധ മിനിസ്ട്രികൾ തുടങ്ങുന്നതിന് അടിസ്ഥാനമായി. അതിലെല്ലാം മറ്റൊരു ഊന്നൽ കൂടി ഉണ്ടായിരുന്നു വിശുദ്ധിയിലെ വളർച്ചയും മിഷൻ സംരംഭങ്ങളും സാധാരണ ജീവിതവുമായി ഒത്തുപോകേണ്ടതാണ്.

## പുത്തൻ അനുഭവങ്ങൾ

1985 ഡിസംബർ 26–29 വരെ ആയിരുന്നു ജെ.വൈ കോൺഫറൻസ്. സംഘാടനം കേരള കരിസ്മാറ്റിക് നവീകരണ നേതൃത്വമായ കെ.എസ്.ടി. അനേക മാസങ്ങൾ നീണ്ട ഒരുക്കങ്ങളിൽ പ്രധാന ഊന്നൽ, വ്യാപകമായ യുവജന പങ്കാളിത്തത്തിനും അവരുടെ ചിന്തകളും സ്വപ്നങ്ങളും പ്രകാശിതമാകുന്നതിനുമായിരുന്നു.

ഞങ്ങളുടെ മുന്നിലെ ഒരു ചോദ്യം ഇതായിരുന്നു "അധികം പ്രസംഗങ്ങൾ ഇല്ലാത്ത ഒരു യുവജന സമ്മേളനം നടത്താനാകുമോ?"

ഏറെ ചർച്ചകൾക്കുശേഷം, ഓരോ ദിവസവും ഒരു പ്രധാന വിഷയാവതരണവും ശേഷം  മുഴുസമയം ക്രിയാത്മകവും നല്ല പങ്കാളിത്തവുമുള്ള കാര്യങ്ങൾക്കുമായി മാറ്റിവച്ചു. വിഷയാവതരണം:

- ദിനം 1: Youth World 85 ഫാ. ജിനോ
- ദിനം 2: Jesus World 85   ഫാ. വെള്ളാനിക്കൽ
- ദിനം 3: Jesus Youth 85   ആലിസ്കുട്ടി

ഇതിനിടയിൽ പാനൽ ചർച്ചകൾ, 'സെറൻഡിപിറ്റി' വചന പഠനം, ചിത്രങ്ങൾ ഉപയോഗിച്ച് ചർച്ച, ജീവിതാവസ്ഥാ ഗ്രൂപ്പുകൾ, ദൃശ്യാവതരണങ്ങൾ, ശില്പശാലകൾ, സംഗീതം തുടങ്ങി ഏറെ പരിപാടികളായിരുന്നു. പ്രധാന ആകർഷണങ്ങളിൽ ഒന്ന് 'പൊതുവേദിയിലെ ക്രൈസ്തവ സാക്ഷ്യം' എന്ന പാനൽ ചർച്ചയായിരുന്നു. അതിൽ ഒരു രാഷ്ട്രീയനേതാവ്, പ്രൊഫസർ, സാമൂഹിക പ്രവർത്തക, പൊലീസ് ഓഫീസർ എന്നിവർ പങ്കെടുത്തു. അവർ സ്വന്ത അനുഭവ വെളിച്ചത്തിൽ സംസാരിച്ചു.

**85ലെ കോൺഫറൻസിൽ പങ്കെടുത്തവരിൽ 216 കർഷകർ, 77 അധ്യാപകർ, 345 വിദ്യാർഥികൾ, 270 തൊഴിലാളികൾ, പിന്നെ നഴ്സുമാർ, ബിസിനസ്സുകാർ ഒക്കെയുണ്ടായിരുന്നു.**

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ, ആ ഏഴ് വർഷത്തെ ചിന്തകളും കണ്ടെത്തലുകളും പുതുവഴികൾ തേടിയ ആ സമ്മേളനത്തിലേയ്ക്ക് എത്തിച്ചു. അത് വർഷങ്ങളായി വളർന്നുവന്ന യുവപ്രേഷിത ശൃംഖലയുടെ അടുത്ത ഘട്ടത്തിലേക്കുള്ള വാതായനമായി. ആത്മപ്രേരിതമായ ക്രിയാത്മകതയും, ഗാഢമായ സ്നേഹബന്ധങ്ങളും മങ്ങാത്ത മിഷണറി ആവേശവും ഒത്തുചേർന്നാൽ വലിയ അത്ഭുതങ്ങൾ സാധ്യമാക്കും എന്നതിന് തുടരുന്ന സാക്ഷ്യമായിത്തീർന്നു ആ സമ്മേളനവും ഈ മുന്നേറ്റവും.

ജീസസ് യൂത്ത് 85 അരങ്ങേറിയത് നാലു പതിറ്റാണ്ടുകൾക്ക് മുൻപാണ്. ഭാരതത്തിലെ ഒരു സംസ്ഥാനത്തെ യുവജനങ്ങളുടെ ദൗത്യബോധം ഉണർത്തി വളർത്തുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. കാലം ഏറെ പിന്നിട്ടെങ്കിലും അന്ന് കത്തിപ്പടർന്ന ആ ജ്വാല ഇന്നും ഒട്ടും മങ്ങാതെ പതിന്മടങ്ങ് പ്രകാശത്തോടെ കത്തിപ്പടർന്നുകൊണ്ടിരിക്കുന്നു. ഒരു രാജ്യം മുഴുവനും മാത്രമല്ല അനേക രാജ്യങ്ങളിലും വിവിധ സംസ്കാരങ്ങളിലും അതിന്റെ ചുറ്റോളങ്ങൾ ചലനം സൃഷ്ടിക്കുന്നു.

ഫലത്തിൽ നിന്ന് വൃക്ഷത്തെ അറിയുക എന്നാണല്ലോ പറയുക. ജെ.വൈ 85ന്റെ തുടർച്ച എന്ന് പറയുമ്പോൾ ഒരു പേരും ലോഗോയും ഒക്കെയാണ് മനസ്സിൽ ഓടിയെത്തുക. എന്നാൽ, അതിനുമപ്പുറം ഒരടിസ്ഥാന ദർശനവും, അനേക ശൈലികളും, വിചിന്തന വിഷയങ്ങളും, ഒരു മുന്നേറ്റത്തിന്റെ ഡി.എൻ.എ. തന്നെയും ആ ആത്മ വിസ്ഫോടനത്തിൽ നിന്ന് ബഹിർഗമിച്ചു. ആ തീർഥാടനം ഇന്നും തുടരുകയാണ്. ജീസസ് യൂത്ത് 85ന്റെ ആവേശവും ചടുലതയും അനേക ഇടങ്ങളിലും രാജ്യങ്ങളിലും ആയിരങ്ങളുടെ സുവിശേഷ ചൈതന്യത്തിലും സ്നേഹ കൂട്ടായ്മകളിലും ഇന്നും ജീവിച്ച് ഫലമണിയുന്നു.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



പാഥേയം - ശശി ഇമ്മാനുവേൽ

# ആത്മനിന്ദ

"ഞാൻ പാപികൾക്കുവേണ്ടി കാത്തിരിക്കുന്നുവെന്ന് അവരോടു പറയുക എനിക്കു വേണ്ടി അവരുടെ ഹൃദയം എന്ന് തുടിക്കുമെന്നറിയാൻ അവരുടെ ഹൃദയത്തുടിപ്പുകളെ ഞാൻ ശ്രദ്ധയോടെ നിരീക്ഷിക്കുന്നു. എഴുതുക പശ്ചാതാപ പൂർണമായ അവരുടെ മനഃസാക്ഷിയിലൂടെയും, പരാജയങ്ങളിലൂടെയും, സഹനങ്ങളിലൂടെയും, ഇടിമിന്നലിലൂടെും, കൊടുങ്കാറ്റിലൂടെയും.. ഞാൻ അവരോടു സംസാരിക്കുന്നു" (വി.ഫൗസ്റ്റീനയുടെ ഡയറി :1728).

സ്വയാവബോധത്തിൽ നിന്നും താനൊന്നുമല്ലെന്ന ആത്മപ്രകാശനത്തിലൂടെ ജീവിതസാഫല്യമനുഭവിക്കാൻ നമുക്കുമാവും. ആത്മനിന്ദ അതിനു നമ്മെ എങ്ങനെ സഹായിക്കുമെന്ന അറിവാണീ ലേഖനം

ജ്ഞാനപീഢജേതാവും, വിഖ്യാത എഴുത്തുകാരനുമായ എം.ടി വാസുദേവൻ നായർക്ക് വർഷങ്ങൾക്കു മുമ്പ് അദ്ദേഹം മാതൃഭൂമി മാസികയുടെ എഡിറ്ററായിരിക്കുമ്പോൾ ഒരു കത്ത് ലഭിക്കുന്നു. മഹാകവി പി. കുഞ്ഞിരാമൻ നായരാണ് എഴുതിയിരിക്കുന്നത്. ഞാനെന്റെ ആത്മകഥ എഴുതുന്നു. അനുഗ്രഹിക്കണം, ഉപദേശിക്കണം. 'അന്ന് സാഹിത്യ രംഗത്ത് വളർന്നു വരുന്ന ഒരു ഇളമുറക്കാരന് ഇത്തരം ഒരു കത്ത് പ്രതീക്ഷിക്കാവുന്നതല്ല; എന്നാൽ, മഹാകവി ഏതു കുഞ്ഞിനോടും അങ്ങനെ ചോദിക്കുന്ന 'എളിമയുടെ അസുഖ'ക്കാരനായതിനാൽ എം.ടി.ക്ക് അത്ഭുതം തോന്നിയില്ല. ഉപദേശിക്കാനോ അനുഗ്രഹിക്കാനോ താൻ ആരുമല്ലാതിരുന്നിട്ടും മറുപടിയിൽ എം.ടി. എഴുതിയത് 'ആത്മനിന്ദയോടെ എഴുതുകയാണ് നല്ലതെന്ന് തോന്നുന്നു' എന്നായിരുന്നു.

സ്വന്തം വീരപരാക്രമങ്ങൾ ഒരുപാട് ആത്മകഥ എന്ന പേരിൽ അടിച്ചേൽപിക്കപ്പെട്ടത് എഡിറ്ററെന്ന നിലയിൽ വായിച്ചതിന്റെ കയ്പ്പു നിറഞ്ഞ അനുഭവമായിരുന്നത്രെ ഇങ്ങനെ മറുപടി എഴുതാൻ കാരണം. ആത്മനിന്ദയോടെ തങ്ങളുടെ ജീവിതത്തെ ലോകത്തിനു മുമ്പിൽ തുറന്നു വച്ച രണ്ട് വലിയ മനുഷ്യനെ ഓർക്കുകയാണ്. ഒരാൾ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്.



Painting: Saint Augustin, oil on canvas (c 1645-1650) by Philippe de Champaigne

ചിലതൊക്കെ ബാല്യത്തിന്റെ ചാപല്യമെന്നോ അറിവില്ലായ്മ എന്നോ പറഞ്ഞ് മാറ്റിവയ്ക്കാമായിരുന്നിട്ടും തന്റെ സത്യാന്വേഷണത്തെ പങ്കിട്ട ആത്മകഥയിൽ തുറന്നെഴുതാൻ മഹാത്മാവിന് മടിയുണ്ടായില്ല. സ്വന്തം പിതാവിന്റെ മരണക്കിടക്കയുടെ അരികിൽ നിന്ന് ആ രാത്രി ശരീരത്തിന്റെ പ്രേരണക്ക് വഴങ്ങി ഭാര്യയോടൊത്ത് (ശൈശവ വിവാഹം അനുവദനീയമായ കാലം) ശയിക്കാൻ പോയ മോഹൻദാസിന് പ്രായം വെറും പതിനാറ്. തന്റെ ഇടർച്ചയെ അദ്ദേഹം മറയില്ലാതെ തുറന്ന് എഴുതിവച്ചു.

മറ്റൊരാൾ ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിനാണ്. തന്റെ ആത്മകഥയ്ക്ക് അഗസ്റ്റിന്റെ ഏറ്റുപറച്ചിൽ അഥവാ കുമ്പസാരം എന്നാണല്ലോ പേരിട്ടത് തന്നെ. തനിക്കുണ്ടായ എല്ലാ പാളിച്ചകളേയും മറകൂടാത മറ്റുള്ളവർക്കു മുമ്പിൽ ഏറ്റുപറഞ്ഞ്, തന്നെ "അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാൻ" (റോമാ 13, 12) കൃപ നൽകിയ ദൈവത്തെ മഹത്ത്വപ്പെടുത്തുകയായിരുന്നു വി. അഗസ്റ്റിൻ. ഇത്തരം തുറന്നുള്ള ഏറ്റുപറച്ചിലുകളും, പങ്കുവയ്ക്കലുകളും ഒരുപാട് ജീവിതങ്ങളെ അവരുടെ കുറവുകളോടെ സ്വീകരിക്കാനും വിമലീകരിക്കാനുള്ള സാധ്യത കണ്ടെത്താൻ സഹായിക്കുകയും ചെയ്തു. ദാവീദിന്റെ അൻപത്തിയൊന്നാം സങ്കീർത്തനം ഒരു തുറന്നെഴുത്താണ്, ക്രിസ്തു ശിഷ്യരിൽ അഗ്രഗണ്യനായിരുന്നിട്ടും വി. പൗലോസ് തന്നെത്തന്നെ വിശേഷിപ്പിച്ചത് 'പാപികളിൽ ഒന്നാമൻ' (1 തിമോ 1, 15) എന്നാണ്.

...ശാന്തിതേടി അലഞ്ഞ ഒരാത്മാവ് സ്വർഗകവാടത്തിൽ മുട്ടിക്കൊണ്ടു പറഞ്ഞു. ഉടനേ അകത്തുനിന്ന് ഉത്തരമുണ്ടായി: "വാതിൽ തുറക്കാം. പക്ഷേ അതിനു മുമ്പ് ദൈവത്തിന് ഏറ്റവും പ്രീതികരമായ കാഴ്ച കൊണ്ടുവരൂ."

ഇക്കാലത്തെ വല്ലാത്തൊരു ദുരന്തം നമ്മളൊക്കെ 'ഭയങ്കര വിശുദ്ധരായി' മാറി എന്നതാണ്. ഒരു കുമ്പസാരക്കൂടിന്റെ സഹായം പോലുമില്ലാതെ ജീവിക്കാനാവുംവിധം വിശുദ്ധരായി മാറിക്കഴിഞ്ഞു. കേട്ടിട്ടില്ലേ പണ്ടൊരു ചേട്ടന്റെ വാമൊഴി. 'മത്തായി കള്ളും കുടിക്കും, പെണ്ണും പിടിക്കും പക്ഷേ മനഃസാക്ഷി വിട്ട് ജീവിക്കാറില്ല.' കിടപ്പ് പന്നിക്കുഴിയിലാണ് എന്നിട്ടും ഇത്തരം 'മനഃസാക്ഷി' ഉള്ളതുകൊണ്ട് വലിയ പ്രശ്നമില്ല. പ്രാർഥിക്കാൻ പോയ ഫരിസേയന് എങ്ങനെയാണ് നീതികരിക്കപ്പെടാതെ മടങ്ങിപ്പോകേണ്ടി വന്നത്? നിരത്തിവച്ച സത്കർമങ്ങളിലൊന്നും തമ്പുരാൻ വലിയ മഹിമ കണ്ടതുമില്ല. ചുങ്കക്കാരൻ ആത്മനിന്ദയോടെ തല കുനിച്ചതേയുള്ളൂ. ബാക്കിയെല്ലാം ഓ.കെ.

"അങ്ങയുടെ മുഖപ്രകാശത്തിൽ എന്റെ രഹസ്യ പാപങ്ങൾ വെളിവാകുന്നു" (സങ്കീ 90, 8). അകലം കുടുംതോറും ഒന്നും മനസ്സിലാകണമെന്നില്ല. ക്രിസ്തുവിനടുത്തേക്ക് ലേശംകൂടെ അടുത്തപ്പോൾ വി. അഗസ്റ്റിനും, പത്രോസ് ശ്ലീഹയുമൊക്കെ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു "കർത്താവേ, അകന്നു പോകണമേ ഞാൻ പാപിയാണേ" (ലൂക്ക5, 8). ഒരാൾ ആത്മഗതമായി പറയുന്നു: "നമ്മുടെ കാലത്തെ ഒരു സവിശേഷത – മനുഷ്യരിൽ പാപം വർധിക്കുകയും, പാപബോധം വറ്റിപ്പോവുകയും ചെയ്തു എന്നതാണെന്ന് " എത്ര ഹീനമായ കാര്യത്തിലും ഒരു മടിയും (വ്യസനവും) കൂടാതെ ഉൾച്ചേരാനാവുംവിധം നമ്മുടെ മനഃസാക്ഷി (വിശിഷ്യാ ക്രിസ്തീയ മനഃസാക്ഷി) വശീകരിക്കപ്പെട്ടു കഴിഞ്ഞു.

ആത്മനിന്ദയോടെ ജീവിതത്തെ നോക്കുമ്പോഴാണ് അൻപത്തിയൊന്നാം സങ്കീർത്തനം നമ്മുടെ ജീവിതത്തിൽ പിറക്കുകയുള്ളൂ. എന്തൊക്കെ ഏറ്റുപറച്ചിലാണ് ഒരു രാജാവായിരുന്നിട്ടും ദാവീദിന്റെ ഉള്ളിൽനിന്നു വരുന്നത്. ക്രിസ്തുവിൽ നമ്മുടെ ആത്മാനുതാപം കുറ്റബോധത്തിന്റെയല്ല, മറിച്ച് പാപബോധത്തിന്റേതാണ്. നഷ്ടപ്പെട്ട (കളങ്കപ്പെട്ട) വെളുത്ത മേലങ്കിക്ക് പകരം മറ്റൊന്നിന് വേണ്ടി അമ്മയോട് കേഴുന്ന ഒരു കുഞ്ഞിന്റെ ആശ്രയ ബോധം.

"തുറക്കൂ, ദയവായി വാതിൽ തുറക്കൂ" ശാന്തിതേടി അലഞ്ഞ ഒരാത്മാവ് സ്വർഗകവാടത്തിൽ മുട്ടിക്കൊണ്ടു പറഞ്ഞു. ഉടനേ അകത്തുനിന്ന് ഉത്തരമുണ്ടായി: "വാതിൽ തുറക്കാം. പക്ഷേ, അതിനു മുമ്പ് ദൈവത്തിന് ഏറ്റവും പ്രീതികരമായ കാഴ്ച കൊണ്ടുവരൂ." ദൈവത്തിന് ഏറ്റവും പ്രീതികരമായ കാഴ്ചവസ്തു തേടി ആ ആത്മാവ് ലോകംമുഴുവനും നടന്നു. അതിനിടയിൽ സ്വന്തം രാജ്യത്തിനുവേണ്ടി സധൈര്യം അടരാടിയ ഒരു പടയാളിയുടെ ഹൃദയത്തിലെ അവസാന രക്തത്തുള്ളി ആ ആത്മാവിനു ലഭിച്ചു. ആ രക്തത്തുള്ളിയുമായി ആത്മാവ് സ്വർഗകവാടത്തിലെത്തി. പക്ഷേ, ദൈവത്തിന് ഏറ്റവും പ്രീതികരമായ കാഴ്ചവസ്തു അതായിരുന്നില്ല. പിന്നീട് ഒരു കാമുകി, മരിക്കാൻപോകുന്ന തന്റെ കാമുകന്റെ നെറുകയിൽ നൽകിയ അന്ത്യചുംബനം കൊണ്ടുവന്നു. അതും ദൈവത്തിന് ഏറ്റവും സ്വീകാര്യമായ കാഴ്ചവസ്തുവല്ലായിരുന്നു. വീണ്ടും ആത്മാവ് അലഞ്ഞുനടക്കുമ്പോൾ കൈകൾ കൂപ്പി പ്രാർഥിക്കുന്ന ഒരു പിഞ്ചുബാലനെ കാണാനിടയായി. ആ ബാലനെ ശ്രദ്ധിച്ചു കൊണ്ടു നിൽക്കുമ്പോൾ അടുത്തുനിൽക്കുന്ന ഒരു മനുഷ്യനെ ആത്മാവ് കണ്ടു. ആ മനുഷ്യനും നിഷ്കളങ്കനായ ആ ബാലന്റെ പ്രാർഥന ശ്രദ്ധിക്കുകയായിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ പാപിയായ ആ മനുഷ്യന്റെ കണ്ണിൽനിന്ന് അനുതാപത്തിന്റെ ചുടുകണ്ണീർ വീഴുന്നത് ആത്മാവ് കണ്ടു. എത്രയുംവേഗം ആ കണ്ണീർക്കണങ്ങളിലൊന്നു ശേഖരിച്ച് ആത്മാവ് സ്വർഗകവാടത്തിലെത്തി. അപ്പോൾ സ്വർഗകവാടം താനേ തുറക്കപ്പെട്ടു. കാരണം, ദൈവത്തിന് ഏറ്റവും പ്രീതികരമായ കാഴ്ചവസ്തുവായിരുന്നു അനുതാപത്തിന്റെ ആ ചുടുകണ്ണീർക്കണം.

നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ 1, 89).

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യൂക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ.***

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# സംതൃപ്തിയോടെ

"ഞാനിപ്പോൾ സെന്റ് ജോസഫ് ആശുപത്രിയിലാണ്. കുറച്ചു മരുന്നുകൾ കഴിക്കുന്നുണ്ടെങ്കിലും ആരോഗ്യനിലയിൽ പുരോഗതി കാണുന്നില്ല. ഞാൻ നല്ല ഓട്ടം ഓടി. അതിനായി എന്നെ ഒരുക്കാനും നയിക്കാനും ദൈവത്തിന്റെ കൃപയുടെ കരങ്ങൾ എന്നോടൊപ്പം ഉണ്ടായിരുന്നു. നിങ്ങൾ ഓരോരുത്തരും എനിക്ക് ചെയ്തിട്ടുള്ള സഹായത്തിനും പ്രോത്സാഹനത്തിനും ഞാൻ നന്ദി പറയുന്നു." മരണശയ്യയിലായ വേളയിൽ ബഹുമാനപ്പെട്ട മൈക്കിൾ കാര്യമറ്റം അച്ചൻ തന്റെ ഏറ്റവും അടുത്ത ചിലർക്കെഴുതിയ കത്തിലെ ചില കുറിപ്പുകളാണിവ.

ജീവിതത്തിന്റെ അന്ത്യ നിമിഷങ്ങൾവരെ കരുതലോടെ കാത്തുസൂക്ഷിച്ച് അതിനുവേണ്ടി പ്രയത്നിച്ച ഒരു പുരോഹിതന്റെ മനോഭാവത്തിന്റെ പ്രതിഫലനമാണ് ഈ നന്ദി. ഇപ്രകാരമുള്ള നന്ദിയുടെ സംസ്കാരമാണ് ഒരു വ്യക്തിയെ സംതൃപ്തിയോടെ ജീവിക്കാൻ സഹായിക്കുന്നത്.

അപ്രതീക്ഷിതമായി കോരിച്ചൊരിയുന്ന മഴയും ശക്തമായ കാറ്റും വീശുന്ന ഒരു വൈകുന്നേരമാണ് ജോസഫ് ചേട്ടന്റെ വീട്ടിൽ എത്തിയത്. വാഴകൃഷി നടത്തുന്ന ജോസഫ് ചേട്ടനോട് കൃഷിയെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ ചോദിച്ചു: "ചേട്ടാ ഈ കാറ്റത്ത് വാഴകൾ നശിച്ചു പോകില്ലേ, രാത്രി സമാധാനമായി ഉറങ്ങാൻ പറ്റുമോ?" ജോസഫ് ചേട്ടൻ ശാന്തനായി പറഞ്ഞു: "ഞാൻ ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ബാക്കി ദൈവം നോക്കിക്കൊള്ളും." ഇങ്ങനെ, ജീവിതത്തിന്റെ പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയം വയ്ക്കുന്നവനാണ് സംതൃപ്തിയോടെ ജീവിക്കാനാകുന്നത്.

ജീവിതത്തിന്റെ ഏത് സാഹചര്യത്തിലും ഹൃദയത്തിൽ അനുഭവിക്കുന്ന സമാധാനമാണ് സംതൃപ്തി എന്ന് വേണമെങ്കിൽ പറയാം. കുരിശിൽ കിടന്ന് അവൻ പറഞ്ഞ, "പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന അവസാനവാക്കും സംതൃപ്തി നിറഞ്ഞ മനസ്സിന്റെ പ്രതിഫലനം ആയിരുന്നു. കാലിത്തൊഴുത്ത് മുതൽ കാൽവരിവരെയും ജീവിതം സംതൃപ്തമാക്കേണ്ടത് എങ്ങനെയാണെന്ന് അവൻ കാണിച്ചുതന്നു.

ജോലി നഷ്ടപ്പെട്ട സമയത്താണ് രാജ്മോഹൻ മദർ തെരേസയുടെ അശരണർക്കുള്ള മന്ദിരത്തിൽ സേവനത്തിനായി വന്നത്. കുറച്ചു മാസങ്ങൾക്കുശേഷം പുതിയ ജോലി ലഭിച്ച് അയാൾ പോകുമ്പോൾ സന്ദർശന ഡയറിയിൽ കുറിച്ചു: എന്റെ ജീവിതത്തിൽ ഏറ്റവും സംതൃപ്തികരമായ സമയങ്ങളിലൂടെയാണ് ഞാൻ കടന്നുപോയത്. ഈ മനുഷ്യരുമായുള്ള ബന്ധങ്ങൾ എന്റെ ഹൃദയത്തിൽ സന്തോഷം നിറച്ചു. മനുഷ്യബന്ധങ്ങളിലുള്ള ഉൾച്ചേരലുകളാണ് വ്യക്തികളെ സന്തോഷമുള്ളവരാക്കി മാറ്റുന്നത്. വ്യക്തിബന്ധങ്ങളിലെ താളപ്പിഴകൾ ദുഃഖകരമായ സാധ്യതകളിലേക്കും നമ്മെ നയിക്കും.

മറ്റുള്ളവർ എന്തു പറയുന്നു എന്ന് ആശങ്കപ്പെടേണ്ടതില്ല. മനസ്സിലാക്കുന്നവർ വിരളമായി മാത്രമേ ഉണ്ടാവുകയുള്ളൂ. അസൂയയും പകയും അവഗണനകളും എല്ലാം സംതൃപ്തിയെ അകറ്റി നിറുത്തുമ്പോൾ സ്നേഹവും സഹിഷ്ണുതയും ക്ഷമാശീലവും വ്യക്തികളുടെ ഹൃദയങ്ങളെ വലുതാക്കുന്നു.

"കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" എന്ന സങ്കീർത്തനം ജീവിതത്തിൽ ശക്തിപ്പെടുത്തട്ടെ.



എഡിറ്റർ-ഇൻ-ചീഫ്



**കവർസ്റ്റോറി** - ബിലാസ് ജോസഫ്

# കൃതജ്ഞത
## ക്രൈസ്തവജീവിതത്തിന്റെ ഹൃദയത്തുടിപ്പ്

ജീവിതത്തിൽ എല്ലായ്പ്പോഴും ദൈവത്തോട് കൃതജ്ഞതയുള്ളവരായിരിക്കുക എന്നതിനപ്പുറം ജീവിതസാഫല്യത്തിന് മറ്റൊന്നും തന്നെയില്ല.

ജീവിതം നമ്മെ പല വഴികളിലൂടെ നയിക്കുന്നു; ചിലപ്പോൾ ഉന്മേഷത്തോടും, ചിലപ്പോൾ നിരാശയോടും. എങ്കിലും, ഒരൊറ്റ മനോഭാവം എല്ലായിടത്തും വെളിച്ചം പകരും, അതാണ് കൃതജ്ഞത. കൃതജ്ഞതയുള്ള ഹൃദയത്തിനാണ് ദൈവത്തെ എല്ലാ സാഹചര്യങ്ങളിലും കാണാനാവുന്നത്. "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ 5, 16–18). നന്ദി പറയുന്നത് ഒരു വാക്കാണ്, ഒരു പ്രവൃത്തിയാണ്; എന്നാൽ കൃതജ്ഞതയെന്നത് ഒരു ജീവിതശൈലിയാണ്.

ടോമിൻ, നമ്മെപ്പോലെ ഒരു സാധാരണ യുവാവ്. അവന്റെ കലാലയജീവിതം തിരക്കും താരതമ്യങ്ങളും നിറഞ്ഞതായിരുന്നു. 'എന്തെല്ലാമാണ് എനിക്ക് ലഭിക്കാത്തതായിട്ടുള്ളത്?' എന്ന ചിന്തയാണ് പലപ്പോഴും അവനെ അലട്ടിയിരുന്ന ഒരു പ്രശ്നം. ഒരു ദിവസം, തങ്ങളുടെ പള്ളിയിലെ യുവജന സംഗമത്തിൽ ഒരു വൈദികൻ പറഞ്ഞ വാക്കുകൾ അവനെ വല്ലാതെ സ്പർശിച്ചു. "ദൈവത്തോടുള്ള വിശ്വാസത്തിന്റെ ആദ്യപടിയാണ് കൃതജ്ഞത." ആ വാക്കുകൾ അവനെ നിശ്ശബ്ദനാക്കി. ടോമിൻ ആലോചിച്ചു, 'കൃതജ്ഞതയില്ലാത്ത വിശ്വാസം വെറും ശൂന്യതയല്ലേ?' അന്ന് മുതൽ അവന്റെ മനസ്സ് മാറി. അമ്മയുടെ പാചകം, സുഹൃത്തിന്റെ ഒരു ചിരി, മഴയുടെ ശബ്ദം, പരീക്ഷയിലെ മാർക്ക്, പുതിയ സൗഹൃദങ്ങൾ.. എല്ലാമവൻ പുതുമയോടെ കാണാൻ തുടങ്ങി. ദിവസങ്ങൾ കടന്നുപോയപ്പോൾ അവന്റെ മനസ്സിൽ അവനറിയാതെ തന്നെ സമാധാനം നിറഞ്ഞു. അവൻ പറഞ്ഞു: "ഞാൻ തേടിയിരുന്നത് സന്തോഷമല്ലായിരുന്നു, കൃതജ്ഞതയായിരുന്നു."

### നന്ദിയും കൃതജ്ഞതയും രണ്ടിനും ഇടയിലുള്ള മൃദുലതാളം

പലപ്പോഴും നാം ഈ രണ്ടിനെയും (നന്ദിയും കൃതജ്ഞതയും) ഒരുപോലെ കരുതുന്നു. പക്ഷേ അവയ്ക്കിടയിൽ ഒരു ആഴമേറിയ വ്യത്യാസമുണ്ട്. നന്ദി (Thank you) ലഭിച്ച സഹായത്തിനുള്ള മറുവാക്ക്. അത് ഒരു നൈമിഷികവികാരമായിരിക്കാം.. കൃതജ്ഞത (Gratitude) ദൈവം നമ്മിൽ പ്രവർത്തിക്കുന്നതിനെ തിരിച്ചറിയുന്ന ഹൃദയാവസ്ഥയാണ്. അത് ആന്തരികവും ദീർഘകാലികവുമാണ്. നന്ദി ഒരു സംഭവത്തിനുശേഷം ഉണ്ടാകുന്ന പ്രതികരണം, കൃതജ്ഞത അതിന് മുമ്പേയുള്ള ഉറച്ച വിശ്വാസം. വിശുദ്ധ ജോൺ മരിയ വിയാനി പറഞ്ഞ വാക്കുകൾ ഈയവസരത്തിൽ വളരെ ശ്രദ്ധേയമാണ്: 'A grateful heart is a magnet for miracles' (കൃതജ്ഞതയുള്ള ഹൃദയം അത്ഭുതങ്ങളെ ആകർഷിക്കുന്നു).

### നന്ദിയുടെ സംഗീതം

ജീവിതം എല്ലായ്പ്പോഴും എളുപ്പമല്ല. എന്നാൽ, കൃതജ്ഞതയുള്ളവർ തങ്ങളുടെ ജീവിതത്തിലെ ഓരോ വെല്ലുവിളികളെയും ദൈവത്തിന്റെ കൃപയായാണ് കാണുന്നത്. അത് ദുഃഖങ്ങളെ ഒഴിവാക്കുന്നില്ല, പക്ഷേ അവയ്ക്കു അർഥം നൽകുന്നു. വിശുദ്ധ മദർ തെരേസയുടെ വാക്കുകൾ അതിന് തെളിവാണ്: 'The best way to show your gratitude to God is to accept everything with joy' (ദൈവത്തിന് കൃതജ്ഞത പറയാനുള്ള ഏറ്റവും നല്ല മാർഗം സന്തോഷത്തോടെ എല്ലാം സ്വീകരിക്കലാണ്).

കൃതജ്ഞതയുള്ളവർ അനുദിന ജീവിതത്തിൽ ദൈവത്തിന്റെ താളം കേൾക്കും. പാടുന്ന പക്ഷികളിലും, തൊഴിൽ ചെയ്യുന്ന കൈയിലും, പങ്കുവയ്ക്കുന്ന ഹൃദയങ്ങളിലും, അലോസരപ്പെ



ടുത്തുന്ന ശബ്ദകോലാഹലങ്ങളിലും, മുറിപ്പെടുത്തുന്ന വാക്കുകളിലും, സാന്ത്വനിപ്പിക്കുന്ന സുഹൃത്തുക്കളിലും, നമ്മെ വേദനിപ്പിക്കുന്നവരുടെ ഓരോ പ്രവൃത്തികളിലുമെല്ലാം അവർക്ക് ദൈവിക താളം കേൾക്കാൻ സാധിക്കും. അവർക്കു ദൈവം അകലെയല്ല, തങ്ങളുടെ ഹൃദയത്തിനുള്ളിലാണെന്ന് എപ്പോഴും അനുഭവിക്കാൻ കഴിയും.

അമ്മയുടെ പാചകം, സുഹൃത്തിന്റെ ഒരു ചിരി, മഴയുടെ ശബ്ദം, പരീക്ഷയിലെ മാർക്ക്, പുതിയ സൗഹൃദങ്ങൾ.. എല്ലാമവൻ പുതുമയോടെ കാണാൻ തുടങ്ങി.



ടോമിന്റെ സുഹൃത്ത് ഒരിക്കൽ ചോദിച്ചു: "നീ എങ്ങനെയാണ് എല്ലായ്പ്പോഴും ഇത്രയും സന്തോഷവാനായിരിക്കുന്നത്?" ടോമിൻ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "മുമ്പ് ഞാൻ ലഭിക്കാത്തതിൽ കരഞ്ഞിരുന്നു. ഇപ്പോൾ ലഭിച്ചതിനായി സന്തോഷിക്കുന്നു." അവൻ കൂട്ടിച്ചേർത്തു: "കൃതജ്ഞതയുള്ളപ്പോൾ ദൈവം ദൂരെയല്ല; എല്ലായിടത്തും അവൻ കാണപ്പെടുന്നു." ടോമിന്റെ ജീവിതം മറ്റുള്ളവർക്കും പ്രചോദനമായി. കാരണം, കൃതജ്ഞത എന്നത് വെറും വികാരമല്ല, അത് ജീവിതത്തിന്റെ ഒരു മാർഗദർശകവെളിച്ചം ആണെന്ന് അവൻ മനസ്സിലാക്കി എന്നതാണ്.

## യൂക്കരിസ്റ്റ്: കൃതജ്ഞതയുടെ ഉച്ചകോടി

വർഷങ്ങൾക്കുശേഷം ടോമിൻ പറഞ്ഞു: "എന്റെ ജീവിതത്തിൽ ഞാൻ കണ്ട ഏറ്റവും മഹത്തായ കൃതജ്ഞതയുടെ നിമിഷം വിശുദ്ധ കുർബാനയിലാണ്." യൂക്കരിസ്റ്റ് എന്ന വാക്ക് രൂപപ്പെട്ടത് Eucharistia എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് , അതിന്റെ അർഥം Thanksgiving, Gratitude എന്നെല്ലാമാണ്. ഓരോ വിശുദ്ധ കുർബാനയിലൂടെയും നാം ദൈവത്തിനോട് ഏറ്റു പറയുന്നത് 'നീയെന്റെ ജീവിതത്തിന്റെ ഉറവയാണ്."എന്ന് തന്നെയാണ്.

ഈശോ അവസാന അത്താഴവേളയിൽ അപ്പം മുറിക്കുമ്പോൾ അർപ്പിച്ച കൃതജ്ഞതാ പ്രാർഥന "പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രംചെയ്ത്, മുറിച്ച്, അവർക്കുകൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22, 19) അത് മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ കൃതജ്ഞതാ പ്രാർഥനയായിരുന്നു. ദൈവം തന്നെയും, തന്റെ ജീവനും, ലോകത്തിനായി സമർപ്പിച്ച ആ നിമിഷം. വിശുദ്ധ കുർബാന നമ്മെ പഠിപ്പിക്കുന്നത് 'അത് വെറും ആരാധനയല്ല, ജീവിതത്തെ ദൈവത്തിന് സമർപ്പിച്ചുള്ള കൃതജ്ഞതയുടെ കർമമാണ്; കൃതജ്ഞത നമ്മുടെ ജീവിതത്തെ മാറ്റും, ജീവിതത്തിന്റെ അന്ധകാരങ്ങളിൽ നമ്മെ നയിക്കുന്ന ദിവ്യവെളിച്ചമാണത്.

കൃതജ്ഞതയുള്ള ഹൃദയം ദൈവത്തിന്റെ ശബ്ദം വ്യക്തമായി കേൾക്കും. സ്നേഹത്തിന്റെ വഴികാട്ടിയുമാണ്."കൃതജ്ഞതയാണ് ക്രൈസ്തവജീവിതത്തിന്റെ ഹൃദയത്തുടിപ്പ്; നന്ദിയാണ് അതിന്റെ ശ്വാസം; യൂക്കരിസ്റ്റ് അതിന്റെ ഉച്ചകോടി." നമ്മുടെ ജീവിതം ദൈവത്തിന് കൃതജ്ഞതയായിത്തീരട്ടെ. വാക്കുകളിലല്ല, ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും..

***(ബിലാസ് ജോസഫ്: മോട്ടിവേഷണൽ സ്പീക്കർ, അധ്യാപകൻ, കത്തോലിക്ക റിസോഴ്സ് പേഴ്സൺ, ഭാര്യയോടും അഞ്ചു മക്കളോടുമൊപ്പം പാലായിൽ താമസം).***



**കവർസ്റ്റോറി** - ടിന്റു സോണി

# അപ്പോളെങ്ങനാ, തുടങ്ങുവല്ലേ?..



ഉച്ചയുറക്കത്തിനായി കിടക്കയിലേയ്ക്ക് വീണ രവിസാറിന് തൊട്ടടുത്തുകണ്ട മൊബൈലിനെ തോണ്ടാതിരിക്കാനായില്ല. അങ്ങനെ വെറുതെ വെർച്വൽ ലോകത്ത് ഓടിക്കളിച്ചു നടന്നപ്പോഴാണ് കൃതജ്ഞതയെ കുറിച്ചുള്ള ഒരു പോഡ്കാസ്റ്റ് അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടത്. നമ്മുടെ മസ്തിഷ്കത്തെ അസാധാരണമായി മാറ്റിമറിക്കാൻ നന്ദിനിറഞ്ഞ വാക്കുകൾക്കും ചിന്തകൾക്കും സാധിക്കുമെന്നതായിരുന്നു അതിന്റെ ഉള്ളടക്കം. അങ്ങനെ രവിസാറിന്റെ തലയിൽ ഒന്നു രണ്ടു ലഡു പൊട്ടാൻ ഇതൊരു നിമിത്തമായി.

പിറ്റേന്ന് ക്ലാസ്സിലേയ്ക്ക് നടന്നു കയറുമ്പോൾ കുട്ടികൾ ചിരിച്ചുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചു: "ഇതെന്താ സാറേ ജാറൊക്കെയായിട്ട്?" "നീ ക്ലാസ്സിലോട്ടു വാ; പറയാം." സാറിന്റെ തിളങ്ങിയ കണ്ണുകളാണ് അതിന് മറുപടി കൊടുത്തത്. ആ വലിയ ചില്ലു ജാറു കണ്ടപ്പോഴേ ക്ലാസ്സിലെ പഠിപ്പിസ്റ്റ് അടക്കം പറഞ്ഞു: "ഇന്ന് പരീക്ഷണങ്ങൾ അവതരിപ്പിച്ച് ക്ലാസ്സെടുക്കാനാണെന്ന് തോന്നുന്നു."

### കണ്ണുകളൊക്കെ ചില്ലു ജാറിലേയ്ക്ക്...

കൈയിൽ കരുതിയ ഒരു ചതുരപേപ്പറിൽ മാർക്കർ ഉപയോഗിച്ച് വലിയ അക്ഷരത്തിൽ 'GRATITUDE' എന്ന് എഴുതി ആ ചതുരപേപ്പർ അദ്ദേഹം ജാറിലൊട്ടിച്ചു.

“ങേ, GRATITUDE ജാറോ?’ അതേ, ഇതാണ് Gratitude ജാർ. ഇന്നു മുതൽ നമ്മൾ എല്ലാ ദിവസവും ആദ്യ പീരീഡിലെ മൂന്നു മിനിറ്റുകൾ എടുത്ത്, നന്ദിയോടെ നിങ്ങൾ ഓർമിക്കുന്ന ഒരു കാര്യം എഴുതി ഈ ജാറിലിടാൻ പോകുകയാണ്. ചെറുതും വലുതുമായ കാര്യങ്ങൾ എഴുതാം. നിങ്ങളുടെ നേട്ടങ്ങളോ നല്ല കാഴ്ചകളോ വ്യക്തികളോ എന്തും നന്ദി നിറഞ്ഞ ഹൃദയത്തോടെ എഴുതി ഈ ജാറിലിടാം. എല്ലാ മാസവും ഒരു ദിവസം നമ്മളീ കുറിപ്പുകൾ എടുത്ത് ചെറിയ ഒരു റിവ്യൂ നടത്തുന്നതാണ്. എന്താ റെഡിയല്ലേ?

“റെഡിയൊക്കെയാണ്. പക്ഷേ.... ഇതൊക്കെ എന്തിനാ? എന്താ പ്രയോജനം” തലചൊറിഞ്ഞുകൊണ്ടു ചോദിച്ചത് ക്ലാസ്സിലെ ഡിസിപ്ലിൻ ലീഡർ യമുനയാണ്.

**“തള്ളിയതൊന്നുമല്ല യമുനാ..., നോക്കൂ, സോഷ്യൽ മീഡിയ ഉപയോഗം കൂടിയവരിൽ ഇപ്പോൾ ഈ പ്രശ്നങ്ങളുണ്ട്.”**

നല്ല ചോദ്യം യമുന. നന്ദി നിറഞ്ഞ ചിന്തകൾ, വാക്കുകൾ, ഹൃദയപൂർവം നന്ദിയോടെ നമ്മൾ ഓർമിക്കുന്ന കാര്യങ്ങൾ, അവ അനുഭവവേദ്യമായി പറയുന്നത്, ഇതൊക്കെ നമ്മുടെ ബ്രയിനിന്റെ ഷെയ്പ് തന്നെ മാറ്റുമെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ന്യൂറോസയന്റിസ്റ്റുകളും സൈക്കോളജിസ്റ്റുകളും നടത്തിയ ശാസ്ത്രീയമായ പഠനങ്ങളിൽ വെളിപ്പെടുത്തപ്പെട്ട കാര്യങ്ങൾ വിസ്മയത്തോടെ മാത്രമേ നമുക്ക് മനസ്സിലാക്കാൻ കഴിയൂ. അതായത് നന്ദി നിറഞ്ഞ ജീവിതം നമ്മെ വല്ലാണ്ട് മാറ്റും. കുറച്ചു കാര്യങ്ങൾ ഞാൻ അക്കമിട്ടു പറഞ്ഞു തരാം. കൃതജ്ഞത ശരിയായി ഫീൽ ചെയ്ത് പ്രാക്റ്റീസ് ചെയ്യുമ്പോൾ:

1. നമ്മുടെ ഇമ്മ്യൂൺ സിസ്റ്റത്തെ ശക്തിപ്പെടുത്തുന്നു.

2. സെൽഫ് എസ്റ്റീം കൂടുന്നു.

3. ശരിയായ ഉറക്കം ലഭിക്കുന്നു.

4. ബ്രയിനിന്റെ Pre frontal cortex (Analytical thinking, critical thinking, long term thinking ഇതിനൊക്കെ സഹായിക്കുന്ന) മേഖല കൂടുതൽ ശക്തമാകുന്നു.

5. നമ്മുടെ മൂഡ് ബാലൻസ് ചെയ്യാൻ സാധിക്കുന്നു.

6. സ്വാഭാവികമായി നമ്മുടെ ഹാപ്പി ഹോർമോൺസ് (Dopamine, Serotonin, oxytocin etc) ഉത്തേജിപ്പിക്കപ്പെടുന്നതിന് സഹായിക്കുന്നു.

7. വൈകാരിക നിയന്ത്രണത്തിനു സഹായിക്കുന്നു.

8. ഡിജിറ്റൽ ഡിപ്രെഷൻ കുറയ്ക്കാം.

9. സംതൃപ്തിയുടെ ലെവൽ കൂടും.

“ഉള്ളതാണോ സാറേ?..” ഇതൊന്നും ഞങ്ങൾ അറിഞ്ഞില്ലലോ എന്ന മട്ടിൽ യമുന! “പക്ഷേ, ഈ ഡിജിറ്റൽ ഡിപ്രെഷൻ എന്നുവച്ചാലെന്താ?”

“തള്ളിയതൊന്നുമല്ല യമുന.., നോക്കൂ, സോഷ്യൽ മീഡിയ ഉപയോഗം കൂടിയവരിൽ ഇപ്പോ ഇത്തരം പ്രശ്നങ്ങളുണ്ട്. താരതമ്യം ചെയ്യൽ, മൈൻഡ്‌ലെസ്സ് സ്ക്രോളിങ്, ഉറക്കമില്ലായ്മ. നിങ്ങൾ ബ്രെയിൻ റോട്ട് (Brain rot) നെ ക്കുറിച്ചൊക്കെ കേട്ടിട്ടില്ലേ?

“ഇതൊക്കെ ഹാപ്പി ഹോർമോൺസിനെ തളർത്തുകയേയുള്ളൂ എന്നറിയാമല്ലോ? ഇതൊക്കെ കൂടി ഡിജിറ്റൽ ഡിപ്രെഷനായി നമുക്ക് കൂട്ടാം. ഹാ, പിന്നെ ‘സംതൃപ്തിയുടെ ലെവൽ’ എന്റെ കൈയീന്നിട്ടതാണേ.. കള്ളച്ചിരിയിൽ രവിസാർ പറഞ്ഞു നിറുത്തി. ആർക്കും ഒന്നും കൂടുതൽ പറയാനില്ലായിരുന്നു. എല്ലാ കുട്ടികളും എഴുതാൻ തുടങ്ങി. നന്ദിപൂർവം രവിസാറിന്റെ Gratitude Jar-ൽ അവ നിക്ഷേപിച്ചു.


അതേ, രവി സാർ കുട്ടികൾക്കു പറഞ്ഞു കൊടുക്കാൻ മറന്ന ഒരു കാര്യംകൂടി ചേർക്കാൻ തോന്നുന്നു. നിങ്ങളുടെ ജീവിതത്തിലെ വെല്ലുവിളികൾ, കഷ്ടപ്പാടുകൾ ഇവയ്ക്കും നന്ദി പറഞ്ഞു ശീലിക്കാവുന്നതാണ്. അനുഗ്രഹങ്ങൾക്ക് മാത്രമല്ല, അപ്പോ എങ്ങനാ, തുടങ്ങുവല്ലേ?...

പോകൂ.. പോയി നന്ദിനിറഞ്ഞ ഹൃദയത്തോടെ നിങ്ങളുടെ മസ്തിഷ്കത്തെ ചുംബിക്കൂ...

***കൗൺസിലിങ് സൈക്കോളജിസ്റ്റായ ടിന്റു എറണാകുളത്ത് ‘ഗ്രീൻ ബ്രെയിൻ’ കൗൺസിലിങ് സെന്റർ നടത്തിവരുന്നു. സ്റ്റുഡന്റ്സ് മെന്റർ കൂടിയായ ലേഖിക ഭർത്താവ് സോണിയോടും അഞ്ചു മക്കളോടുമൊപ്പം എറണാകുളത്ത് താമസം.***



**കവർസ്റ്റോറി** - എൽസീന ജോസഫ്



# അൽപം നന്ദി ഉണ്ടോടോ...

> ഹോ, എന്നാലും എന്ത് പ്രതീക്ഷിച്ചാവും അബ്രഹാം അന്ന് ഇസഹാക്കിനെ ആ വിറകുകെട്ടിന്റെ മുകളിൽ കിടത്തിയതെന്ന് എത്ര ആലോചിച്ചിട്ടും ഒരു പിടിയുമില്ല.

ട്രെഷർ ഹണ്ട് അഥവാ നിധി കണ്ടെത്തൽ കളിയിൽ പങ്കെടുക്കാത്ത ആരെങ്കിലും ഉണ്ടോ? ആദ്യമേ ഈ ചോദ്യം ഉന്നയിക്കാൻ കാരണം, ഇനി പറയാൻ പോകുന്നത് മനസ്സിലാകണമെങ്കൽ കളിപരിചയം അത്യാവശ്യമായതുകൊണ്ടാണ്. നിർദേശങ്ങൾ ആവേശത്തോടെ മനസ്സിലാക്കി ഓരോ ഘട്ടവും കടന്നു കടന്ന് മറഞ്ഞിരുന്ന സാധനത്തെ കണ്ടെത്തുമ്പോൾ കണ്ണിൽ തെളിയുന്ന കൗതുകം. നിധിയെന്തായിരുന്നു എന്നറിയുമ്പോൾ തോന്നുന്ന സന്തോഷം മറ്റൊന്ന്. ആവേശത്തോടെ തിരയുമ്പോൾ ഉള്ളിൽ തോന്നുന്ന പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരുതരം ഫീലിംഗ് ഇല്ലേ.. സത്യത്തിൽ ഇത്രമേൽ മനോഹരമായ മറ്റൊരു ഫീലിംഗ് ഉണ്ടോ എന്നുതന്നെ സംശയമാണ്. ഏറ്റവും മനോഹരമായ വേദന ഏതാണെന്നു ചോദിച്ചാൽ കാത്തിരിപ്പിന്റെ നോവാണെന്ന് പറയാം. അതിലെ മനോഹാരിതയുടെ കാരണം, ആ കാത്തിരിപ്പിൽ ഒളിഞ്ഞിരിക്കുന്ന പ്രത്യാശയാണല്ലേ.. നമ്മൾ തേടുന്ന, നമ്മളെ തേടുന്ന വ്യക്തികൾ/വസ്തുക്കൾ/കാര്യങ്ങൾ പരസ്പരം കണ്ടെടുക്കാൻ എടുക്കുന്ന ആ സമയത്തിന്റെ നിർവചിക്കാൻ ആവാത്ത 'ഒരുതരം പരവേശമാണ്" കാത്തിരിപ്പിന്റെ നോവെന്നുവച്ചാൽ.

ഇപ്പോൾ നിങ്ങളുടെ മനസ്സിൽകൂടി കടന്നു പോകുന്നത് ഒരുപക്ഷേ, വിദേശത്തുനിന്നും നാട്ടിലേക്കുള്ള വരവിന് വിമാനത്താവളത്തിൽ ഇരിക്കുന്നതോ, അല്ലെങ്കിൽ ഗർഭകാലയളവോ, ലേബർ റൂമിന് മുന്നിലെ കാത്തിരിപ്പോ അതുമല്ലെങ്കിൽ റാങ്ക്ലിസ്റ്റിൽ കിടക്കുന്ന ജോലിയുടെ അപ്പോയിന്മെന്റ് ലെറ്ററോ ഒക്കെയാവും. സൊ റിലേറ്റബിൾ !

ഹോ, എന്നാലും എന്ത് പ്രതീക്ഷിച്ചാകും അബ്രഹാം അന്ന് ഇസഹാക്കിനെ ആ വിറകുകെട്ടിന്റെ മുകളിൽ കിടത്തിയതെന്ന് എത്ര ആലോചിച്ചിട്ടും ഒരു പിടിയുമില്ല. പ്രവാചകന്മാർ ഇസ്രായേൽക്കാരെ 'രക്ഷകൻ വരും' എന്ന് പറഞ്ഞു മോഹിപ്പിച്ചത് ഇത്തിരി കൂടുതൽ ആയിപ്പോയില്ലേ എന്നും തോന്നിയിട്ടുണ്ട്. കാത്തിരുന്നു കണ്ണുമടുത്തിട്ടൊടുവിൽ പലരും പരലോകം പൂകി. എന്തായാലും രണ്ടായിരം വർഷത്തെ നിധികണ്ടെത്തൽ മത്സരം അവസാനിച്ചത് പുൽത്തൊട്ടിയിലെ ആ ശിശുവിനെ കണ്ടപ്പോളാണ്. ആ പ്രായത്തിലും ദേവാലയത്തിൽ പ്രാർഥനയോടെ ഇരുന്ന അപ്പൂപ്പനെയും അമ്മൂമ്മയേയും സമ്മതിക്കണം (ശിമയോനും അന്നയും).

അവന്റെ വരവിൽ ലോകം നക്ഷത്രത്തിളക്കം കണ്ടില്ലേ? നരനായും നാരിയായും ജനിച്ച് ഭൂമിയിൽ ജീവിക്കുന്ന സകലർക്കും ആ നക്ഷത്രത്തിളക്കം പ്രത്യാശ പകരുന്നില്ലേ!? നന്ദി വേണമെടോ.. നന്ദി. സകല കഷ്ടപ്പാടുകൾക്കും നഷ്ടപ്പെടലുകൾക്കും ശേഷം കണ്ണിനാനന്ദവും കരളിന് കുളിരും പകരുന്ന തിരുമുഖ ദർശനം നിനക്ക് നൽകിയില്ലേ!? നന്ദി വേണം. ഉറപ്പെന്ന് കരുതിയ പല വാതിലുകളും അടയുമ്പോൾ ഒരു വാതിലുമില്ലാതെ വെറും കാലികൾ കാവലുള്ള കുഞ്ഞുകുഞ്ഞിടങ്ങൾ തുറന്ന് നിനക്ക് സ്വാഗതമോതുന്ന പൊന്നുതമ്പുരാൻ നിനക്ക് സ്വന്തമായില്ലേ! നന്ദി വേണം. ഇന്നലെയും ഇന്നും എന്നും ഒരുവനായ സാക്ഷാൽ യേശുക്രിസ്തു നിന്നെ പഠിപ്പിച്ചത് എന്താണ്... ഇന്നലെകളെ ഓർത്ത് നീ നിന്റെ സമയം കളയരുത്, നാളെയെപ്പറ്റി നിനക്കൊന്നും അറിയില്ലല്ലോ, അതിനാൽ നിനക്ക് 'ഇന്ന്" മതി. ഓരോദിനത്തിലും 'ഇന്ന്" ജീവിക്കുക. സന്തോഷ ജീവിതത്തിന്റെ ഈ ഗുട്ടൻസ് മനസ്സിലാക്കാതെ വെറുതെ ജീവിതം സീനാക്കി ശോകമാക്കി നീ വെറും പടമായി തീരരുത്. നന്ദി ഉണ്ടായാൽ നന്ന്. ജീവിതം ശുഭമാകും. കേട്ടോടാ മുത്തേ.

(കാത്തിരിപ്പ് രക്ഷയെ കാംക്ഷിച്ചാണേൽ അത് ഒരുക്കിയവന്റെ പിറവിയാണ് ലോകം മുഴുവൻ ആഘോഷിച്ചവസാനിപ്പിക്കുന്ന ഈ ഡിസംബർ 25. നമുക്ക് ക്രിസ്തുമസ് അവസാനിക്കാൻ ഉള്ളതല്ലല്ലോ അവനിലാണല്ലോ തുടക്കം. പുൽത്തൊട്ടിയിൽ പിറന്ന് മൂന്നുപതിറ്റാണ്ട് തപം ചെയ്ത് മെരുക്കിയ മനുഷ്യപുത്രനായി ജെറുസലേം പാതയോരത്തുകൂടി വിശുദ്ധിയുടെ വെഞ്ചാമരം വീശി, ഗലീലി തീരത്ത് പ്രാതലിനായി ബാർബി ക്യു തയ്യാറാക്കി കാത്തിരുന്ന, വിനീതനായി കഴുതപ്പുറത്തേറിയ, കുരിശിനെ പുറംചാരി വിശുദ്ധമാക്കിയ, ഉയിർപ്പുകൊണ്ട് കല്ലറയെ വിറപ്പിച്ചവൻ.

ഈ ശീതംപിടിച്ച കാലാവസ്ഥയിൽ നിങ്ങളുടെ ഉള്ളിലെ കാത്തിരിപ്പിന്റെ നോവിനൊരു പേരുണ്ടെങ്കിൽ അത് ക്രിസ്തു എന്നാണെങ്കിൽ ഈ ക്രിസ്തുമസ് നിങ്ങളിൽ ഗർഭം ധരിച്ചിരിക്കുന്നു. വരൂ നമുക്കൊരുമിച്ചാഘോഷിക്കാം... മെറി ക്രിസ്തുമസ്.. "നിങ്ങൾ അന്വേഷിക്കുന്ന സന്തോഷത്തിന്റെ പേര് നസ്രത്തിലെ ക്രിസ്തുവെന്നാകട്ടെ"

– ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പതിനാറാമൻ പാപ്പ.

***എൽസീന ജോസഫ്: ഗവേഷക വിദ്യാർഥിനി, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബെംഗ്ലൂരു.***

സ്മാർട്ട് കിഡ്സ് - ചിത്രീകരണം: വെങ്കി
കഥ: സെറീൻ ഏയ്ഞ്ചൽ

# കുഞ



ത്രിയേക ദൈവത്തെ സ്തുതിച്ചുകൊണ്ടുള്ള പ്രഭാതകീർത്തനം കേട്ടുകൊണ്ടാണ് കുഞ്ഞൂസിന്റെ വീടുണരുന്നത്. കുഞ്ഞൂസിന്റെ പപ്പ അതിരാവിലെയുണരും. പ്രഭാതകീർത്തനം വച്ചുകൊണ്ട് പ്രാർഥിക്കും. അത് കേട്ടുകൊണ്ടാണ് ബാക്കിയുള്ളവർ ഉണർന്നെഴുന്നേൽക്കുന്നത്. എല്ലാവരും ഉണർന്നു വരുമ്പോൾ തിരുഹൃദയ രൂപത്തിനു മുന്നിൽ തിരികൾ തെളിഞ്ഞു നിൽക്കുന്നുണ്ടാവും. പ്രാർഥനയിൽ വളരുന്ന കുടുംബമാണ് കുഞ്ഞൂസിന്റേത്. അന്ന എന്നാണ് യഥാർഥ പേരെങ്കിലും കുഞ്ഞൂസ് എന്നാണ് എല്ലാവരും അവളെ വിളിക്കുന്നത്. വീട്ടിൽ ഇളയവളെങ്കിലും മൂത്ത ചേച്ചിയാണെന്നാണ് അവളുടെ ഭാവം.



# ഞ്ഞൂസ്



വീട്ടുമുറ്റത്തെ കുഞ്ഞിച്ചെടികളിൽ വിടർന്നു നിൽക്കുന്ന പൂക്കളെ നോക്കി വർത്തമാനം പറഞ്ഞ് വിശേഷങ്ങളൊക്കെ ചോദിച്ച് കുഞ്ഞൂസ് ചെടിക്ക് വെള്ളം ഒഴിക്കുകയാണ്. രാവിലെ 7:00 മണിക്ക് എഴുന്നേൽക്കും ആദ്യം ചെയ്യുന്നത്, പല്ലുതേക്കും പിന്നെ ടോയ്‌ലെറ്റിലൊക്കെ പോയിക്കഴിഞ്ഞ് അമ്മ കൊടുക്കുന്ന കട്ടൻ ചായ കുടിക്കും. കുഞ്ഞൂസിന് കട്ടൻ ചായയാണ് ഇഷ്ടം. അതു കഴിഞ്ഞാൽ ചെടികളുടെ അടുത്തെത്തും. കുഞ്ഞു ബക്കറ്റിൽ വെള്ളമെടുത്ത് കപ്പു കൊണ്ട് കോരിയൊഴിക്കും. എൽ.കെ. ജി.യിൽ പഠിക്കുന്ന കുഞ്ഞൂസിന് ഒമ്പതു മണിയോടെ സ്കൂളിലെത്തിയാൽ മതി.

നീയെന്താടി ഇങ്ങനെ വഴക്കിട്ട് നിൽക്കുന്നത്.. നിനക്കെന്താ ഒരു ക്ഷീണം, വെള്ളം കുടിച്ചില്ലല്ലേ തരാട്ടോ.. നിന്റെ പൂവ് കാണാൻ നല്ല രസോണ്ടല്ലോ.. ഇങ്ങനെ കുഞ്ഞു വർത്തമാനങ്ങൾ പറഞ്ഞ്, ചെടികളുമായി സല്ലപിച്ചു കൊണ്ടാണ് വെള്ളമൊഴിക്കൽ. അതുകഴിഞ്ഞാൽ പിന്നെ കുഞ്ഞൂസിന്റെ മൂന്ന് ചക്രമുള്ള സൈക്കിൾ എടുത്ത് ചവിട്ടി തുടങ്ങും. ഇതിനിടയിൽ വാതോരാതെ മൂത്ത രണ്ട് ചേട്ടന്മാരോടും പിന്നെ പപ്പയോടും നോൺ സ്റ്റോപ്പായി വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. എല്ലാവരും മൂളിമൂളി കേട്ടാൽ മതി. ശ്രദ്ധിക്കാതെയിരുന്നാൽ അവൾക്കത് വിഷമമാണ്. ഞാൻ പറയണത് കേൾക്കുന്നുണ്ടോയെന്ന് അവൾ വിളിച്ചു ചോദിക്കും.

പ്രഭാത ഭക്ഷണത്തിന് അടുക്കളയിൽ കറി ഉണ്ടാക്കുമ്പോൾ, ഇന്ന് നല്ല മണമുണ്ടല്ലോ, എന്ത് കറിയാണ് ഉണ്ടാക്കുന്നത്? എന്നൊക്കെ ചോദിച്ച് അടുക്കളയിൽ അമ്മയുടെ അരികിലെത്തും. ഒരിക്കൽ അതുപോലെ അടുക്കളയിൽ എത്തിയപ്പോൾ അമ്മ സവാള അരിഞ്ഞു കൊണ്ടിരിക്കുന്നതിനിടയിൽ കൈ മുറിഞ്ഞു. ഇതുകണ്ട കുഞ്ഞൂസ് ഓടിച്ചെന്ന് തോർത്തെടുത്തു കൊണ്ടുവന്ന് മുറിഞ്ഞ വിരലിൽ ഊതിക്കൊണ്ട് തോർത്ത് അമ്മയുടെ വിരലിൽ ചുറ്റിപ്പിടിച്ചു. സാരൂല്ലാട്ടോ ഇപ്പോൾത്തന്നെ മാറിക്കോളും എന്ന് പറഞ്ഞു അമ്മയെ സമാധാനിപ്പിച്ചു. മകളുടെ ശുശ്രൂഷ കണ്ടപ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അമ്മ അവളെ ചേർത്തുപിടിച്ചു.

കുഞ്ഞൂസ് തിരികെ ഹാളിൽ എത്തിയപ്പോൾ ഒരു ചേട്ടൻ ടി.വി.യുടെ തൊട്ടുമുന്നിൽ നിന്ന് ടി.വി. കണ്ടുകൊണ്ടിരിക്കുന്നു. അമ്മേ, ചേട്ടൻ കുളിച്ചിട്ടില്ല, ടി.വി. കണ്ടുകൊണ്ടിരിക്കുകയാണ്.. എന്നമ്മയോട് വിളിച്ചു പറഞ്ഞു. ചേട്ടൻ അവളെ കൊഞ്ഞനും കാട്ടി ഓടിപ്പോയി. പപ്പയുടെ ഫോൺ റിങ് ചെയ്തപ്പോൾ അവളത് എടുത്തുകൊണ്ട് വരാന്തയിൽ പത്രം വായിച്ചിരുന്ന പപ്പയ്ക്ക് കൊണ്ടുപോയി കൊടുത്തു. മൂത്ത ചേട്ടൻ മൊബൈൽ ഫോൺ നോക്കി ഇരിക്കുകയായിരുന്നു. കുഞ്ഞൂസ് അവന്റെയടുത്തുചെന്ന് അവനെ ശകാരിച്ചു. മൊബൈൽ നോക്കിയിരിക്കാതെ വേഗം പോയി കുളിക്കെടാ.. അല്ലെങ്കിൽ ഞാൻ അമ്മയോട് പറയും. കുഞ്ഞൂസിന്റെ കുഞ്ഞു ഭീഷണി ഭയന്ന് ഫോൺ താഴെവച്ച് അവൻ കുളിക്കാനോടും. ഒരു എടാപോടാ സ്റ്റൈലാണ് അവൾക്ക് ചേട്ടന്മാരോട്. കേൾക്കുന്ന അവർക്കെല്ലാം അതൊരു രസമാണ്. കുഞ്ഞല്ലേ പിന്നീട് തിരുത്താം എന്നവർ വിചാരിച്ചു.

എല്ലാവരെയും ശകാരിച്ചും സ്നേഹിച്ചും കുഞ്ഞൂസ് ആ വീട്ടിലെ കുഞ്ഞുകാരണവരാകും. പിന്നെ കുളികഴിഞ്ഞ് ഭക്ഷണം കഴിച്ച് യൂണിഫോമൊക്കെ ധരിച്ച് പപ്പയുടെകൂടെ നേരെ സ്കൂളിലേക്ക്. പപ്പയുടെ കൂടെ ബൈക്കിൽ പോകുമ്പോൾ കുഞ്ഞൂസ് ലോകവിശേഷങ്ങൾ പറഞ്ഞുതുടങ്ങും. റോഡിലൂടോടുന്ന വണ്ടികൾ, വഴിയേ നടന്നുപോകുന്ന ആളുകൾ, കാണുന്ന ഫ്ളാറ്റുകൾ തുടങ്ങി സകലതിനെ പറ്റിയും സംശയങ്ങളും ചോദ്യങ്ങളുമാണ്. എല്ലാം മൂളിക്കേട്ട് പലപല ഉത്തരങ്ങളും നൽകി അവരങ്ങനെ സ്കൂളിലെത്തും. കുഞ്ഞൂസ് എൽ.കെ.ജി.–ബി.യിലേക്കും പപ്പാ ഓഫീസിലേക്കും.





**മിഷൻ സ്റ്റോറീസ്** - അമല ട്രീസ ജെയിംസ്, പാലാ

# ചെപ്പാങ് കമ്മ്യൂണിറ്റി


വൈദ്യുതിയും ഗതാഗത സൗകര്യങ്ങളും ഇല്ലാതെ, നാളേക്കു വേണ്ടി ഒന്നും കരുതി വയ്ക്കാതെ, പ്രകൃതിയോട് ചേർന്നു ജീവിക്കുന്ന ഒരുപറ്റം മനുഷ്യർ; അതായിരുന്നു ഞങ്ങൾ മിഷനുവേണ്ടി ചെന്നു ചേർന്ന നേപ്പാളിലെ ചെപ്പാങ് കമ്മ്യൂണിറ്റി.

അടുത്ത ഒരാഴ്ച്ച താമസിക്കാനുള്ള വീട്ടിലേക്ക്, വണ്ടിയുണ്ടാവില്ല നടന്നു പോകണം എന്നു പറഞ്ഞപ്പോൾ അത് നീണ്ട ആറുമണിക്കൂർ നടത്തമായിരിക്കുമെന്ന് ഞങ്ങളോർത്തില്ല; അതും കേട്ടുകേൾവി മാത്രമുള്ള കല്ലും മുള്ളും കയറ്റിറക്കങ്ങളും പുഴയും മലയും ഒക്കെയുള്ള ദുർഘടമായ വഴിയിലൂടെ. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ആരംഭിച്ച ആ നടത്തം സന്ധ്യയും കഴിഞ്ഞ് രാത്രിയോടെ അവസാനത്തെ മലയും കയറി കുന്നിൻ മുകളിലെത്തി കഴിഞ്ഞപ്പോൾ ഇനിയും ഒരടി മുന്നോട്ടു വയ്ക്കാൻ കഴിയില്ലയെന്ന അവസ്ഥയിലായിരുന്നു. നടത്തം പൂർത്തിയാക്കാൻ അക്ഷരാർത്ഥത്തിൽ രണ്ടുകാലിൽ നിന്ന് നാലു കാലിലേക്ക് മാറേണ്ടി വന്നു. എനിക്ക് തീർത്തും അപരിചിതമായ ഇത്തരമൊരു നടത്തത്തിനിടയിൽ മനസ്സിൽ ഓർക്കുകയായിരുന്നു, സുവിശേഷം പ്രസംഗിക്കാൻ ലോകമെമ്പാടും യാത്ര ചെയ്ത മിഷണറിമാരെക്കുറിച്ച്. ഒരുപക്ഷേ ആരാലും അറിയപ്പെടാതെ ഇത്തരം അപകടം നിറഞ്ഞ വഴികളിൽ സുവിശേഷത്തിനുവേണ്ടി സ്വന്തം ജീവൻ അവർക്ക് ബലി കൊടുക്കേണ്ടി വന്നിട്ടുണ്ടായിരിക്കാം; അവരിൽ എത്രയോ പേർ ഇത്തരത്തിൽ മരണം വരിച്ചിട്ടുണ്ടാവാം.

പ്രകൃതി വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമിച്ച ആ ഗ്രാമ വീടുകളിലെ അകത്തളങ്ങളിൽ പുറത്തുനിന്ന് ചെന്നുകയറുന്ന നമുക്ക് ഇരിക്കാൻ ഒരു കസേര പോലും കണ്ടെന്ന് വരില്ല; ഞങ്ങൾ താമസിച്ച വീട്ടിൽ ഏകദേശം 30 വയസ്സായ അപ്പനും അമ്മയും അഞ്ചു മക്കളും. കുഞ്ഞുങ്ങൾ ദിവസവും കുളിക്കാറില്ല. കൈയും കാലും മുഖവും നഖവും ഒക്കെ അഴുക്കു നിറഞ്ഞാണിരിക്കുന്നത്.

ഇത്തരം മനുഷ്യരിലേക്കാണ് നമ്മുടെ മിഷണറിമാർ എത്തിച്ചേർന്നത്. അവരുടെ ജീവിതത്തിന്റെ ചാലകശക്തിയായി മാറിയത്. അവരുടെ മക്കൾക്കായി സ്കൂളുകളും ബോർഡിങ്ങുകളും മറ്റുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുത്തത്. സമൂഹത്തോട് ഇടപഴകാൻ പഠിപ്പിച്ചത്. അവരെ മനുഷ്യരായി ജീവിക്കാൻ പ്രേരിപ്പിച്ചത്.

പിറ്റേദിവസം ഞങ്ങളുടെ കൂടെയുണ്ടായിരുന്ന വൈദികൻ ആ മലമുകളിലേക്ക് കയറി വരുകയും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. ലോകം ഉണ്ടായതിനുശേഷം ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും ആ സ്ഥലത്ത് ഒരു വിശുദ്ധ ബലി അർപ്പിക്കപ്പെട്ടിട്ടുണ്ടാവുക. ഒരുപക്ഷേ ഇനിയൊരിക്കലും അവിടെ ഒരു ബലി അർപ്പിക്കപ്പെടാനും സാധ്യതയുണ്ടോ എന്നറിയില്ല. അത്തരമൊരു ബലിയിൽ പങ്കുചേരുമ്പോൾ; ആ മലമുകളിലെ ബലിയിൽ മുറിയപ്പെട്ട ദിവ്യകാരുണ്യമായ അവിടത്തെ സ്വീകരിക്കുമ്പോൾ, ഈശോയെ ലോകമെമ്പാടുമുള്ള എല്ലാ മിഷണറിമാരെയും അനുഗ്രഹിക്കണമേ എന്നല്ലാതെ മറ്റെന്ത് പ്രാർഥിക്കാനാണ്? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദം എത്ര സുന്ദരം.



*ആ പ്രദേശത്തെ സാധാരണ ചെപ്പാങ് വീടുകൾ*



**മിഷൻ സ്റ്റോറീസ്** - എമിറോ ജെയിംസ്, നാഗാലാൻഡ്

# ഒരു യാത്രയ്ക്കപ്പുറം


ദൈവകൃപയാൽ, എനിക്കും മറ്റുള്ള നാലു ജീസസ്‌യൂത്ത് അംഗങ്ങൾക്കും ഇന്ത്യയുടെ വടക്കുകിഴക്കൻ ഭാഗത്തുള്ള നാഗാലാൻഡിലെ കിഴക്കൻ പ്രദേശങ്ങളായ ഷാമറ്റോർ തുവെൻസാങ് ടോബു ലോംഗ്‌ലേംഗ് എന്നിവിടങ്ങളിലേക്കുള്ള ഒരു മിഷൻ യാത്രയിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു.

ഈ മിഷൻ യാത്ര ഒരു യാത്രക്കപ്പുറം, എന്റെ വിശ്വാസം വർധിപ്പിക്കുവാനും, വിവിധ സംസ്കാരങ്ങളെക്കുറിച്ചുള്ള അറിവ് വിപുലീകരിക്കാനും, എന്റെ ചിന്തകളെ മാറ്റിമറിക്കാനുള്ള അവസരവും അതിനുമപ്പുറം വലിയൊരു ആത്മീയ അനുഭവവുമായിരുന്നു. തലസ്ഥാനത്തുനിന്ന് മിഷൻ സ്ഥലത്തെത്താൻ ഏകദേശം 13 മണിക്കൂർ എടുത്തെങ്കിലും, അതൊന്നും ഞങ്ങളെ സുവിശേഷം പങ്കുവയ്ക്കുന്നതിൽ നിന്നു തടഞ്ഞില്ല.

ഈ അനുഭവത്തെ തിരിഞ്ഞുനോക്കുമ്പോൾ, ജീവിതങ്ങളെയും സമൂഹങ്ങളെയും മാറ്റിമറിക്കാൻ മിഷൻ പ്രവർത്തനങ്ങൾക്കുള്ള ശക്തി എത്ര വലുതാണെന്ന് ഞാൻ തിരിച്ചറിയുന്നു. "രാജ്യങ്ങളോട് അവിടത്തെ മഹത്ത്വം പ്രഖ്യാപിക്കുവിൻ, ജനതകളോട് അവിടത്തെ അദ്ഭുതങ്ങൾ പ്രഘോഷിക്കുവിൻ" (1 ദിനവൃത്താന്തം 16, 24).









# ഉചിതമായ പരിഹാരം

*"നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ" (എഫേ 4, 3).*

കാലഘട്ടത്തിന്റെ സാമൂഹിക യഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വിശുദ്ധിയോടെ ജീവിക്കാൻ സാധിക്കുമോ? ഈ ചോദ്യത്തിന് സഭ നമുക്ക് നൽകിയ ഉത്തരമാണ് കാർലോ അക്യുട്ടിസും പിയർ ജോർജിയോ ഫ്രസാത്തിയും. ഇരുപത്തിയൊന്നാം നൂറ്റാണ്ട് മുന്നോട്ടു പോകുന്തോറും ഒഴിവാക്കാൻ പറ്റാത്ത സ്വാധീനം സമൂഹത്തിൽ ചെലുത്തുന്ന ഇന്റർനെറ്റിൽ തന്റെ സമയം കൂടുതൽ ചെലവഴിച്ചു കാർലോ വിശുദ്ധനായി. ദരിദ്രരോട് അതീവ അനുകമ്പ കാണിക്കുന്നതിനോടൊപ്പം തന്റെ രാജ്യത്തെ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ പോരാടാൻ തെരുവിലിറങ്ങി, പ്രതിഷേധങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഭാഗമായി നിലയുറപ്പിച്ച് ഒരു മികച്ച പർവതാരോഹകനും അത്‌ലറ്റും ആയി ജീവിച്ച് ഫ്രസാത്തി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

> "രാഷ്ട്രീയത്തിൽ പങ്കെടുക്കുവാൻ വിസമ്മതിച്ചാലുള്ള ഒരു ശിക്ഷ, നിങ്ങളെക്കാൾ കഴിവ് കുറഞ്ഞവർ നിങ്ങളെ ഭരിക്കും എന്നതാണ്."

വിശുദ്ധ സ്ഥലങ്ങളും സമാന ചിന്താഗതിക്കാരെയും മാത്രമല്ല ഈശോ തന്റെ പരസ്യ ജീവിതത്തിന് തെരഞ്ഞെടുത്ത്. വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിലേക്ക് അവിടന്ന് ഇറങ്ങിച്ചെന്നു. ദരിദ്രർക്കും സമ്പന്നർക്കും, പാപികൾക്കും, ചുങ്കക്കാർക്കും, ശിശുക്കൾക്കും, നിയമജ്ഞർക്കും, അങ്ങനെ ആ കാലഘട്ടത്തിൽ ഉണ്ടായ സാമൂഹിക യഥാർഥ്യങ്ങളിലേക്ക് അലിഞ്ഞുചേർന്ന് അവിടന്ന് ദൈവവചനമായി ജീവിച്ചു. അങ്ങനെയെങ്കിൽ, ഇന്ന് മഹാഭൂരിപക്ഷം മനുഷ്യരെ സ്വാധീനിക്കുന്ന സോഷ്യൽ മീഡിയ, രാഷ്ട്രീയം, സിനിമ, വ്യവസായം, കായിക മേഖല തുടങ്ങിയവയിൽനിന്ന് പരിപൂർണമായി ഒഴിഞ്ഞുമാറിക്കൊണ്ടുള്ള ഒരു സുവിശേഷപ്രഘോഷണം സാധ്യമാണോ? പുതിയ കാലഘട്ടത്തിന്റെ വിശുദ്ധരെയാണ് ഇനി സഭ ആഗ്രഹിക്കുന്നതെന്ന് ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് നമ്മെ പഠിപ്പിച്ചു. ധൈര്യപൂർവം അവരവരുടെ അഭിരുചിക്കും വിളിക്കും അനുസരിച്ച് വിശുദ്ധി നഷ്ടപ്പെടാതെ ഉത്സാഹത്തോടെ ഇറങ്ങിത്തിരിക്കാൻ ഇത് നമുക്ക് വലിയ പ്രചോദനം നൽകുന്നു.

ഒരു ജനാധിപത്യ രാജ്യത്ത് ജീവിക്കുമ്പോൾ നമുക്ക് താത്പര്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും രാജ്യത്തെ നിയമസംവിധാനങ്ങളും അവ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെ തീരുമാനങ്ങളും കാഴ്ചപ്പാടുകളും സമൂഹത്തിലും ഓരോ വ്യക്തികളിലും വരും തലമുറയിലുംവരെ വലിയ പ്രത്യാഘാതങ്ങളും പ്രതിഫലനങ്ങളും ഉണ്ടാക്കും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

ഈ രാജ്യത്തെ പൗരൻമാരുടെ സംരക്ഷണ കവചവും ആത്മാഭിമാനവും ആകേണ്ട ഭരണഘടനതന്നെ ചോദ്യം ചെയ്യപ്പെടുന്ന സങ്കീർണമായ കാലഘട്ടത്തിൽ സ്വയം മുന്നിട്ടിറങ്ങുകതന്നെയാണ് ഉചിതമായ പരിഹാരം. തത്ത്വചിന്തകനായ പ്ലേറ്റോ പറഞ്ഞിരിക്കുന്നു, "രാഷ്ട്രീയത്തിൽ പങ്കെടുക്കുവാൻ വിസമ്മതിച്ചാലുള്ള ഒരു ശിക്ഷ, നിങ്ങളെക്കാൾ കഴിവ് കുറഞ്ഞവർ നിങ്ങളെ ഭരിക്കും എന്നതാണ്." പരസ്പരം പരാതിപ്പെട്ടു കൊണ്ട് മാറിനിന്നും കൊലപാതകതുല്യമായ മൗനം പാലിച്ചുമാണ് നാമിന്ന് ഭയപ്പെടുന്ന പല ജനാധിപത്യ ധ്വംസനങ്ങൾക്കും പ്രോത്സാഹനം ലഭിച്ചത്. നാട്ടിൽ നടക്കുന്ന ഭരണഘടനാ വിരുദ്ധമായ പ്രവണതകൾക്ക് മുൻപിൽ പ്രതിഷേധം ഉയർത്തു

മ്പോൾ, ജനാധിപത്യവും മതേതരത്വവും ന്യൂന പക്ഷ സംരക്ഷണവും എല്ലാം ഭരണത്തിലേറാൻ നാം എന്ത് സംഭാവന ചെയ്തു എന്ന് ആത്മ പരിശോധന നടത്തേണ്ടതുണ്ട്.

“നമ്മൾ ഭൂരിപക്ഷത്തിന്റെ ഭരണത്തിലല്ല മറിച്ച്, രാഷ്ട്രീയത്തിൽ പങ്കെടുത്ത ഭൂരിപക്ഷത്തിന്റെ ഭരണത്തിലാണ്” എന്ന തോമസ് ജെഫേഴ്സണിന്റെ വാക്കുകൾ വലിയ ഉൾക്കാഴ്ച പകരുന്നതാണ്. അതിനാൽ തന്നെയാണ് രാഷ്ട്രീയം അഴുക്ക് നിറഞ്ഞ ഒരു മേഖലയാണെങ്കിലും, ക്രൈസ്തവ മൂല്യങ്ങൾ നിറഞ്ഞവർ രാഷ്ട്രീയത്തിൽ സജീവമായി, അതിനെ ശുദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തണമെന്ന് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തത്. എത്ര വിശുദ്ധീകരിച്ചാലും ആശങ്കകൾ നിറഞ്ഞ മേഖലകളിൽ വർത്തിക്കുമ്പോൾ നമ്മുടെ വിശ്വാസ ജീവിതവും ആത്മീയതയുമെല്ലാം പ്രാവർത്തികമായി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുമോയെന്നത് എപ്പോഴും അലട്ടുന്നൊരു ചിന്തയാണ്. എന്നാൽ, പ്രകൃതിതന്നെ അതിനുള്ള ഉത്തരം നമുക്ക് നൽകിയിരിക്കുന്നു. എത്ര അഴുക്കു നിറഞ്ഞ സാഹചര്യത്തിന്റെ നടുവിലാണ് താമരപ്പൂ നിൽക്കുന്നതെങ്കിലും അവയുടെ ഇതളുകളിൽ പരിപൂർണ പരിശുദ്ധി കാണാൻ സാധിക്കും.

മഴ നനഞ്ഞു കുതിർന്ന മണ്ണിൽ മഴത്തുള്ളിയെ വഹിച്ചുകൊണ്ട് എന്നാൽ, സ്വയം നനയാതെ ചേമ്പില നിലകൊള്ളുന്നത് നാം കൗതുകത്തോടെ നോക്കി നിന്നിട്ടുണ്ട്. ലോട്ടസ് ഇഫക്ട് (Lotus effect) എന്നാണ് ഈ പ്രതിഭാസത്തെ ശാസ്ത്രീയമായി നാം വിശദീകരിക്കുന്നത്. ക്രൈസ്തവ വിശ്വാസ ജീവിതത്തിൽ ഈ പ്രതിഭാസത്തിന് ഒരേയൊരു പേരാണ് ‘കൃപ.’ ആഴത്തിലുള്ള ആത്മീയതയിൽ സ്വയം രൂപപ്പെട്ടാൽ മാത്രമേ ചേറിലെ താമരയെ പോലെ വിശുദ്ധി നഷ്ടപ്പെടാതെ നമുക്ക് ഏതു സാഹചര്യത്തിലും നിലകൊള്ളാൻ സാധിക്കുകയുള്ളൂ. അതിനാൽ, കാലഘട്ടത്തിന്റെ സാമൂഹിക യഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വിശുദ്ധിയോടെ ജീവിക്കാൻ ഈ കൃപമൂലം നമുക്കു സാധിക്കും.



***ആൻ സെബാസ്റ്റ്യൻ: കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, ഗവേഷണ വിദ്യാർഥിനി, അസംഷൻ കോളേജ് ചങ്ങനാശേരി***



**സ്പോർട്സും വിശ്വാസവും - ജോബി ബേബി, കുവൈറ്റ്**

# ജെമിമ റോഡ്രിഗസ്
# Jemimah Jessica Rodrigues

“യേശുവിന് നന്ദി, എനിക്ക് ഊർജം നഷ്ടപ്പെട്ടപ്പോൾ ഉരുവിട്ടത് ബൈബിൾ വചനമാണ്. അതെന്നെ ശക്തയാക്കി.”

2025 വനിതാ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ റെക്കോർഡ് വിജയത്തിലേക്ക് ഇന്ത്യയെ നയിച്ച ജെമിമ റോഡ്രിഗസിന്റെ ക്രിസ്തീയ വിശ്വാസ സാക്ഷ്യം സമൂഹ മാധ്യമങ്ങളിൽ വലിയ ചർച്ചയായിയിരുന്നു. വനിതാ ഏകദിന ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിജയകരമായ റൺവേട്ടയും പുരുഷ, വനിതാ ടൂർണമെന്റുകളിലായി ലോകകപ്പ് നോക്കൗട്ടിൽ ആദ്യമായി 300-ലധികം റൺസ് വേട്ടയും നടന്ന മത്സരത്തിൽ ചുക്കാൻ പിടിച്ച ജെമിമ റോഡ്രിഗസ് കളിയ്ക്കു പിന്നാലേ തന്റെ ക്രിസ്തു വിശ്വാസം സാക്ഷ്യപ്പെടുത്തുകയായിരിന്നു. ചരിത്ര വിജയത്തോടുള്ള അവളുടെ പ്രതികരണത്തിനായി ലോകം കാത്തിരുന്നപ്പോൾ, റോഡ്രിഗസ് അവളുടെ നന്ദി സ്വർഗത്തിലേക്ക് തിരിയ്ക്കുകയായിരിന്നു.

“ആദ്യമായി ഞാൻ യേശുവിന് നന്ദി പറയുന്നു, കാരണം എനിക്ക് ഇത് സ്വന്തമായി ചെയ്യാൻ കഴിയില്ലായിരിന്നു. ഇന്ന് അവിടന്ന് എന്നെ നയിച്ചുവെന്ന് എനിക്കറിയാം” - ഗാലറിയിലും ടെലിവിഷൻ ചാനലുകളിലും കാഴ്ചക്കാരായിട്ടുള്ള കോടിക്കണകണക്കിന് ആളുകളെ സാക്ഷിയാക്കി ജെമിമ പറഞ്ഞ ആദ്യ വാചകം ഇതായിരിന്നു. ഇന്നിംഗ്സിലുടനീളം നടത്തിയ പ്രകടനത്തെ ഐ.സി.സി. പ്രതിനിധി അഭിനന്ദിക്കുകയും ചോദ്യങ്ങൾ ആരായുകയും ചെയ്തപ്പോൾ കണ്ണീരോടെ ജെമിമ തന്റെ വിശ്വാസം ലോകത്തിന് മുന്നിൽ സാക്ഷ്യപ്പെടുത്തി. “തുടക്കത്തിൽ കളിക്കിടെ ഞാൻ എന്നോട് തന്നെ സംസാരിക്കുകയായിരുന്നു; പക്ഷേ, അവസാനം എനിക്ക് ഊർജം നഷ്ടപ്പെട്ടു ക്ഷീണിതയായപ്പോൾ ബൈബിളിൽ നിന്നുള്ള ഒരു വചനം ഞാൻ ഉദ്ധരിക്കുകയായിരുന്നു. “കർത്താവു നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി” (പുറ 14, 14). “ഞാൻ അവിടെ നിന്നു, അവിടന്ന് എനിക്കുവേണ്ടി പോരാടി” നിറകണ്ണുകളോടെ താരം പറഞ്ഞു.

## ഹോക്കി സ്റ്റിക്ക് പിടിച്ച ബാല്യം ക്രിക്കറ്റിലേക്കെത്തിയത് 12-ാം വയസ്സിൽ

ജെമിമ റോഡ്രിഗസ് മുംബൈയിലെ ഭാണ്ഡൂപ്പയിലുള്ള ഒരു കത്തോലിക്കാ കുടുംബത്തിലാണ് ജനിച്ചതും വളർന്നതും. സ്കൂളിൽ ചെറിയ പ്രായത്തിലെ കായികമത്സരങ്ങളിൽ മികവ് കാട്ടിയ ജെമിമ ക്രിക്കറ്റിലും ഹോക്കിയിലും അത്‌ലറ്റിക്സിലുമെല്ലാം സജീവമായിരുന്നു. സ്കൂളിലെ കായികപരിശീലകനായിരുന്നു ജെമിമയുടെ പിതാവ് ഇവാൻ റോഡ്രിഗസ്. കായികരംഗത്ത് മികച്ച സൗകര്യത്തിനായി ബാന്ദ്ര വെസ്റ്റിലെ സെന്റ് ജോസഫ് കോൺവെന്റ് ഹൈസ്കൂളിലാണ് ജെമിമയെയും രണ്ടു സഹോദരന്മാരെയും ചേർത്തത്. ഹോക്കിയിലും ക്രിക്കറ്റിലും ഒരുപോലെ മികവ് കാട്ടിയാണ് ജെമിമ എന്ന കായികതാരം വളർന്നുവന്നത്. ഹോക്കിയോടായിരുന്നു കമ്പം കൂടുതൽ. അതിനാൽത്തന്നെ വൈകാതെ മഹാരാഷ്ട്ര അണ്ടർ 17, അണ്ടർ 19 ഹോക്കി ടീമുകളിലേക്ക് ജെമിമ റോഡ്രിഗസ് തെരഞ്ഞെടുക്കപ്പെട്ടു. ഹോക്കിക്കൊപ്പം ക്രിക്കറ്റിലും ജെമിമ ശ്രദ്ധയൂന്നി. 2012ൽ പന്ത്രണ്ടാം വയസ്സിൽ മഹാരാഷ്ട്രയുടെ അണ്ടർ-19 ക്രിക്കറ്റ് ടീമിൽ ജെമിമ അരങ്ങേറ്റം കുറിച്ചു. ക്രിക്കറ്റിലേക്ക് തിരിഞ്ഞ ജെമിമ വളരെ വേഗം മികവ് തെളിയിച്ചു. മുംബൈ വനിതാ ക്രിക്കറ്റിലെ അനിഷേധ്യയായ ഓൾറൗണ്ടറായി അവർ വളർന്നു. അതുകൊണ്ടുതന്നെ ഇന്ത്യൻ ടീമിലേക്കുള്ള വരവും വളരെ വേഗത്തിലായിരുന്നു. 2018 ജൂണിൽ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് മികച്ച ആഭ്യന്തര ജൂനിയർ വനിതാ ക്രിക്കറ്റർക്കുള്ള പുരസ്കാരം സ്വന്തമാക്കിയതിന് പിന്നാലെയാണ് അവൾ സീനിയർ ടീമിലേക്ക് വരുന്നത്.


WORLD CUP
INDI
ICC
T20
WORLD CUP

## ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ ഡാൻസിങ് ക്വീൻ

ഗ്രൗണ്ടിലിറങ്ങിയാൽ ബാറ്റിങ്ങിലെയും ഫീൽഡിങ്ങിലെയും മികവ് കൊണ്ടു മാത്രമല്ല, നൃത്തച്ചുവടുകൾകൊണ്ടും ആരാധാകരെ കൈയിലെടുക്കാറുണ്ട് ഇന്ത്യൻ ക്രിക്കറ്റ് താരം ജെമിമ റോഡ്രിഗ്സ്. വനിത പ്രീമിയർ ലീഗ് മത്സരത്തിനിടെ ബൗണ്ടറി ലൈനിനരികെ നിന്ന് കാണികളെ നോക്കി ഡാൻസ് ചെയ്തും എയർപോർട്ടിൽ സുരക്ഷാ ജീവനക്കാരിക്കൊപ്പം തന്റെ ആരാധകരായ യാത്രക്കാർക്കൊപ്പവുമൊക്കെ നൃത്തം ചെയ്യുന്ന ജെമിമയുടെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ വൈറലായിരുന്നു.

## വിമർശകരുടെ വായടപ്പിച്ച് ജെമിമ

വനിതാ ലോകകപ്പ് ഫൈനലിലേക്ക് റെക്കോർഡ് റൺ ചേസോടെ ഇന്ത്യൻ ടീമിനെ എത്തിച്ചതിൽ പ്രധാനിയായ ജെമിമയ്ക്ക് പറയാനുള്ളത് താൻ ഒരിക്കൽ നേരിട്ട കടുത്ത വിമർശനങ്ങളുടെയും പരിഹാസത്തിന്റെയും പരാജയങ്ങളുടെയും സൈബർ ആക്രമണങ്ങളുടെയും കഥയാണ്. ഗിത്താർ വായിച്ച് പാട്ടും പാടി പൊട്ടിച്ചിരിക്കുന്ന റീൽസിട്ട് നടന്ന ജെമിമ സമൂഹമാധ്യമങ്ങളിൽ നേരിട്ട വിമർശനങ്ങൾ ചെറുതല്ല. കായിക താരങ്ങൾ ഇങ്ങനെ ചിരിച്ച് മറിഞ്ഞ് നടക്കേണ്ടവരല്ല, റീൽസെടുക്കാതെ റൺസെടുത്ത് കാണിക്ക് എന്നായിരുന്നു സമൂഹമാധ്യമങ്ങളിൽ നിറഞ്ഞ ആക്ഷേപങ്ങളിൽ പ്രധാനം. ടീം തോൽക്കുമ്പോഴും ജെമിമയെ ചിരിച്ച മുഖത്തോടെ കാണുന്നുവെന്നായിരുന്നു മറ്റൊരു വിമർശനം.

> ഗിത്താർ വായിച്ച് പാട്ടും പാടി പൊട്ടിച്ചിരിക്കുന്ന റീൽസിട്ട് നടന്ന ജെമിമ സമൂഹമാധ്യമങ്ങളിൽ നേരിട്ട വിമർശനങ്ങൾ ചെറുതല്ല

സന്തോഷമുള്ള മുഖഭാവവുമായി പൊതുവിടത്തിൽ പ്രത്യക്ഷപ്പെടുന്നത് ശരിയല്ലെന്നെല്ലാം ആളുകൾ വിധിയെഴുതി. ലോകകപ്പിലും ജെമിമയുടെ യാത്ര ഒട്ടും എളുപ്പമായിരുന്നില്ല. ശ്രീലങ്കയ്ക്കും ദക്ഷിണാഫ്രിക്കയ്ക്കുമെതിരെ പൂജ്യത്തിന് പുറത്തായി. എക്സ്ട്രാ ബോളറെ ഇന്ത്യൻ ടീമിന് വേണ്ടപ്പോഴെല്ലാം ജെമിമയ്ക്ക് ബെഞ്ചിലായിരുന്നു സ്ഥാനം. എല്ലാ വിമർശനങ്ങൾക്കും ജെമിമയുടെ ബാറ്റ് മറുപടി പറഞ്ഞ ദിവസമായിരുന്നു സെമി ഫൈനലിൽ. 134 പന്തിൽ 127 റൺസുമായി ഡി.വൈ.പാട്ടീൽ സ്റ്റേഡിയത്തിൽ ജെമിമ നിറഞ്ഞു. വനിതാ ഏകദിന ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ റൺ ചേസ്. അതും ഏഴുതവണ ചാംപ്യന്മാരായ ഓസ്ട്രേലിയയ്ക്കെതിരെ. കടുത്ത സമ്മർദത്തെ അലിയിച്ച് കളഞ്ഞ് ജെമിമയുടെ ബാറ്റിൽ നിന്നും പിറന്നത് 14 ഉഗ്രൻ ഫോറുകളാണ്. ജയം അസാധ്യമെന്ന് കരുതിയിരുന്നവരെയും ആഘോഷം തുടങ്ങിയ ഓസീസ് ഡ്രസിങ് റൂമിനെയും ഞെട്ടിച്ച് ഒൻപതു പന്ത് ബാക്കി നിൽക്കെ ഓസ്ട്രേലിയ ഉയർത്തിയ 339 റൺസെന്ന വിജയലക്ഷ്യം ഇന്ത്യ മറികടന്നു. റീൽസെടുക്കാൻ മാത്രമല്ല, അതേ താളത്തിൽ റൺസടിക്കാനും അറിയാമെന്ന് താരം തെളിയിച്ചു.

## അച്ഛനെ ചൊല്ലിയും വിവാദം! പുറത്താക്കപ്പെട്ടത് പ്രിയപ്പെട്ട അക്കാദമിയിൽ നിന്ന്

കായികതാരമെന്ന നിലയിൽ തന്റെ വളർച്ചയിൽ കടപ്പെട്ടിരിക്കുന്നത് പിതാവിനോടാണെന്ന് ജെമിമ എപ്പോഴും പറയാറുണ്ട്. പക്ഷേ, അതേ പിതാവിന്റെ പേരിലും ജെമിമയ്ക്ക് കായിക ലോകത്തിൽ തിരിച്ചടികൾ നേരിട്ടു. പരിശീലനം നടത്തിവന്ന ക്രിക്കറ്റ് അക്കാദമിയിൽ നിന്നുവരെ ജെമിമ പുറത്താക്കപ്പെട്ടു. ജെമിമയുടെ പിതാവ് മതപരിവർത്തനം ചെയ്യുന്നുവെന്ന ആരോപണത്തെ തുടർന്ന് മുംബൈയിലെ പഴക്കമേറിയ ക്ലബ്ബുകളിലൊന്നായ ഖാർ ജിംഖാനയിൽ നിന്നാണ് താരത്തിനെതിരെ നടപടി നേരിട്ടത്. ജെമിമയുടെ പിതാവ് ക്ലബ്ബുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ മതപരമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെന്ന ആരോപണങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു നടപടി. ജെമിമയുടെ പിതാവ് ഇവാന്റെ നേതൃത്വത്തിൽ ക്ലബ്ബിന്റെ പരിസരപ്രദേശങ്ങളിൽ ഉൾപ്പെടെ മതപരമായ പരിപാടികൾ സംഘടിപ്പിക്കുന്നതായും മതപരിവർത്തനത്തിന് ഉൾപ്പെടെ വഴിയൊരുക്കുന്നതായുമാണ് ആരോപണം ഉയർന്നത്.

ഇതിനെതിരെ അംഗങ്ങളിൽ ഒരു വിഭാഗം ശക്തമായ നിലപാടെടുത്തതോടെയാണ് ഇന്ത്യൻ താരത്തിന്റെ അംഗത്വം റദ്ദാക്കാൻ ക്ലബ്ബിന്റെ വാർഷിക പൊതുയോഗം തീരുമാനിച്ചത്. കഴിഞ്ഞ വർഷം ഒക്ടോബറിലെ വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തവർ പാസാക്കിയ പ്രമേയത്തിലൂടെ, ജെമിമ റോഡ്രിഗസിന് നൽകിയിരുന്ന മൂന്നു വർഷത്തെ ഓണററി മെംബർഷിപ് റദ്ദാക്കുകയായിരുന്നു. 2023ലാണ് ഖാർ ജിംഖാന ജെമിമ റോഡ്രിഗസിനെ ക്ലബ്ബിന്റെ ഭാഗമാകാൻ ക്ഷണിച്ചത്. മൂന്നു വർഷത്തെ ഓണററി അംഗത്വവും പരിശീലനത്തിന് ഉൾപ്പെടെ ക്ലബ്ബിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള അവസരവുമാണ് ജെമിമയ്ക്ക് ലഭിച്ചിരുന്നത്. പുറത്താക്കപ്പെട്ടതിന് പിന്നാലെ വലിയ വിമർശനങ്ങളാണ് ജെമിമയ്ക്കും പിതാവിനും നേരിടേണ്ടി വന്നത്. പക്ഷേ, അവയോടൊന്നുംതന്നെ ഈ കായിക കുടുംബം പ്രതികരിച്ചിരുന്നില്ല.

***(കുവൈത്തിൽ നഴ്സായി ജോലി നോക്കുന്നു ലേഖകൻ).***



*കുടുംബം: അച്ഛൻ ഇവാൻ റോഡ്രിഗസ്, അമ്മ ലവിത, സഹോദരന്മാരായ എനോക്ക്, ഏലി, ജെമിമ റോഡ്രിഗസ്*

# സകലതും നന്മയ്ക്കായി

**ജീവിതത്തിന്റെ തുടക്കത്തിലേ ദൈവത്തിന്റെ കൃപ**: ദൈവമേ അങ്ങയുടെ അവർണനീയമായ ദാനത്തിന് സ്തുതി! എന്റെ ജീവിതം ആരംഭിച്ചതുതന്നെ ദൈവത്തിന്റെ അത്ഭുതമായ കൃപയിലൂടെയാണ്. മാർച്ചിൽ ഏഴാം മാസത്തിൽ ജനിച്ച ഞാൻ, കാലിന് സ്വാധീനക്കുറവും നടക്കാൻ പറ്റാത്ത അവസ്ഥയും അലർജി രോഗവും അനുഭവിച്ചവളാണ്. മെഡിക്കൽ ശാസ്ത്രം പോലും ഉറപ്പ് നൽകാൻ കഴിയാത്ത അവസ്ഥയിൽ, എന്റെ മാതാപിതാക്കൾക്കും കുടുംബത്തിനും വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. സ്കൂളിൽ പോകാനും കൂട്ടുകാരോടൊപ്പം കളിക്കാനും കഴിയാത്ത അവസ്ഥയിൽ, ഈശോയുടെ സ്നേഹം എന്നെ ആഴത്തിൽ സ്പർശിച്ചു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" എന്ന തിരുവചനം എന്റെ ജീവിതത്തിൽ സാക്ഷ്യമായി. ദൈവം എന്നെ സൃഷ്ടിച്ചതാണ്, അവിടത്തെ പദ്ധതിയിൽ ഞാൻ ഉൾപ്പെട്ടവളാണ് എന്ന ബോധ്യം എനിക്ക് ശക്തി നൽകി.



**കഴിവുകൾ വഴി ദൈവത്തെ മഹത്ത്വപ്പെടുത്തൽ**: ശാരീരിക പോരായ്മകൾ എന്നെ തളർത്തിയില്ല; മറിച്ച് ദൈവം കൊച്ചു കൊച്ചു കഴിവുകൾ നൽകി. പാട്ട് പാടാനുള്ള കഴിവ്, പുസ്തകങ്ങൾ വായിക്കാനും ദൈവവചനം പഠിക്കാനും എഴുതാനുമുള്ള താത്പര്യം. all these became tools of grace. വിശുദ്ധ അഗസ്റ്റിൻ പറഞ്ഞതുപോലെ, "പാടുന്നവൻ ഇരട്ടി പ്രാർഥിക്കുകയാണ് ചെയ്യുന്നത്" എന്നത് എന്റെ ജീവിതത്തിൽ യാഥാർഥ്യമായി. ദുഃഖങ്ങൾ വന്നപ്പോൾ പാട്ട് കേൾക്കുമ്പോൾ ലഭിച്ച ശാന്തത ദൈവത്തിന്റെ സ്നേഹത്തിന്റെ തെളിവാണ്. ഈശോയെ അനുഭവിച്ചറിയാൻ വചനത്തിലൂടെ എനിക്ക് സാധിച്ചു. സമ്പൂർണ ബൈബിൾ രണ്ട് പ്രാവശ്യം വായിക്കാനുള്ള കൃപയും ദൈവം നൽകിയിട്ടുണ്ട്.

**വിശുദ്ധ കുർബാനയും ആത്മീയ വളർച്ചയും**: കുഞ്ഞുനാളിൽ തന്നെ വിശുദ്ധ കുർബാനയെ സ്നേഹിച്ചവളാണ് ഞാൻ. സ്കൂൾ കാലത്ത് എല്ലാ ദിവസവും കുർബാനയിൽ പങ്കെടുക്കുന്നത് പതിവായിരുന്നു. ഒരു ദിവസം കുർബാനയിൽ പങ്കുകൊള്ളാതെ പോയാൽ വലിയ നഷ്ടംപോലെ തോന്നുമായിരുന്നു. ഉയർന്ന പഠനത്തിനും ജോലിക്കുമായി വീടുവിട്ടപ്പോൾ ഈ ശീലം തെറ്റിയെങ്കിലും, അവധി ദിവസങ്ങളിൽ കുർബാനയിൽ പങ്കെടുക്കാൻ ശ്രമിക്കുന്നു. ദൈവവചനം ദിവസവും വായിക്കുകയും എഴുതി പഠിക്കുകയും ചെയ്യുന്ന ശീലവും ഈശോയുടെ അനുഗ്രഹമാണ്. "വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും" ദൈവത്തിൽ ആശ്രയിച്ച് പ്രതീക്ഷകളിൽ തളരാതെ മുന്നേറുക.

ഇന്നത്തെ തലമുറ ഇന്റർനെറ്റിന്റെ അമിത ഉപയോഗത്തിലൂടെ ലോകസുഖത്തിന്റെ പിന്നാലെ പോകുന്ന കാലഘട്ടത്തിലാണ്. എന്നാൽ, ഒരു ദിവസം കുറച്ചുസമയം ഈശോയ്ക്കുവേണ്ടി മാറ്റിവയ്ക്കാൻ നമുക്ക് കഴിയുമോ? വിശുദ്ധ കുർബാനയിൽ ശക്തി സ്വീകരിച്ച്, ദൈവവചനത്തിൽ വിശ്വസിച്ച്, നമുക്ക് മുന്നേറാം. "ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; ഓടിയാൽ തളരുകയില്ല, നടന്നാൽ ക്ഷീണിക്കുകയില്ല." ഒരു പോരായ്മയെ സന്ദേശമായും, സഹനം സാക്ഷ്യമായും, പരാജിതരെ വിജയമായും മാറ്റാൻ കഴിയുന്നത് ഈശോയ്ക്കു മാത്രമാണ്. എന്റെ ജീവിതം അതിന്റെ തെളിവാണ്.




**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**

# ക്രിസ്ത്യൻ മിഷണറിമാർ വന്നില്ലായിരുന്നെങ്കിൽ!

മ്യാൻമറിനോട് ചേർന്നുകിടക്കുന്ന ഇന്ത്യയുടെ വടക്കു കിഴക്കൻ ഭാഗങ്ങളിലെ സംസ്കാരം തുലോം വിഭിന്നമാണ്. ഇന്നും പഴയ ഗോത്ര സംസ്കാരത്തിൽ നിന്നും കാര്യമായി വ്യതിചലിക്കപ്പെടാത്ത അനേകം വിഭാഗങ്ങൾ അവിടെയുണ്ട്. ചൈന, മ്യാൻമർ, ഇന്ത്യ എന്നിങ്ങനെ മൂന്ന് രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടുപോയ ഗോത്രങ്ങളും ധാരാളം. അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം തുടങ്ങിയ സംസ്ഥാനങ്ങളിലായി വൈവിധ്യമാർന്ന ജീവിത ശൈലി പിന്തുടരുന്നവർ ജീവിച്ചു പോരുന്നു. ശത്രുപക്ഷ ത്തിന്റെ തലയെടുക്കുന്നത് അഭിമാനകരമായി കാണുകയും കൂടുതൽ തലയോട്ടികൾ കൈവശമുള്ളവരെ ധീരന്മാരായി വാഴ്ത്തുകയും ചെയ്യുന്ന ഒരു ജീവിതശൈലിയിൽ തുടർന്നു പോന്നിരുന്ന ജനം. ഒരു പ്രത്യേക സാഹചര്യത്തിൽ ആരോ ചില അതിരുകൾ നിശ്ചയിച്ചപ്പോൾ അതൊരു രാജ്യാതിർത്തിയായി മാറിയെങ്കിലും അത്തരമൊരു ദേശീയതയിൽ മനസ്സുറപ്പിക്കാൻ കഴിയാതെ, പൗരത്വത്തിനു നാം കൽപിക്കുന്നത് പോലുള്ള പ്രാധാന്യം അവരിൽ ഉണ്ടോയെന്ന് സംശയം തോന്നാം.

വടക്കുകിഴക്കൻ മേഖലയിലെ എണ്ണമറ്റ ഗോത്രങ്ങൾ ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുവരെ തലയെടുക്കൽ ജീവിതത്തിന്റെ ഭാഗമായി കൊണ്ടുനടന്നിരുന്നവരാണ്. ഇന്നും പലയിടങ്ങ ളിലും യാതൊരുവിധ സൗകര്യങ്ങളുമില്ലാതെ ഒരു നൂറ്റാണ്ടെ ങ്കിലും പുറകിലാണ് എന്നതാണ് യാഥാർഥ്യം. പക്ഷേ, ശത്രു സംഹാരം അധാർമികമാണെന്ന പൊതുബോധത്തിലേക്ക് എത്തിച്ചേരാൻ ഏറെക്കുറെ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഉയർന്ന മലനിരകളിൽ വാഹനസൗകര്യം ഇല്ലാതെയും കാടും മരവും മുളയും ചേർത്തുണ്ടാക്കിയ അസൗ കര്യം നിറഞ്ഞ വീടുകളിലുമാണ് ഇപ്പോഴും അനേകർ താമസിക്കുന്നത്. പഴയ ഗോത്ര ശൈലിയുടെ അധാർമിക രീതികളെ മാറ്റിയെ ടുക്കാൻ ഇവരെ സഹായിച്ചത് മിഷണറിമാ രുടെ പ്രവർത്തനമാണ്. ജീവൻ പണയംവച്ച് അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് മനുഷ്യ ജീവന്റെ വില ബോധ്യപ്പെടുത്തുകയും എല്ലാ വരും ദൈവത്തിന്റെ മക്കളാണെന്ന അവ ബോധം നൽകുകയും ചെയ്തു. നിരവധി സ്ഥലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. ക്രിസ്തുവിന്റെ സ്നേഹം അനേ കരിൽ പ്രകാശിച്ചു. മിഷണറിമാർ അവിടെ ചെന്നെത്തിയില്ലായിരുന്നെങ്കിൽ ഗോത്രാചാര ങ്ങളുടെ ഭീകരതയിൽ ഇന്നും അവർ കുടുങ്ങി ക്കിടക്കുമായിരുന്നു. ഇപ്പോഴും മനുഷ്യരെ വേട്ട യാടാൻ പഠിപ്പിക്കുന്ന കേന്ദ്രങ്ങളുടെ അവശേ ഷിപ്പുകൾ അതിർത്തി ഗ്രാമങ്ങളിൽ പലയിടങ്ങ ളിലും സ്ഥിതി ചെയ്യുന്നുണ്ട്. മിഷണറിമാരുടെ സാന്നിധ്യം ഇല്ലായിരുന്നെങ്കിൽ അവിടങ്ങളിലെ ഇന്നത്തെ അവസ്ഥ എന്താകുമായിരുന്നെന്ന് നമുക്ക് ഊഹിക്കാൻ പോലും കഴിയുകയില്ല.



**അവസാനത്തെ തലവേട്ടക്കാർ**: ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിലെ ഗോത്രവർഗക്കാരായ കൊന്യാക്കുകൾ 1960കൾ വരെ തലവേട്ട നടത്തിയിരുന്നു. തങ്ങളുടെ വീട്ടുവാതിൽക്കൽ ശത്രുക്കളുടെ കൊയ്തെടുത്ത തലയോട്ടികൾ അഭിമാനത്തോടെ പ്രദർശിപ്പിച്ചുമിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങളും, തുടർന്നുണ്ടായ നിയമപരമായ നിരോധനവും മൂലമാണ് ഈ നരഹത്യയ്ക്കന്ത്യമുണ്ടായത്. മുമ്പത്തെ തലവേട്ടക്കാരുടെ യോദ്ധാക്കളിൽ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്.



# പ്രബോധനങ്ങൾ വഴിവിളക്കാകുമ്പോൾ

വിശ്വാസത്തിന്റെ നിക്ഷേപങ്ങൾ എന്ന് പറയുന്നത് ദൈവവചനം, വിശുദ്ധ പാരമ്പര്യങ്ങൾ, സഭയുടെ പ്രബോധനങ്ങൾ എന്നിവയാണ്. ഇവ മൂന്നും ചേർന്നാണ് ആരാധനാക്രമം രൂപംകൊള്ളുന്നത്. ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ഭക്തിയും ആത്മീയതയുമാണ് നമ്മിൽ രൂപപ്പെടേണ്ടത്. എന്നാൽ, ഇതിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലും അനുഭവത്തിലൂടെയോ, മറ്റൊരു വ്യക്തിക്കുണ്ടായ അനുഭവം, ബോധ്യം എന്നിവയിൽനിന്ന് ഉരുതിരിഞ്ഞതിന്റെ അനുകരണമോ ആയി ആത്മീയതയെ കെട്ടിപ്പടുക്കാൻ ശ്രമിക്കുമ്പോൾ അത് വ്യതിചലിച്ചു പോകാൻ സാധ്യതയുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും അടങ്ങുന്ന ത്രിത്വൈക ദൈവമാണ് സർവ കൃപാവരങ്ങളുടെയും ഉറവിടം. ആരിലൂടെ പ്രാർഥിച്ചാലും എല്ലാ അനുഗ്രഹളും ആ ഉറവിടത്തിൽ നിന്നാണ് പുറപ്പെടുന്നത്. ചിലപ്പോഴെങ്കിലും ഇതു തിരിച്ചറിയാതെ പോകുന്നതാണ് പ്രശ്നം. ത്രിത്വൈക ദൈവത്തിൽതന്നെ ഈശോയോടാണ് നാം ഏറ്റവും കൂടുതൽ പ്രാർഥിക്കുന്നത്. കാരണം ഈശോ നമ്മിൽ ഒരുവനായി മാറിയത് കാരണമാണ്. നമ്മുടെ പ്രാർഥനയിൽ നാം ഏറ്റവും കുറച്ച് ഉപയോഗിക്കുന്ന നാമമാണ് പരിശുദ്ധാത്മാവിന്റേത്. എപ്പോഴും പ്രവർത്തനനിരതമായ ദൈവിക ചൈതന്യത്തിന്റെ ഇടപെടലുകളെ എന്തുകൊണ്ടോ നാം വേണ്ടവിധത്തിൽ നമ്മുടെ പ്രാർഥനകളിലും ജീവിതത്തിലും ഉൾപ്പെടുത്തുന്നില്ല എന്നത് ഒരു യാഥാർഥ്യമാണ്. ധ്യാനാവസരത്തിൽ വരദാന ഫലങ്ങൾക്കുവേണ്ടിയുള്ള തീവ്രമായ പ്രാർഥനയിൽ ആയിരിക്കാം ഒരുപക്ഷേ നാം പരിശുദ്ധാരൂപിയുടെ നാമം ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത്. ഭയം മൂലമോ സ്വന്തം അയോഗ്യതയെ പറ്റിയുള്ള ചിന്തയാലോ ഒക്കെയാകാം ഈ അകൽച്ച. അതുകൊണ്ടാകും ഭക്തി പുണ്യാത്മാക്കളിലേക്കായി ഒതുങ്ങി പോകാൻ കാരണം.

ലിയോ പതിനാലാമൻ പാപ്പ 'മാത്തെർ പോപ്പുലി ഫിദെലിസ്" എന്ന അപ്പസ്തോലിക പ്രബോധന രേഖ പ്രസിദ്ധീകരിച്ചതിനുശേഷം, തുടർന്നുണ്ടായ സംശയങ്ങൾക്ക് ദൈവ ശാസ്ത്രജ്ഞന്മാർ വേണ്ടവിധം മറുപടി നൽകി. ദൈവമാതാവ്, സഹരക്ഷക, മധ്യസ്ഥ തുടങ്ങിയ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന അർഥതലങ്ങൾ ദൈവശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോൾ ഒരുപാട് വ്യതിചലിച്ചു പോകാനുള്ള സാധ്യതകളെ മുൻനിർത്തിയാണ് സഭ വ്യക്തമായ നിർദേശം നൽകിയത്. ഉദാഹരണമായി ദൈവമാതാവ് എന്ന വാക്കിന്റെ അർഥം എടുക്കുമ്പോൾ ത്രിത്വൈക ദൈവത്തിന്റെ മാതാവ് എന്ന് തെറ്റായി വ്യാഖ്യാനിക്കാം. വാസ്തവത്തിൽ ക്രിസ്തുവിന്റെ മാതാവാണ് പരിശുദ്ധ കന്യകാമറിയം. ക്രിസ്തു ദൈവമായതുകൊണ്ട് പരിശുദ്ധ കന്യകാമറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നു. സഹരക്ഷക എന്ന് പറയുമ്പോൾ ക്രിസ്തുവിന്റെ രക്ഷ പൂർണമായത് മാതാവിന്റെ പങ്കാളിത്തം കൂടി ഉള്ളതുകൊണ്ടാണ് എന്ന് വ്യാഖ്യാനിക്കാം. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥൻ ക്രിസ്തുവാണെന്നു വചനം പറയുന്നു. വാക്കുകളുടെ അർഥതലങ്ങൾ തെറ്റായ വ്യാഖ്യാനങ്ങൾക്കും നിലപാടുകൾക്കും കാരണമാകുന്നു.

ആരാധന ദൈവത്തിലേക്ക് എത്താൻ പരിശുദ്ധ കന്യകാമറിയവും വിശുദ്ധരും നമ്മെ സഹായിക്കുകയാണ് ചെയ്യുന്നത്. അവരിലൂടെ പ്രവർത്തിക്കുന്നത് ദൈവമാണ്. എന്നാൽ, ഭക്തിയുടെ വർധനവിൽ, അനുഗ്രഹങ്ങൾ പുറപ്പെടുന്നത് അവരിൽ നിന്നാണെന്ന ധാരണയിലേക്ക് ചിലരെങ്കിലും എത്തിച്ചേരുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുണ്യവാൻ തരുമെന്ന് പറയുന്നതും പുണ്യവാൻ വഴി എനിക്കു കിട്ടുമെന്ന് പറയുന്നതും തമ്മിലുള്ള വ്യത്യാസം നോക്കുക. അപേക്ഷകളും യാചനകളും നിരന്തരമായി വിശുദ്ധരിൽ മാത്രം കേന്ദ്രീകരിക്കുമ്പോൾ യഥാർഥമായ ദൈവത്തിന്റെ നാമം പോലും മറവിയിലേക്ക് പോകുന്നു. യഥാർഥ ആരാധനയായ പരിശുദ്ധ കുർബാനയെക്കാൾ ഉപരി വിശുദ്ധരുടെ പേരിലുള്ള നൊവേനയിലേക്കും നേർച്ച കാഴ്ചകളിലേക്കും അതു വഴിമാറുന്നു. അന്ധന്മാർ ആനയെ കാണുന്നതുപോലെയുള്ള അവസ്ഥയിലേക്ക് ദൈവാരാധന എത്തിച്ചേരുന്നു.


പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധരോടുമുള്ള വണക്കം ഒരുപോലെയല്ല. പരിശുദ്ധം, വിശുദ്ധം എന്ന് പറയുന്ന വ്യത്യാസം. പരിശുദ്ധ കന്യകാമറിയത്തിന് വിശുദ്ധർക്ക് ഉപരിയായ വണക്കം നൽകുന്നു. ലത്തീനിലും ഇംഗ്ലീഷിലും ഒക്കെ പ്രത്യേക പദങ്ങൾ ഉണ്ടെങ്കിലും മലയാളഭാഷയിൽ അത് വേർതിരിച്ചറിയാനുള്ള പദമില്ല. ചുരുക്കത്തിൽ വണക്കത്തെയും, ഉപരിവണക്കത്തെയും ആരാധനയായി മാറ്റാതിരുന്നാൽ മതി. അത്തരമൊരു സാഹചര്യത്തിലേക്ക് കടന്നുപോകാതിരിക്കാനാണ് പ്രബോധന രേഖയിലൂടെയുള്ള പാപ്പയുടെ നിർദേശം. മറ്റെല്ലാ അനുഷ്ഠാനങ്ങൾക്കും ഉപരിയായി വിശുദ്ധ കുർബാന കേന്ദ്രീകരിച്ചുള്ള ആത്മീയത നാം വളർത്തിയെടുത്താൽ എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെടും.


***സണ്ണി കോക്കാപ്പിള്ളിൽ: കെയ്റോസ് മാസികയുടെ അസോസിയേറ്റ് എഡിറ്റർ, താമസം കോഴിക്കോട്. ഭാര്യ ജാൻസി, രണ്ട് മക്കൾ.***

# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.






# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

RNI No.KERMAL/2002/12027, Date of publication: 01/12/2025, ₹50.00




SUB SCR IBE!
TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | www.jykairosmedia.org

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662